
വാല്യം 67

ആലങ്ങാട് ബ്ലോക്ക്

(എറണാകുളം ജില്ല)

1. കരുമാല്ലൂർ
2. വരാപ്പുഴ
3. ആലങ്ങാട്
4. ഏലൂർ
5. കടുങ്ങല്ലൂർ

കരുമാല്ലൂർ ഗ്രാമപഞ്ചായത്ത്



ജനകീയാസൂത്രണം

സമഗ്രവികസന റിപ്പോർട്ട് -'96

കരുമാല്ലൂർ ഗ്രാമപഞ്ചായത്ത്


9-ാം പദ്ധതി - ജനകീയ പദ്ധതി


വികസന റിപ്പോർട്ട് '96

തയ്യാറാക്കിയത്

ജനകീയാസൂത്രണസമിതി

കരുമാല്ലൂർ ഗ്രാമപഞ്ചായത്ത്


കരുമാല്ലൂർ
പെരിയാർവാലി കനാൽ
ലിഫ്റ്റ് ഇറിഗേഷൻ
ജലസംഭരണി.
തോടുകൾ.
ആലുവ-പറവൂർ റോഡ്.
കുളങ്ങൾ
പെരിയാർ
പെരിയാർ
1
2
3
4
5
6
7
8
9
10
11
12


കരുമാല്ലൂർ
V. വ്ചക്കറി
C. തെങ്ങ്
P. നെല്ല്
R. റബ്ബർ.
PP. പൊക്കുളി കുഴി
A.R. കൈത.
T.A. കപ്പ.
PL തോട്ടം.
N
1
2
3
4
5
6
7
8
9
10
11
12

കരുമാല്ലൂർ ഗ്രാമപഞ്ചായത്ത്

9–ാം പദ്ധതി – ജനകീയ പദ്ധതി

വികസന റിപ്പോർട്ട് '16

പൊതുവിവരങ്ങൾ

1. പഞ്ചായത്തിന്റെ പേര്	:	കരുമാല്ലൂർ ഗ്രാമപഞ്ചായത്ത്
2. റവന്യൂ വില്ലേജ്	:	കരുമാല്ലൂർ, ആലുവ വെസ്റ്റ്
3. താലൂക്ക്	:	പറവൂർ
4. ജില്ല	:	എറണാകുളം
5. വിസ്തീർണ്ണം	:	21.5 ച.കി.മീ.
6. ജനസംഖ്യ	:	32063
പുരുഷന്മാർ	:	16028
സ്ത്രീകൾ	:	16035
7. വാർഡുകൾ	:	12
പൊതുവാർഡ്	:	7
വനിതാസംവരണം	:	3
പട്ടികജാതി / വനിതാസംവരണം	:	1
പട്ടികജാതി / സംവരണം	:	1

8. ബ്ലോക്ക് പഞ്ചായത്ത് : ആലങ്ങാട്

ഡിവിഷൻ / അംഗം :

(കരുമാല്ലൂർ വെസ്റ്റ് : ശ്രീ. പി.ആർ. രഘു, ബ്ലോക്ക് പഞ്ചാ. പ്രസിഡന്റ്

കരുമാല്ലൂർ ഈസ്റ്റ് : ശ്രീ. വി.എ. കുഞ്ഞു മുഹമ്മദ്

9. ജില്ലാ പഞ്ചായത്ത് ഡിവിഷൻ / അംഗം : കരുമാല്ലൂർ

അഡ്വ: ശ്രീ. അയൂബ് ഖാൻ

10. അസംബ്ലി നിയോജകമണ്ഡലം / അംഗം : പറവൂർ

ശ്രീ. പി. രാജു

11. പാർലിമെന്റ് മണ്ഡലം / അംഗം : എറണാകുളം

ശ്രീ. സേവ്യർ അറക്കൽ

12. അതിരുകൾ

വടക്ക് : പെരിയാർ

കിഴക്ക് : പെരിയാർ, ആലുവ നഗരസഭ

തെക്ക് : കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്

ആലങ്ങാട് ഗ്രാമപഞ്ചായത്ത്

പടിഞ്ഞാറ് : ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത്

കോട്ടുവള്ളി ഗ്രാമപഞ്ചായത്ത്

13. പ്രസിഡന്റ് : ശ്രീ. ഇ.സി. ദേവൻ

14. വൈസ് പ്രസിഡന്റ് : ശ്രീ. പി.കെ. അബ്ദുൾ കരീം

15. സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ : ശ്രീ. സുനിൽ വടക്കേവീട്ടിൽ

കരുമാല്ലൂർ ഗ്രാമപഞ്ചായത്ത് – ഭരണസമിതി

പ്രസിഡന്റ്	:	ശ്രീ ഇ.സി. ദേവൻ ഏത്രക്കുഴി, അരീപ്പാടം, വെളിയത്തുനാട്.	വാർഡ് 5
വൈസ് പ്രസിഡന്റ്	:	ശ്രീ. പി.കെ. അബ്ദുൾ കരീം ഐക്കരക്കുടി, യു.സി. കോളേജ്.	2
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ	:	ശ്രീ. വി.എൻ. സുനിൽ വടക്കേവീട്, കരുമാല്ലൂർ	7
അംഗങ്ങൾ	:	1.ശ്രീ. ബി.ടി. ബാബു ബാവേലിൽ, വെളിയത്തുനാട്, യു.സി.സി. പി.ഒ.	3
		2. ശ്രീമതി. സെൽമ അലി പറയംപറമ്പിൽ, വെളിയത്തുനാട്.	4
		3. ശ്രീ. വർക്കിച്ചൻ മേനാച്ചേരി, കരുമാല്ലൂർ.	5
		4. ശ്രീ. ഉഷ സുകുമാരൻ ചെട്ടിപ്പറമ്പിൽ വീട്, കരുമാല്ലൂർ.	8
		5. കുമാരി അജിതാ ചോതി പത്തുപറമ്പിൽ വീട്, കരുമാല്ലൂർ.	9
		6. ശ്രീമതി വത്സാ ജോർജ്ജ് കല്ലൂർ വീട്, മാഞ്ഞാലി, കരുമാല്ലൂർ.	10
		7. ശ്രീ. സി.എം. ഹംസ ചന്തത്തോപ്പിൽ വീട്, മാഞ്ഞാലി, മന്നം പി.ഒ.	11
		8. ശ്രീ. അബ്ദുൾ ഖാദർ അഞ്ചുപറമ്പിൽ വീട്, മാട്ടുപുറം, മാഞ്ഞാലി, മന്നം പി.ഒ.	12

ഒന്നാം വാർഡ് സീറ്റൊഴിവ്

ഉള്ളടക്കം

1. ഒരു വാക്ക്
2. ആമുഖം
3. സാമൂഹ്യ സാംസ്കാരിക ചരിത്രം 1
4. ഭൂപ്രകൃതിയും വിഭവങ്ങളും 6
5. വികസന റിപ്പോർട്ട് - ലഘു കവിത 8
6. വികസനതുറകളെ കുറിച്ചുള്ള അവലോകനം
    1. കൃഷിയും ജലസേചനവും 9
    2. മൃഗപരിപാലനവും മത്സ്യബന്ധനവും 20
    3. വിദ്യാഭ്യാസം 27
    4. കുടിവെള്ളം - പൊതുജനാരോഗ്യം 37
    5. വ്യവസായം 47
    6. ഊർജ്ജം -ഗതാഗതം 52
    7. ഭവനനിർമ്മാണം - സാമൂഹ്യക്ഷേമം 61
    8. സംസ്കാരം 70
    9. വനിതാക്ഷേമം 75
    10. സഹകരണം - മേഖല 79
    11. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം 82
    12. വിഭവ സമാഹരണം 87

നന്ദി

ഒരു വാക്ക്.....

ചരിത്രത്തിന്റെ ഏടുകളിൽ എന്നും ജനകീയ പ്രസ്ഥാനങ്ങൾക്ക് സ്ഥാനം കല്പിച്ചിട്ടുള്ള കൊച്ചുകേരളത്തിൽ,9-ാം പഞ്ചവത്സരപദ്ധതിക്കും ജനകീയ വൽക്കരണം നൽകുകയാണ്. കേരളത്തിലെ മറ്റെല്ലാ പഞ്ചായത്തുകളിലും നടക്കുന്നതു പോലെ കരുമാല്ലൂർ ഗ്രാമപഞ്ചായത്തിലും ജനകീയാസൂത്രണപ്രസ്ഥാനത്തിന് രൂപം കൊടുത്തിട്ടുണ്ട്. 12 വാർഡുകളിലും ഗ്രാമസഭകൾ വിളിച്ചു ചേർത്തു. വികസന പ്രവർത്തനങ്ങളുടെ ആവശ്യങ്ങളെ മുഖാമുഖം ചർച്ച ചെയ്ത് തീരുമാനങ്ങളെടുത്തു. ഉരുത്തിരുഞ്ഞു വന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ക്രോഡീകരിച്ചു. പഠനപര്യടനം നടത്തി. വിവരങ്ങൾ ശേഖരിച്ചു. ഒരു മനസ്സും ഒരേ ചിന്തയുമായി ഒരു കൂട്ടം മനുഷ്യർ ചികത്തെടുത്ത വികസന റിപ്പോർട്ട് നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്നു. അനിവാര്യമായ ആവർത്തന വിരസത കണ്ടേക്കാം. പക്ഷെ ഒന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആവലാതികളും പരിദേവനങ്ങളും അവർക്ക് മനസ്സിലുദിച്ച പരിഹാരമാർഗ്ഗങ്ങളും ഈ കൈപുസ്തകത്തിൽ ഒതുങ്ങിയിട്ടുണ്ട്. ഫലവത്താകുമെന്ന പ്രത്യാശയോടെ, കൂട്ടായ ഈ യജ്ഞത്തിൽ സഹകരിച്ച ഒത്തിരി പേരുണ്ട്. പേരെടുത്ത്പറഞ്ഞ് അവരുടെ പ്രയത്നത്തെ ലഘൂകരിക്കുന്നില്ല. എല്ലാവരെയും നന്ദിപൂർവ്വം സ്മരിച്ചു കൊണ്ട്, സജ്ജീവചർച്ചയ്ക്കും നിർദ്ദേശങ്ങൾക്കും വേണ്ടി ഈ വികസന റിപ്പോർട്ട് സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം

ഇ.സി. ദേവസി

പ്രസിഡന്റ് & ചെയർമാൻ

കരുമാല്ലൂർ ഗ്രാമപഞ്ചായത്ത് - ഓഫീസ് ജീവനക്കാർ

സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി	:	ശ്രീമതി എം. മേരിക്കുട്ടി
ഹെഡ് ക്ലാർക്ക്	:	ശ്രീ. പി. മനോഹരൻ പിള്ള
യു.ഡി. ക്ലാർക്ക്	:	ശ്രീ. വി.ജി. ശശിധരൻ
		ശ്രീമതി കെ.എ. സെലീമ
ലോവർഡിവിഷൻ ക്ലാർക്ക്	:	ശ്രീമതി എ.ബി. ഷേർളി
		ശ്രീ. വി.യു. അബ്ദുൾ കരീം
		ശ്രീ. കെ.സി. ബാബു
പ്യൂൺ	:	ശ്രീമതി കെ. ലീല
		ശ്രീ. ടി.കെ. മുഹമ്മദ്
ഫുൾടൈം സ്വീപ്പർ	:	ശ്രീമതി കെ. സാറ
		ശ്രീ. കെ. തേവൻ
		കുമാരി പി.എ. സുലോചന
പാർട്ട് ടൈം ഫെറിമാൻ	:	ശ്രീ. കെ. പാപ്പു
		ശ്രീ. എ.കെ. രാധാകൃഷ്ണൻ

ആമുഖം

കൊച്ചു കേരളം വീണ്ടും ലോകശ്രദ്ധയാകർഷിക്കുന്നു. ആസൂത്രണ പ്രക്രിയയിൽ ഗുണഭോക്താക്കളായ ജനലക്ഷങ്ങളെ നേരിട്ടു പങ്കാളികളാക്കുന്ന ജനകീയാസൂത്രണത്തിലൂടെയാണ് ഈ നേട്ടം കൈവരിക്കുന്നത്.

പരിമിതമായ വിഭവങ്ങൾ കൊണ്ട് പരമാവധി പ്രയോജനം നേടാൻ കഴിയുന്ന പരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കലാണ് ആസൂത്രണം. ഭൗതികജീവിതത്തിന്റെ അടിസ്ഥാനോപാധികളുടെനീതിപൂർവ്വകമായ വിതരണവും ഇതിന്റെ ഭാഗമത്രേ. നിലവിലുള്ള കേന്ദ്രീകൃതാസൂത്രണ പ്രക്രിയയിൽ ഈ ലക്ഷ്യങ്ങൾ അഭിലഷണീയമായ വിധത്തിൽ നേടാൻ കഴിഞ്ഞിട്ടില്ല. വികേന്ദ്രീകൃതാസൂത്രണത്തിന്റെ പ്രസക്തി ഇവിടെയാണ്. ലക്ഷക്കണക്കിനു ഗ്രാമീണർ നേരിട്ടു പങ്കാളികളാകുന്ന ജനകീയാസൂത്രണം ഒരു പുതിയ പ്രഭാതത്തിന്റെ ഉദയത്തെ കുറിക്കുമെന്നതിൽ തെല്ലും സംശയമില്ല. ചരിത്രം ഐതിഹാസികമാകുന്ന ഈ മഹാസംരഭത്തിൽ നമ്മുടെ കൊച്ചു ഗ്രാമവും പങ്കാളിയാകുന്നു.

പെരിയാറിന്റെ പരിലാളനയിൽ കതിർക്കുടങ്ങൾ അണിഞ്ഞു നില്ക്കുന്ന നെല്പാടങ്ങളുടെ മനോഹാരിതയും പെരിയാറിന്റെയും ചാലക്കുടിപ്പുഴയുടെയും സംഗമം നൽകുന്ന ആത്മവിശുദ്ധിയും ഓംകാരധ്വനികളും ബാങ്കുവിളികളും പുലർകാലഗീതം പൊഴിക്കുന്ന പള്ളിമണികളുടെ മന്ദ്രസ്വനങ്ങളും ധന്യമാക്കന്ന ഈ ചെറുഗ്രാമത്തിൽ വികസനത്തിന്റെ സംഘടിത മേഖലകൾ ഇനിയും എത്തി നോക്കിയിട്ടില്ല.

ജനതയുടെ ആവശ്യങ്ങൾ പ്രാദേശികമായി പഠിച്ചും ചർച്ച ചെയ്തും ആവിഷ്ക്കരിക്കുന്ന ജനകീയാസൂത്രണസംരംഭം ഗ്രാമത്തിന്റെ മുഖച്ഛായ മാറ്റാൻ ഇടവരുത്തും. വികസനരംഗത്ത് ഇടത്തട്ടുകാരെ ഒഴിവാക്കിയും അഴിമതി തുത്തെറിഞ്ഞും ഗുണഭോക്താക്കൾ നേരിട്ടുകാര്യം നടത്തിയും ജനനന്മയ്ക്കു തങ്ങളുടെ സേവനം ലഭ്യമാക്കിയും സദ്ഫലങ്ങൾ കൊയ്തെടുത്തും മുന്നേറുന്ന ഒരു കർമ്മ മാർഗ്ഗം അംഗീകരിക്കുന്ന പുത്തൻ സംസ്കാരത്തിന്റെ മുന്നണിപ്രവർത്തകരാകാൻ എല്ലാ ഗ്രാമീണരും സ്വയം സഹകരിക്കുകയും മറ്റുള്ളവരെ സഹകരിപ്പിക്കുകയും വേണം. സ്വാതന്ത്ര്യത്തിന്റെ അർത്ഥവ്യാപ്തി തികച്ചും ഉൾക്കൊള്ളുന്ന ഈ വഴിക്കുള്ള പ്രവർത്തനങ്ങൾ കൂട്ടായ്മയിലൂടെ നമ്മുടെ പഞ്ചായത്തിലും മുന്നേറുന്നു.

കരുമാല്ലൂർ ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണ പ്രസ്ഥാനം – ഒരവലോകനം

			പങ്കെടുത്തവർ
സെപ്റ്റംബർ 5, 6, 7.	ജില്ലാതലപരിശീലനം	ഫെല്ലോഷിപ്പ് ഹൗസ് ആലുവ	16
12 . 9 . 96	പഞ്ചായത്ത് തല ഉദ്ഘാടനം പ്രവർത്തക പരിശീലനം	കരുമാല്ലൂർ FMCT HS	74
നവംബർ 5, 6, 7.	രണ്ടാം ഘട്ട ജില്ലാതല പരിശീലനം	SCS മേനോൻഹാൾ ഏലൂർ	
13 . 11 . 96	പഞ്ചായത്തുതല പ്രവർത്തക/ ഉദ്യോഗസ്ഥ യോഗം	സെന്റ് തോസ് ചർച്ച് പാരിഷ് ഹാൾ	82
26 . 11 . 96	പദ്ധതി അവലോകനം ഉദ്യോഗസ്ഥ – പ്രവർത്തകയോഗം	പഞ്ചായത്ത് ആഫീസ്	48
2 . 12 . 96	വികസന സെമിനാർ– സ്വാഗതസംഘരൂപീകരണയോഗം	കരുമാല്ലൂർ സർവ്വീസ് സഹകരണ ബാങ്ക്	62

ഗ്രാമസഭോപങ്കാളിത്തം

തീയതി	വാർഡ്	പുരുഷന്മാർ	സ്ത്രീകൾ	ആകെ
22 . 9 . 96	1	98	71	169
22 . 9 . 96	2	60	25	85
22 . 9 . 96	3	103	72	175
29 . 9 . 96	4	90	58	148
29 . 9 . 96	5	105	60	165
21 . 9 . 96	6	50	25	75
2 . 10 . 96	7	185	140	325
21 . 9 . 96	8	107	73	180
21 . 9 . 96	9	142	93	235
21 . 9 . 96	10	125	103	228
29 . 9 . 96	11	103	37	140
29 . 9 . 96	12	85	35	120
	ആകെ	1253	792	2045

ചരിത്ര - സാംസ്ക്കാരിക പശ്ചാത്തലം

ഏതൊരു ജനസമൂഹത്തിന്റെയും മുന്നോട്ടുള്ള പ്രയാണണത്തിൽ അതിന്റെ ചരിത്ര - സാംസ്ക്കാരിക പശ്ചാത്തലം ഗണ്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. നമ്മുടെ ഗ്രാമത്തിന്റെ പൈതൃകം തേടുമ്പോൾ, 12-ാം നൂറ്റാണ്ടിനു ശേഷമുള്ള കാലം പെരുമ്പടപ്പ് സ്വരൂപത്തിന്റെ (കൊച്ചി) ചരിത്രവുമായി ബന്ധപ്പെട്ടതാണെന്ന് കാണാം.

11-ാം നൂറ്റാണ്ടിൽ ഒരു വർഷം നീണ്ടു നിന്ന ചേര-ചോള യുദ്ധത്തിൽ ഭീതി പൂണ്ട കർഷകരും, പാവപ്പെട്ടവരും തങ്ങളുടെ കൃഷിഭൂമിയും ഇതരസ്വത്തുക്കളും ക്ഷേത്രങ്ങൾക്കും നമ്പൂതിരിമാർക്കും നല്കി. ഭൂമിയുടെ മൊത്തഅവകാശികളായിത്തീർന്ന അവർക്ക് നികുതി ഒഴിവും നല്കപ്പെട്ടു. യുദ്ധക്കെടുതികളും അവരെ ബാധിച്ചില്ല. കേരളത്തിൽ ബ്രഹ്മസ്വവും ദേവസ്വവും ഉണ്ടായതിങ്ങനെയാണ്.

പഴയന്നൂർ,' പൊന്നാനിയിലെ വന്നേരി, തിരുവഞ്ചിക്കുളം എന്നിവയായിരുന്നു വിവിധകാലങ്ങളിൽ പെരുമ്പടപ്പ് സ്വരൂപത്തിന്റെ ആസ്ഥാനങ്ങൾ. 1341-ലെ വെള്ളപ്പൊക്കത്തിൽ കൊടുങ്ങല്ലൂർ തുറമുഖം ഏക്കലടിഞ്ഞ് ഉപയോഗശൂന്യമായതും, കൊച്ചി തുറമുഖം വികസിച്ചതും, കോഴിക്കോട് സാമൂതിരിയുടെ ഭീഷണിയും മൂലം ആസ്ഥാനം പിന്നീട് കൊച്ചിയിലേക്ക് മാറ്റാൻ ഇടയായി. 1498ൽ കോഴിക്കോട്ടെത്തിയ വാസ്കോഡിഗാമ വ്യാപാര ബന്ധത്തിനു പുറമേ, രാജ്യകാര്യങ്ങളിലും ഇടപെടാൻ തുടങ്ങി.1502ൽ 20 കപ്പൽ നിറയെ പടയാളികളുമായി വന്ന് ഗാമ കൊച്ചിയിൽ ആധിപത്യം ഉറപ്പിക്കുകയും, കുരുമുളകും, ഏലവും മറ്റ് സുഗന്ധവ്യഞ്ജനങ്ങളും യഥേഷ്ടം കടത്തുകയും ചെയ്തു. 1503ൽ പോർച്ചുഗീസുകാരുടെ സഹായത്തോടു കൂടി ഇടപ്പള്ളി രാജാവിനേയും, സാമൂതിരിയേയും തോല്പിച്ച് മേൽകൈ നേടാനും കൊച്ചിക്ക് കഴിഞ്ഞു.

1505ൽ ഗണ്യമായ സ്വാധീനം നേടിയ പോർട്ടുഗീസുകാർ, കൊച്ചിയിൽ ഒരു വൈസ്രോയിയെ നിയമിക്കുകയും, ഇളയ താവഴിക്കാരെ ഭരണത്തിലെത്തിക്കുകയും ചെയ്തു. 1663ൽ സാമൂതിരിയുടേയും ഇടപ്പിള്ളി, കൊടുങ്ങല്ലൂർ രാജാക്കന്മാരുടേയും അഭ്യർത്ഥന അനുസരിച്ച് ഡച്ചുകാർ കൊച്ചി ആക്രമിച്ച് കീഴടക്കുകയും മൂത്ത താവഴിയിലെ വീരകേരളവർമ്മയെ രാജാവാക്കുകയും ചെയ്തു. കൊച്ചി പടത്തലവനും പ്രധാനമന്ത്രിയുമായിരുന്ന പാലിയത്തച്ചന്റെ പ്രതാപ കാലത്ത് പറവൂർ, ആലങ്ങാട്, വടക്കുംകൂർ രാജാക്കന്മാരെ ഡച്ചുകാർ തങ്ങളുടെ കീഴിലാക്കി. 1756ൽ സാമൂതിരി ആലങ്ങാട് ആക്രമിച്ച് തന്റെ വരുതിയിലാക്കി. 1762ൽ തിരുവിതാംകൂർ സൈന്യത്തിന്റെ സഹായത്തോടെ കൊച്ചി രാജാവ് സാമൂതിരിയെ തോല്പിക്കുകയും, കൊച്ചിയുടെ ഭാഗമായിരുന്ന പറവൂരും, ആലങ്ങാടും തിരുവിതാംകൂറിന് സമ്മാനിക്കുകയും ചെയ്തു. ആലങ്ങാടിനെ ഭരണ സൗക

ര്യത്തിനായി മാഞ്ഞാലി, ആലുവ, അങ്കമാലി, പെങ്ങമനാട്, പാറക്കടവ്, കോതകുളങ്ങര എന്നിങ്ങനെ 6 പകുതികളാക്കി തിരിച്ചു. ക്രമേണ ആലങ്ങാട് രാജവംശം കറുത്ത താവഴിയെന്നും, വെളുത്ത താവഴിയെന്നും രണ്ടായി പിരിഞ്ഞു. വെളുത്ത താവഴിയുടെ ആസ്ഥാനം ആലങ്ങാട് – കോട്ടപ്പുറം എന്നറിയപ്പെടുന്ന സ്ഥലത്തായിരുന്നു. ആലങ്ങാട് രാജ്യത്തിന്റെ വടക്കേ അതിര് ഇന്നത്തെ കരുമാലൂർ പഞ്ചായത്തിന്റെ അതിരായിട്ടുള്ള പെരിയാർ തന്നെയാണ്. 6 പകുതികളിലൊന്നായ മാഞ്ഞാലി, മൈസൂർ ആക്രമണ കാലത്ത് അവരുടെ സൈനികത്താവളമായിരുന്നു. ടിപ്പുവിന്റെ കോട്ടയുടേയും, കോട്ടയിൽ നിന്ന് പെരിയാറിൽ അവസാനിക്കുന്ന തുരങ്കത്തിന്റെയും അവശിഷ്ടങ്ങൾ ഇന്നും മാഞ്ഞാലിയിലുണ്ട്. ഹൈദരാലിയുടെ മകനായ ടിപ്പുവിന്റെ പടയോട്ടം തിരുവിതാംകൂറിന്റെ സാമന്തരാജ്യമായ ആലങ്ങാടിനെയും, മൈസൂറിന്റെ കൊടിക്കീഴിലാക്കിയെങ്കിലും (1790) ഈ നില അധിക കാലം തുടർന്നില്ല. ഹൈദരാലി, മാഞ്ഞാലി എന്നിവ തമ്മിലുള്ള സാദൃശ്യം ചിന്തനീയമാണ്.

ചരിത്രഗതിമാറ്റിയ ടിപ്പുവിന്റെ പരാജയത്തെ സംബന്ധിച്ച്:-

"ആലുവപ്പുഴ വിധി മാറ്റി. വേനൽക്കാലത്ത് കടലിലെ ഉപ്പുവെള്ളം മേലോട്ട് കയറാതെ കൃഷിയെ രക്ഷിക്കുവാൻ ആറ്റിൽ മണൽചിറ കെട്ടിയിരുന്നത് ആപത്തിൽ പരോപകാരം ചെയ്തു. തിരുവിതാംകൂർ സൈന്യം പെട്ടെന്ന് ആ ചിറ വെട്ടിമുറിച്ചു. ആറ്റിൽ മണൽപ്പുറത്ത് യുദ്ധസന്നാഹത്തോടെ നിന്ന മൈസൂർ സൈന്യവിഭാഗം പെരുവെള്ള പാച്ചിലിൽ കടലിലേക്ക് ഒഴുകി പ്പോയി. തെക്കേ കരയിൽ കയറിയവരും ടിപ്പവും തിരുവിതാംകൂർ സൈന്യത്തിന്റെ സമരാഗ്നിയിൽ നിന്നും കഷ്ടിച്ച് രക്ഷപ്പെട്ടു. ആ യുദ്ധത്തിലുണ്ടായിരുന്ന മൈസൂർ പടയിലെ വേറൊരാളും രക്ഷപ്പെട്ടില്ല" –
ശൂരനാട്ട് കുഞ്ഞൻപിള്ള. (വി.വി.കെ. വാലത്തിന്റെ എറണാകുളം ജില്ലാ സ്ഥലനാമ ചരിത്രത്തിന്റെ അവതാരികയിൽ നിന്നും.)

1792ലെ ശ്രീരംഗപട്ടണം ഉടമ്പടിയെ തുടർന്ന് കേരളത്തിന്റെ മേലുള്ള മൈസൂർ ആധിപത്യം അവസാനിക്കുകയും, വയനാട് ഒഴികെയുള്ള മുഴുവൻ പ്രദേശവും ബ്രിട്ടീഷ് ആധിപത്യത്തിൻ കീഴിലാവുകയും ചെയ്തു. കൊച്ചിയും തിരുവിതാംകൂറും അവരുടെ പൂർണ്ണ സംരക്ഷണം സ്വീകരിച്ചു. പറവൂർ, കുന്നത്തുനാട്, ആലങ്ങാട് പ്രദേശങ്ങളുടെ ചുമതല ഈസ്റ്റിന്ത്യാ കമ്പനി തിരുവിതാംകൂറിന് വിട്ടു കൊടുത്തു. 1947 വരെ ഈ ആധിപത്യം തുടർന്നു.

പഞ്ചായത്തുകൾ രൂപം കൊള്ളുന്നതുവരെ അയിരൂർ വില്ലേജ് യൂണിയൻ എന്ന പേരിലാണ് നമ്മുടെ പഞ്ചായത്ത് അറിയപ്പെട്ടിരുന്നത്. 1953ൽ കരുമാലൂർ പഞ്ചായത്ത് രൂപം കൊണ്ടു. ആദ്യ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കുഞ്ഞാലി നൈന ആയിരുന്നു. തിക

ച്ചും കാർഷിക മേഖലയായ നമ്മുടെ പഞ്ചായത്തിലെ പ്രസിദ്ധമായ ഉൽപ്പന്നമാണ് ആല ങ്ങാടൻ ശർക്കര. കൃഷിഭൂമി പാലിയം കുടുംബം, തിരുമുപ്പം വാരിയം, തിരുവാലൂർ ദേവ സ്വം, വേഴപ്പറമ്പ് മന, വൈപ്പിൻ മന തുടങ്ങിയവരിൽ കേന്ദ്രീകരിച്ചിരുന്നു. 1969ലെ ഭൂപരി ഷ്കരണ നിയമമാണ് ഈ സ്ഥിതിക്ക് മാറ്റം വരുത്തിയത്. വേഴപ്പറമ്പ് മനയിലെ ശ്രീപര മേശ്വരൻ നമ്പൂതിരിപ്പാട് താന്ത്രിക രംഗത്തെ ഒരതികായനും അദ്ദേഹത്തിന്റെ ജേഷ്ഠപു ത്രൻ ശ്രീ കൃഷ്ണൻ നമ്പൂതിരിപ്പാട് അഖില കേരള തന്ത്രിസമാജം സെക്രട്ടറിയുമാണ്. 244 കി.മീറ്റർ ദൈർഘ്യമുള്ള പെരിയാറിൽ 8 കി.മീറ്ററോളം നമ്മുടെ ഗ്രാമത്തിന്റെ വടക്കേ അതിരായി ഒഴുകുന്നു. പറവൂർ താലൂക്കിലെ ചെങ്ങമനാട്, കുന്നുകര, പുത്തൻവേലിക്കര, ചേന്ദമംഗലം, ചിറ്റാട്ടുകര, കോട്ടുവള്ളി, ആലങ്ങാട്, കടുങ്ങല്ലൂർ പഞ്ചായത്തുകളും, ആലുവ മുനിസിപ്പാലിറ്റിയും നമ്മുടെ പഞ്ചായത്തിന്റെ അതിരുകളാണ്.

സ്ഥലനാമ ചരിത്രം.

കരുമാല്ലൂർ : ഇരുമ്പുരുക്ക് ഉപകരണങ്ങളായ അരിവാൾ, വാക്കത്തി, കോടാലി, തോക്ക്, മൂർച്ചയേറിയവാൾ എന്നിവനിർമ്മിക്കുന്ന വിദഗ്ദരായ കൊല്ലപ്പണിക്കാർ ഇവിടെ കൂട്ടമായി താമസിച്ചിരുന്നു. വടക്കൻ ജില്ലകളിൽനിന്നു പോലും ആയുധങ്ങൾ വാങ്ങാൻ ഇവിടെ ആളുകൾ വന്നിരുന്നു. വടക്കൻ മേഖലകളിൽ കൊല്ലപ്പണിക്കാരെ കരുവാന്മാർ എന്നും, നാടിനെ ഊർ എന്നും പറയാറുണ്ട്. അങ്ങിനെ അവർ നമ്മുടെ പ്രദേശത്തെ കരു വാന്മാരുടെ ഊർ എന്ന് വിളിക്കുകയും ക്രമേണ ഇത് കരുമാലൂർ ആവുകയും ചെയ്തു. (പല നാടിന്റെയും പേര് ഊർ ചേർത്ത് പറയാറുണ്ട്. ഉദാഹരണം: പറവൂർ, കടുങ്ങല്ലൂർ, തിരുവാലൂർ, ഏരൂർ.....).

വെളിയത്തുനാട് : ആലങ്ങാട് തമ്പുരാന്റെ കോട്ടകൊത്തളങ്ങൾ ഉറപ്പിച്ചിരുന്ന സ്ഥലമാണ് ഇന്നത്തെ സാമൂഹ്യ വികസന ബ്ലോക്ക് പരിസരം. കോട്ടക്ക് വെളിയിൽ വി ശാലമായി ആൾതാമസമില്ലാത്ത പ്രദേശം വെളിയത്തുനാട് എന്ന പേരിൽ അറിയപ്പെട്ടു. അതാണ് ഇന്നത്തെ വെളിയത്തുനാട്. തിരുവഞ്ചിക്കുളം ആസ്ഥാനമാക്കി നാടുവാണിരുന്ന ചേരരാജാക്കന്മാരുടെ ഒരു ഇടത്താവളമായിരുന്നു വെളിയത്തുനാട് എന്ന് സൂചന നൽകുന്ന ഒരു പരാമർശം സംഘകാല കൃതികളിലെ "അകനാനൂറിൽ" 359-ാമത്തെ പാട്ടിൽ കാണുന്നു.

വാനവരമ്പൻ വെളിയെത്തന്ന എന്ന പ്രയോഗം വാനവരമ്പൻ എന്ന ബിരുദമു ള്ള ചേരരാജാവിന്റെ നാടിനെ സൂചിപ്പിക്കുന്നു. ഇത് വെളിയത്തുനാടാണെന്നും കരുത പ്പെടുന്നു.

(അകനാനൂറ് - വിവർത്തനം നെന്മാറ പി. വിശ്വനാഥൻ നായർ, കേരള സാഹി ത്യ അക്കാദമി, തൃശൂർ- 1954 പേജ് 169, 170)

പുറനാന്നൂരിൽ 273, 303 എന്നീ പാട്ടുകൾ രചിച്ചിരിക്കുന്ന എരുമൈ വെളിയനാർ എന്ന കവി വെളിയത്തുനാട്ടുകാരനായിരിക്കാം. (സ്ഥലനാമ ചരിത്രം – വി.വി.കെ. വാലത്ത് – പേജ് 325)

സ്വാതന്ത്ര്യസമര പ്രസ്ഥാനം, സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനം, തൊഴിലാളി – കാർഷിക പ്രസ്ഥാനം എന്നിവയുടെ സ്വാധീനം നമ്മുടെ പഞ്ചായത്തിൽ.

വൈദേശിക അടിമത്തത്തിലും, അന്ധവിശ്വാസത്തിലും അനാചാരങ്ങളിലും, ജന്മിനാടുവാഴി ചൂഷണങ്ങളിലും കുടുങ്ങിക്കിടന്ന കേരള സമൂഹത്തെ അവയിൽ നിന്നും കരകയറ്റുന്നതിന് രൂപം കൊണ്ട് വളർന്നുവന്ന പ്രസ്ഥാനങ്ങളുടെ ഗണ്യമായ സ്വാധീനം നമ്മുടെ രാഷ്ട്രീയ-സാമൂഹ്യ-സാമ്പത്തിക വളർച്ചക്ക് മുഖ്യ നിദാനമാണ്. ആദ്യകാലത്ത് സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനത്തിന് കരുത്തും, പ്രചോദനവും നൽകിയ ശ്രീനാരായണ ധർമ്മ പരിപാലന യോഗത്തിന്റെ കരുമാലൂരിലെ ആദ്യ ശാഖക്ക് രൂപം കൊടുക്കാൻ ശ്രീ. ടി.കെ മാധവൻ തന്നെ എത്തിയിരുന്നതായി കാണുന്നു. ദേശീയ പ്രസ്ഥാനത്തിലെ കേരളത്തിലെ പ്രമുഖ നേതാക്കളിലൊരാളും, കെ.പി.സി.സി.യുടെ പ്രസിഡന്റുമായിരുന്ന ശ്രീ. മുഹമ്മദ് അബ്ദുൾറഹിമാൻ സാഹിബ്ബ് വെളിയത്തുനാടുമായി അടുത്ത ബന്ധം പുലർത്തിയിരുന്നു. ഇന്ത്യൻ പാർലമെന്റിൽ അംഗമായിരുന്ന ശ്രീ. വി.സി. അഹമ്മദുണ്ണി ദേശീയ സമരത്തെ നമ്മുടെ പഞ്ചായത്തുമായി ബന്ധപ്പെടുത്തുന്ന കണ്ണിയാണ്. ശ്രീ. മുഹമ്മദ് അബ്ദുൾറഹിമാൻ സാഹിബ്ബിന്റെ സ്മാരകമായി പ്രവർത്തിക്കുന്ന വായനശാല പഞ്ചായത്ത് ഏറ്റെടുത്ത് നടത്തുന്നുണ്ട്. കൊച്ചിയിലെ മുഖ്യമന്ത്രിയും, താഴത്തുവീട്ടിൽ കുടുംബാംഗവുമായ ശ്രീ. പറവൂർ ടി.കെ. നാരായണപിള്ള, മാതൃഭൂമി പത്രാധിപരും, കേരളത്തിലെ ആരോഗ്യമന്ത്രിയുമായിരുന്ന ശ്രീ. കെ.എ. ദാമോദര മേനോൻ എന്നിവരും സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത പ്രധാനികളും, നമ്മുടെ ഗ്രാമം ജന്മം നൽകിയവരുമാണ്.

മഹാത്മാഗാന്ധിയുടെ പാദസ്പർശത്താൽ ധന്യമായതും, 1921ൽ സ്ഥാപിതവുമായ യൂണിയൻ ക്രിസ്ത്യൻ കോളേജിന്റെ മുഖ്യഭാഗവും നമ്മുടെ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു. കേരളത്തിലെ രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിൽ കാതലായ സംഭാവനകൾ നൽകിയിട്ടുള്ള പല പ്രമുഖരുടേയും കലാലയം എന്ന പദവിയും ഈ കോളേജിനുണ്ട്.

ദേശീയ പ്രസ്ഥാനത്തിന്റേയും, തൊഴിലാളി പ്രസ്ഥാനത്തിന്റേയും പ്രമുഖ സംഘാടകരായിരുന്ന സർവ്വശ്രീ. എൻ.ശിവൻപിള്ള, എൻ.കെ. മാധവൻ, ടി.കെ.അബ്ദു, കെ.എ.ബാലൻ, ടി.കെ. കുമാരൻ, മുതലായവരുടെ പ്രവർത്തനങ്ങളും നമ്മുടെ പഞ്ചായത്തുമായി ബന്ധപ്പെട്ടിരിക്കുന്നു. ഭൂപരിഷ്കരണനിയമം നമ്മുടെ പഞ്ചായത്തിലും ദൂരവ്യാപകമായ പരിവർത്തനം വരുത്തിയിട്ടുണ്ട്.

ക്ഷേത്രപ്രവേശന വിളംബരത്തിനും, സ്വാതന്ത്ര്യലബ്ധിക്കും ശേഷം അയിത്താചരണത്തിനെതിരായും, ആരാധനാ സ്വാതന്ത്ര്യത്തിനു വേണ്ടിയും പ്രവർത്തിച്ച സ്വാതന്ത്ര്യസമര സേനാനിയും അധഃകൃതോദ്ധാരകനുമായിരുന്ന സ്വാമി ആനന്ദതീർത്ഥന്റെ പ്രവർത്തനവും സ്മരണീയമാണ്. '50' കളിൽ നമ്മുടെ ഗ്രാമത്തിൽ അദ്ദേഹം നടത്തിയ പ്രവർത്തനം അന്ധവിശ്വാസങ്ങളുടെയും, അനാചാരങ്ങളുടേയും കോട്ടകളിൽ ഞെട്ടലുണ്ടാക്കി. മുൻ പഞ്ചായത്ത് അംഗം ശ്രീ. ഏ. അയ്യപ്പന്റെ വസതി കേന്ദ്രീകരിച്ച് പ്രവർത്തിച്ച സ്വാമി, ശ്രീ. ഏ. മാധവനെ (മനക്കപ്പടി എൽ.പി. സ്കൂൾ മുൻ ഹെഡ്മാസ്റ്റർ) വർക്കലയിലെ ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ് വക സ്കൂളിൽ ചേർത്തു പഠിപ്പിക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്തു. ചെറായി ശ്രീഗൗഡസാരസ്വത ക്ഷേത്രനടയിൽ ആരാധനാ സ്വാതന്ത്ര്യത്തിനായി നമ്മുടെ ഗ്രാമവാസിയായ ശ്രീ.കെ.ഗോപാലൻ നടത്തിയ സത്യാഗ്രഹ സമരവും അതിന്റെ വിജയവും പ്രസ്താവ്യമത്രെ. അയിത്തോച്ചാടന സമരങ്ങളുടെ ഭാഗമായി അദ്ദേഹം പല പ്രവർത്തനങ്ങളും നടത്തി വിജയിച്ചിട്ടുണ്ട്.

തെക്കേ ഇന്ത്യയിൽ ഏറ്റവും കൂടുതൽ വൈദികവിദ്യാർത്ഥികൾ പഠിക്കുന്ന സെന്റ് ജോസഫ് പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിലോസഫിയും, സെന്റ് ജോസഫ് പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജിയും നമ്മുടെ ഗ്രാമത്തിലെ ചരിത്ര – സംസ്കാരിക സംഗമത്തിന്റെ സാക്ഷ്യപത്രങ്ങളാണ്. വെളിയത്തുനാട് പ്രവർത്തിക്കുന്ന ചെറിയത്ത് തന്ത്രവിദ്യാപീഠത്തിനും സംസ്കാരിക്ക ചരിത്രത്തിൽ സ്ഥാനം ഉണ്ട്. പുരാതനമായ മാഞ്ഞാലി മുഖാം പളളി ചന്ദനകുടമഹോൽത്സവവും സംസ്കാരിക്ക രംഗത്തെ പൈതൃകം അർഹിക്കുന്നതാണ്. വിവധ സമുദയങ്ങളുടെ ആരാധനാലയങ്ങളും നമ്മുടെ മത സഹിഷ്ണുതയെ വിളിച്ചറിയിക്കുന്നവയാണ്.

ഭൂപ്രകൃതി

ഭൂപ്രകൃതി അനുസരിച്ച് കരുമാലൂർ പഞ്ചായത്തിനെ നാലു മേഖലകളാക്കി തരം തിരിക്കാം.

1. ഉയർന്ന സമതലപ്രദേശം
2. ചരിവ് പ്രദേശങ്ങൾ
3. തീരസമതലം
4. ചതിപ്പു നിലങ്ങൾ

പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണം 21.5 ച.കി.മീ ആണ് മൊത്തം വിസ്തൃതിയിൽ 650 ഹെക്ടർ സ്ഥലം കൃഷി ഭൂമിയാണ്.

ഒന്നാം വാർഡിലേ കാരുകുന്ന്, മുട്ടൻകുന്ന്, വല്യപ്പൻ പടി യു.സി. കോളേജ് വരെയുള്ള ഭാഗങ്ങൾ എന്നിവ ഉയർന്ന സമതലപ്രദേശങ്ങളാണ്. ഇതിൽ ഏറ്റവും ഉയർന്ന ഭാഗം മുട്ടൻകുന്ന് പ്രദേശമാണ്.ഈ പ്രദേശത്ത് ചരിവോടുകൂടി ഭൂമി പലതട്ടുകളായി കിടക്കുകയും ചെയ്യുന്നു.ഈ ഭാഗങ്ങൾ വെട്ടുകൽ പ്രദേശമാണ്.വാർഡിന്റെ കിഴക്കുഭാഗം താഴ്ന്ന പ്രദേശങ്ങളിൽ കൃഷിക്ക് അനുയോജ്യമായ എക്കൽ മണ്ണാണുള്ളത്.

രണ്ടാം വാർഡിൽ ആലുവാ – പറവൂർ റോഡിന്റെ വടക്കുപ്രദേങ്ങളായ സെറ്റിൽമെന്റ്, ശ്മശാനം എന്നിവ ചരിവോടുകൂടിയ ഉയർന്ന പ്രദേശമാണ്. ഈ ഭാഗവും വെട്ടുകൽ പ്രദേശമാണ്. വാർഡിന്റെ വടക്കുഭാഗം കുറച്ചു എക്കൽ മണ്ണ് പ്രദേശമുണ്ട്.

മൂന്നാം വാർഡിന്റെ തുടലിക്കുന്ന് ഭാഗം ചരിവോടുകൂടിയ ഉയർന്ന കുന്നിൻ സമതലമാണ്. ഈ ഭാഗം വെട്ടുകൽ പ്രദേശമാണ്. ഈ വാർഡിന്റെ തെക്കുഭാഗം പശിമരാശി മണ്ണും നടുഭാഗവും കിഴക്കുഭാഗവും എക്കൽ മണ്ണും വടക്കു പടിഞ്ഞാറുഭാഗം വെട്ടുകൽ പ്രദേശവുമാണ്.

നാലാം വാർഡിൽ മില്ലുപടിക്കു തൊട്ടു പടിഞ്ഞാറെ ഭാഗം കുറച്ചു ചരിവോടുകൂടിയ സമതല പ്രദേശമാണ്. ആറ്റുപുഴക്കാവ് ഭാഗങ്ങൾ കൃഷ്ിസ്ഥലങ്ങളാണ്. വാർഡിന്റെ കിഴക്കുഭാഗം കുറച്ച് വെട്ടുകൽ പ്രദേശവും, ചില ഭാഗങ്ങളിൽ ചെമ്മണ്ണും, മദ്ധ്യഭാഗം വടക്കുപടിഞ്ഞാറ്, തെക്കുഭാഗങ്ങളിൽ ചെളിമൺ പ്രദേശങ്ങളുമാണ്. പൊതുവെ തീരസമതല പ്രദേശമാണ്.

അഞ്ചാം വാർഡിൽ വെളിയത്തുനാട്, അടുവാതുരുത്ത് എന്നിവ കൃഷിക്ക് അനുയോജ്യമായ ചെളിമൺ പ്രദേശമാണ്. വാർഡിന്റെ കുറച്ച് ഭാഗത്ത് ചതുപ്പ് നിലം ഉണ്ട്. പൊതുവെ തീരസമതലപ്രദേശമാണ്.

ആറാം വാർഡിൽ കരുമാലൂർ കല്ലറക്കൽ ഭാഗം നിരപ്പായ സമതലപ്രദേശമാണ്. എന്നാൽ തട്ടാമ്പടി – അങ്ങാടിക്കടവ് റോഡിന്റെ ഒരു ഭാഗത്ത് ഇഷ്ടികക്കളങ്ങൾക്കു വേണ്ടി മണ്ണെടുത്തതു നിമിത്തം കുറെ പ്രദേശങ്ങൾ വെള്ളകെട്ടുള്ള ചതുപ്പുനിലമായി കിട

ക്കുകയാണ്. പൊതുവെ കൃഷിസ്ഥലങ്ങളാണ് വാർഡിന്റെ കിഴക്ക്, പടിഞ്ഞാറ്, തെക്ക്, എന്നീ ഭാഗങ്ങളിൽ എക്കൽ മണ്ണ് ആണ് ഉള്ളത്. തട്ടാമ്പടി- കരുമാലൂർ റോഡിന്റെ വടക്കുഭാഗം പൂർണ്ണമായും ചെളിമണ്ണോടുകൂടിയ കൃഷിസ്ഥലങ്ങളാണ്.

ഏഴാം വാർഡിലെ തട്ടാമ്പടി - താന്തോന്നിഭാഗം, പാണാട്ട്, ചാലിൽ ഭാഗം എന്നിവ നിരപ്പായ സമതലപ്രദേശമാണ്. ഈ വാർഡിലെ ആലുവ - പറവൂർ റോഡിന്റെ വടക്കുഭാഗം-മുണ്ടോപാടം-താഴ്ന്ന കൃഷിപ്രദേശമാണ്. വാർഡിലെ തെക്ക് വടക്ക് എന്നി ഭാഗങ്ങളിൽ എക്കൽ മണ്ണും കിഴക്ക് കുറച്ചുഭാഗം എക്കൽ മണ്ണും വെള്ളക്കെട്ടുള്ള ചതുപ്പു നിലങ്ങളുമുണ്ട്. പടിഞ്ഞാറു ഭാഗം മണൽ കലർന്ന മണ്ണാണ്.

എട്ടാം വാർഡിൽ ചെട്ടിക്കാട്, പുതുക്കാട് എന്നിവ സമതലപ്രദേശങ്ങളാണ്. തെത്തറഭാഗം തീരസമതല പ്രദേശമാണ്. വാർഡിന്റെ തെക്കുഭാഗത്ത് കുറച്ചു വെള്ളക്കെട്ടുള്ള ചതുപ്പു നിലമുണ്ട്.കിഴക്ക്, തെക്ക്, പടിഞ്ഞാറ് ഭാഗങ്ങളിൽ മണൽ കലർന്ന മണ്ണാണ്.

ഒമ്പതാം വാർഡിൽ മനയ്ക്കപ്പടി, തോപ്പിൽ ഭാഗം കുറച്ചു ഉയർന്ന സമതല പ്രദേശമാണ്. ആനച്ചാൽ ഭാഗംചതുപ്പു നിലപ്രദേശമാണ്. ഈ വാർഡിലെ 80% സ്ഥലം സമതലവും 20% സ്ഥലം ചതുപ്പു നിലവുമാണ്. ഈ വാർഡിലെ മിക്ക ഭാഗങ്ങളിലും മണൽ കലർന്ന മണ്ണാണ്.


പത്താം വാർഡിൽ മനയ്ക്കപ്പടി, മുറിക്കലിന്റെ കുറച്ചുഭാഗം എന്നിവ സമതല പ്രദേശമാണ്. ഈ വാർഡിലേ മനയ്ക്കപ്പടി മണ്ടള റോഡിന്റെ ഒരു ഭാഗത്ത് (അടുക്കളച്ചിറ) ചതുപ്പ് നിലമുണ്ട്. ചാണയിൽ കോളനിയുടെ ഭാഗം കുറച്ച് ഉയർന്ന പ്രദേശവും വെട്ടുകൽ പ്രദേശവുമാണ്. വാർഡിന്റെ തെക്കു ഭാഗം കളിമണ്ണും വെള്ളക്കെട്ടുള്ള ചതുപ്പ് നിലവും കുറേ ഭാഗം മണൽകലർന്ന മണ്ണും പടിഞ്ഞാറ് വടക്ക് എന്നീ ഭാഗങ്ങളിൽ മണൽ കലർന്ന മണ്ണും ഏക്കൽ മണ്ണുമുണ്ട്. കിഴക്കു ഭാഗം മണൽ കലർന്ന മണ്ണാണുള്ളത്.

പതിനൊന്നാം വാർഡിൽ മാഞ്ഞാലി - പറവൂർ റോഡിന്റെ ഒരു ഭാഗം ഉയർന്ന കുന്നിൻ പ്രദേശമാണ്. ഈ വാർഡിൽ മിക്ക പ്രദേശങ്ങളും ചരിവോടുക്കുടിയ കുന്നിൻ പ്രദേശമാണ്. വാർഡിന്റെ കിഴക്ക് ചെമ്മണ്ണും മദ്ധ്യഭാഗം ചരൽ കലർന്ന മണ്ണും വടക്ക് കൽപ്രദേശവും തെക്ക് മണൽ കലർന്ന മണ്ണുമാണ്.

പന്ത്രണ്ടാം വാർഡിലെ മദ്ധ്യഭാഗം ഉയർന്നും, കുന്നുമ്പുറം - മാട്ടുപുറം റോഡ് ആരംഭിക്കുന്ന ഭാഗം കുറച്ച് ചരിവോടുകൂടിയ ഭാഗവുമാണ്. മിക്ക പ്രദേശങ്ങളും തീര സമതലങ്ങളാണ്. മദ്ധ്യഭാഗം (മാഞ്ഞാലി) കൽപ്രദേശവും പടിഞ്ഞാറ് മണൽ കലർന്ന മണ്ണും, കിഴക്ക് കുറേ ഭാഗം കൽപ്രദേശവും മണൽകലർന്ന മണ്ണും മാട്ടുപുറം ഭാഗം കുറച്ച് കൽപ്രദേശവും തെക്ക് മൺപ്രദേവുമാണ്.

പൊതുവെ കരുമാലൂർ പഞ്ചായത്ത് ഒരു കാർഷിക മേഖലയായതുകൊണ്ട് ഇവിടെ നെല്ല്, തെങ്ങ്, കവുങ്ങ്, വാഴ, കുരുമുളക്, ജാതി, പച്ചക്കറി എന്നിവ ധാരളമായി കൃഷി ചെയ്യുന്നു.


വികസന റിപ്പോർട്ട്



കുത്തിക്കുറിക്കുന്നതെന്തുമോനേ?
ഒറ്റക്കിരുന്നർദ്ധരാത്രിയിലും
പദ്ധതിക്കുള്ളോരാസൂത്രണത്തിൻ
പഞ്ചായത്തിന്റെ റിപ്പോർട്ടിതമ്മേ.
പദ്ധതി എത്ര കഴിഞ്ഞുമോനേ ?
എന്തൊരു പാവമാണെന്റെയമ്മ – ഇന്നീ
യത് സർക്കാർ തലത്തിലെ വേലയല്ലേ.
യധികാരമൊക്കെയും നമ്മളിലായ്.
രൂസൂത്രണങ്ങളും വികസനവും
ജനനന്മയ്ക്കേകുന്ന പദ്ധതിയും
ഒരു മെയ്യും ചിന്തയുമായ് ജനങ്ങൾ
ഒരുമയോടൊന്നിച്ചു ചർച്ച ചെയ്ത്
രൂപപ്പെടുത്തി വരച്ചു ചേർത്ത് – നാട്ടിൻ
വികസനരേഖ രചിക്കുന്നമ്മേ
കത്താത്ത ബൾബിന്റെ കീഴിരുന്നീ
മെഴുതിരിവെട്ടത്തിലൂരുത്തിരിയും
വികസനമന്ത്രങ്ങളെന്തു മോനേ?
പാവമീയമ്മക്കിന്നറിയീലൊന്നും.
ജാതിയില്ലാ മതരാഷ്ട്രീയവും
മറു ഭേദമില്ലാതൊരുമയോടെ
നാട്ടിൻ മുഖച്ഛായ മാറ്റുവാനായ്
ചരിതമെഴുതുകയാണിതമ്മേ.
എല്ലാം അറിയുന്ന കാലമമ്മേ
വൈകാതെ വന്നെത്തും കാത്തിരിക്കൂ


– വി. ജി. ശശീധരൻ

കൃഷിയും ജലസേചനവും




ആലങ്ങാട് ബ്ലോക്ക് പരിധിയിൽ കൃഷിപ്രധാനമായ പ്രദേശമാണ് കരുമാല്ലൂർ പഞ്ചായത്ത്. ഫലഭൂയിഷ്ഠമായഭൂമിയാണിവിടെ ഉള്ളത്. വടക്ക്, വടക്ക് - പടിഞ്ഞാറ് അതിർത്തികളിലൂടെ ഒഴുകുന്ന പെരിയാർ ശാഖ, പഞ്ചായത്തിനൊരു അനുഗ്രഹമാണ്. ജനസംഖ്യയുടെ 90%വും കാർഷികരംഗത്തെ മാത്രം ആശ്രയിച്ചു ജീവിക്കുന്നൊരു കാലം ഉണ്ടായിരുന്നു. എന്നാൽ കൂടുതൽ വരുമാനമുണ്ടാക്കാൻ മറ്റ് വഴികൾ കണ്ടതോടെ, കാർഷികവൃത്തിയോടുള്ള ആഭിമുഖ്യം കുറഞ്ഞുവരികയാണ്. ഒരു കാലത്ത് കരിമ്പുകൃഷിക്കും, പച്ചക്കറി- നെൽകൃഷികൾക്കും പ്രസിദ്ധമായിരുന്നു കരുമാല്ലൂർ പഞ്ചായത്തിന്റെ കിഴക്കുഭാഗം. പശിമയുള്ള കൽപ്പൊടി പ്രദേശമായതിനാൽ, ഫലഭൂയിഷ്ഠമാണ്. എന്നാൽ ഈ പ്രദേശമാകെ, ഇഷ്ടിക്കളങ്ങൾ കാർഷികരംഗത്ത് വലിയ വെല്ലുവിളികൾ ഉയർത്തുന്നു.

ഭൂവിനിയോഗരീതി



ഭൂഉടമസ്ഥതയുടെ സ്വഭാവം



മൊത്തം 21.5 ച. കി. മീറ്റർ ഭൂവിസ്താരമുള്ള പഞ്ചായത്തിൽ 1279.69 ഏക്കർ പുരയിടവും 2241. 84 ഏക്കർ നിലവും 67.2 ഏക്കർ പുറമ്പോക്ക് പ്രദേശവും 17.26 ഏക്കർ തരിശ് പ്രദേശവുമാണ്. ആകെയുള്ള കുടുംബങ്ങളിൽ 3900 കുടുംബങ്ങളും 10 സെന്റിൽ താഴെ ഭൂമി സ്വന്തമായിട്ടുള്ളവരാണ്. 10 സെന്റ് മുതൽ 50 സെന്റ് വരെ ഭൂമിയുള്ള 500 കുടുംബങ്ങളും, 50 സെന്റ് മുതൽ ഒരു ഏക്കർ വരെ ഭൂമിയുള്ള 400 കുടുംബങ്ങളും, ഒരു ഏക്കർ മുതൽ 5 ഏക്കർ വരെ ഭൂമിയുള്ള 1296 കുടുംബങ്ങളുമാണ് ഈ പഞ്ചായത്തിലുള്ളത്

1995 ലെ ICDP പദ്ധതി പ്രകാരം സംസ്ഥാന നെൽകൃഷിക്കുള്ള 25,000 രൂപയുടെ അവാർഡ് കരുമാല്ലൂർ പഞ്ചായത്തിനാണ് ലഭിച്ചത്. ഈ വർഷത്തെ പഴം പച്ചക്കറി കർഷകർക്കുള്ള സംസ്ഥാന അവാർഡ് ലഭിച്ചത് ഈ പഞ്ചായത്തിലെ ശ്രീ. കെ. സൈനുദ്ദീൻ എന്ന കർ,ഷകനാണ്. പഞ്ചായത്തിലെ കാർഷികരംഗത്തിനുള്ള അംഗീകാരമായി ഇതിനെ കണക്കാക്കണം.

മണ്ണിന്റെ സ്വഭാവം

പഞ്ചായത്തിലെ 1,2,3,11 വാർഡുകളിലെ മണ്ണ്. ചെങ്കൽ പ്രദേശമാണ്. പഞ്ചായത്തിന്റെ തെക്ക് - പടിഞ്ഞാറായി കിടക്കുന്ന 8, 9 വാർഡുകളുടെ ഭാഗങ്ങൾ കളിമൺ കലർന്ന മണ്ണാണ്. എന്നാൽ 5,6 വാർഡുകളിൽ എക്കൽ മണ്ണും 4.10, 12 വാർഡുകളിൽ കളിമണ്ണും ആണ്.

തെങ്ങ് കൃഷി

ഒരു കാലയളവിൽ തെങ്ങ് കൃഷിക്ക് പേരുകേട്ട പഞ്ചായത്തിൽ കർഷകർ നേരിടുന്ന ഭീഷണി വമ്പിച്ചതാണ്. ഇവിടെ 100 ഹെക്ടർ പ്രദേശത്ത് തെങ്ങ് കൃഷിചെയ്യുന്നു. കുറച്ച് നാളുകൾക്ക് മുമ്പ് വരെ വമ്പിച്ച ആദായം നല്കിയിരുന്ന തെങ്ങുകൾ ഇപ്പോൾ കാറ്റുവീഴ്ച രോഗത്തിന് വിധേയമാണ്. ഹെക്ടറൊന്നിന് 200 തെങ്ങുകളാണ് ഇപ്പോൾ നിലവിലുള്ളത്. പക്ഷെ 60 % തെങ്ങുകളും കാറ്റുവീഴ്ചമൂലം ഫലപ്രദമായി വിളവു നല്കുന്നില്ല. നാളുകൾ ചെല്ലുന്തോറും ഉല്പാദനത്തിലുണ്ടാകുന്ന കുറവ് നാളികേര കർഷകരെ സാരമായി ബാധിക്കുന്നു. സമഗ്രനാളികേരവികസന പദ്ധതി (CCDP) നടപ്പാക്കുന്നുണ്ടെങ്കിലും, തീരെ അപര്യാപ്തമാണ്. തെങ്ങിന് വളം സബ്സിഡി ഏർപ്പെടുത്തണം.

കാറ്റു വീഴ്ച ബാധിച്ച ഒരു പ്രദേശത്തെ തെങ്ങുകൾ മുഴുവൻ ഒരേ സമയം വെട്ടിക്കളയണം. പുതിയ തൈകൾ വെക്കാനുള്ള ഏർപ്പാടുകൾ വേണം. 94 -95ന് ശേഷം CCDP യിൽ തെങ്ങ് വെക്കാനുള്ള സൗകര്യമില്ല. തുടർച്ചയായ ജലസേചനം കാറ്റ് വീഴ്ച തടയാൻ ഒരു പരിധി വരെ സഹായകമാണ്. ജലസേചനത്തിനായി ഇപ്പോൾ നല്കി വരുന്ന (പമ്പ് സെറ്റ് സ്ഥാപിക്കൽ) സഹായം കൂടുതൽ പ്രോത്സാഹിപ്പിക്കുകയും ചെയ്യണ്ടേതാണ്. പഞ്ചായത്ത് തലത്തിൽ ഒരു തെങ്ങിൻതൈ നഴ്സറി ആരംഭിച്ച് അത്യുല്പാദനശേഷിയുള്ള ഇനങ്ങൾ എത്തിച്ചുകൊടുക്കാവുന്നതാണ്. ഉല്പാദിപ്പിക്കുന്ന നാളികേരം സംസ്കരിക്കാൻ (നാളികേര വികസന ബോർഡിന്റെ സഹായങ്ങൾ സ്വീകരിച്ച്) ഒരു കേന്ദ്രം പഞ്ചായത്തിൽ സ്ഥാപിച്ചാൽ തൊഴിൽ വസരങ്ങൾ സൃഷ്ടിക്കാൻ കഴിയും. ഏതെങ്കിലും സഹകരണബാങ്കിന് ഈ പദ്ധതി ഏറ്റെടുക്കാവുന്നതാണ്.

സമഗ്ര നാളികേര വികസന പദ്ധതി - താരതമ്യം

വർഷം	രോഗമുള്ള തെങ്ങ് വെട്ടാനുള്ള സഹായം ലഭിച്ചവർ	കിണർ സബ്സിഡി കുഴൽകിണർ	പമ്പ് സെറ്റ് സബ്സിഡി	തെങ്ങു കയറ്റ യന്ത്രം	റോക്കർ സ്പെയർ	കിണർ SC/ ST	ഇടവിള
1994-95	1000 തെങ്ങ് Rs. 2,00,000	32 Rs. 75,000	35 Rs. 75,000	1 Rs. 500	1 Rs. 900/--	1 9000	5000 വാഴക്കന്ന് Rs. 20,000
95-96	--	38 81,800/-	28 57,500/-	--	4 4000/-	2 10,000	1000 ജാതി 4000 -/
96-97 Target	--	33 77,250	40 1,00,000	--	3 3000	-	--

നെല്ല് കൃഷി

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 5 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ ഫലം നൽകൃഷിക്ക് ലഭിക്കുന്നു. ഒട്ടാകെ മൂന്നുപൂ കൃഷി (വിരിഷ്, മുണ്ടകൻ, പുഞ്ച) ചെയ്യുന്നുണ്ട്. രണ്ടോ മൂന്നോ വാർഡുകളൊഴികെ ബാക്കി പ്രദേശങ്ങളിലായി വ്യാപിച്ചുകിടക്കുന്ന നെൽകൃഷി വമ്പിച്ച സാധ്യതകളുള്ള ഒന്നാണ്. ഒന്നാം വിളകാലഘട്ടത്തിൽ 512 ഹെക്ടറിലും, രണ്ടാം വിള 528 ഹെക്ടറിലും, മൂന്നാം വിള 450 ഹെക്ടറിലുമാണ് കൃഷി ചെയ്യുന്നത്. ഒന്നാം വിളയുടെ മൊത്തം ഉല്പാദനം 2200 ടണ്ണും, രണ്ടാം വിളയുടെ ഉല്പാദനം 1920 ടണ്ണും, മൂന്നാം വിളയുടെ ഉല്പാദനം 1450 ടണ്ണും ആണ്. ഉല്പാദനക്ഷമതയാകട്ടെ, 4296 Kg /Ht, 3636 Kg/Ht, 3238 Kg/ Ht എന്നിങ്ങനെയാണ്. ജൈവവളത്തിന്റെ അഭാവവും, ജലസേചനപരിമിതിയുമാണ് 2-ാം വിളയെത്തുമ്പോഴേക്കും ഉല്പാദനക്ഷമത കുറയാൻ കാരണം. പ്രസ്തുത പ്രശ്നങ്ങൾ എങ്ങിനെ പരിഹരിക്കാമെന്ന് വിചിന്തനം ചെയ്യേണ്ടതാണ്.

ഊർജ്ജിത നെല്ലുല്പാദന പദ്ധതി (IPRD) പഞ്ചായത്തിൽ 1993 - 94 വരെ നടപ്പാക്കിയിരുന്നു. എന്നാൽ 94- 95 മുതൽ പദ്ധതി നിർത്തിവെച്ചിരിക്കയാണ്. നടപ്പായ ഘട്ടത്തിൽ തന്നെ സഹായം അപര്യാപ്തമായിരുന്നു. അതുകൊണ്ട് പദ്ധതി വീണ്ടും നടപ്പാക്കാനാവശ്യമായ സമ്മർദ്ദം സർക്കാറിൽ ചെലുത്താൻ പഞ്ചായത്ത് തയ്യാറാകണം. 1992 മുതൽ നെല്ലുൽപ്പാദകരെ പ്രോൽസാഹിപ്പിക്കാൻ സെന്റൊന്നിന് ഒരു രൂപാ നിരക്കിൽ ഉൽപാദന ബോണസ് നൽകിവരുന്നു. 8 -ാം പദ്ധതി കാലയളവിൽ ഈ ഇനത്തിൽ 6,09, 500 രൂപാ ഉൽപാദന ബോണസ്സായി പഞ്ചായത്തിൽ വിനിയോഗിച്ചു. ഒരു പൂവ് ശരാശരി 450 പേർക്ക് എന്ന തോതിൽ വിതരണം ചെയ്യുന്ന ബോണസ് കർഷകർക്ക് ആശ്വാസമേകുന്നു. നിർഭാഗ്യവശാൽ,

സാങ്കേതിക കാരണം പറഞ്ഞ് 1996 - 97 ലെ വിരിപ്പ് കർഷകർക്കുള്ള ബോണസ്സ് തുകയായ 65,124 രൂപ നാളിതുവരെ വിതരണം ചെയ്തിട്ടില്ല. 532 പേർക്ക് ആനുകൂല്യം ലഭ്യമാക്കുന്ന പ്രസ്തുത തുക എത്രയും പെട്ടന്ന് വിതരണം ചെയ്യുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. മാത്രവുമല്ല, കർഷകർക്ക് പ്രോത്സാഹനം എന്ന നിലയിൽ കൂടുതൽ പേർക്ക് കൂടുതൽ തുക ബോണസായി നൽക്കി നെൽകൃഷി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

നെൽകൃഷി ഇടങ്ങൾ ഇഷ്ടിക നിർമ്മാണത്തിന്നായി വിനിയോഗിക്കുന്ന സ്വാഭാവം കൂടിവരികയാണ്. കൂടുതൽ ആദായം നൽകുന്നുവെന്നകാരണത്താൽ ഇഷ്ടികവ്യവസായത്തെ അമിതമായി പ്രോത്സാഹിപ്പിക്കുന്ന നടപടി അവസാനിപ്പിക്കണം. കൊതിമൂത്ത്, പൊൻമുട്ടയിടുന്ന താറാവിനെ കൊലചെയ്ത കഥയുടെ പാതയാണ് ഇഷ്ടികനിർമ്മാണ കാര്യത്തിൽ സ്വീകരിക്കപ്പെട്ടുപോരുന്നത്. നെല്ലുൽപാദക സമിതികൾ, നെല്ലുൽപാദിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണം തുടരെ നടത്തണം. കർഷകർക്കാവശ്യമായ പ്രോത്സാഹനങ്ങൾ പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ഉണ്ടാവുകയും വേണം. ഇത്തരം നടപടികൾ കൊണ്ടേ ഇഷ്ടികക്കളങ്ങളെ നിയന്ത്രിക്കാൻ കഴിയൂ.

ഉൽപാദിപ്പിക്കുന്ന നെല്ല് പഞ്ചായത്തിൽ തന്നെ സംഭരിക്കുകയും അരി ഉൽപാദനത്തിന് മില്ലുകൾ ആരംഭിക്കുകയും ചെയ്താൽ, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും. ചിലവുകൾ കുറക്കാനും കാർഷിക കൂട്ടായ്മ തുടരേണ്ടതാണ്. 1992-93 കാലഘട്ടത്തിൽ നിലനിന്നിരുന്ന ഗ്രൂപ്പ് ഫാമിംങ്ങ് കാലഘട്ടത്തിൽ, കർഷകർക്ക് വമ്പിച്ച നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിരുന്നു. എന്നാൽ ഗ്രൂപ്പ് ഫാമിംഗ് തുടർന്നില്ല. ഈ പദ്ധതിക്കു പകരം കാർഷിക കൂട്ടായ്മ തുടർന്നു നടപ്പാക്കാൻ പഞ്ചായത്ത് മുൻകൈയെടുക്കണം.

IPRD - താരതമ്യം

വർഷം	കുറ്റിഷമ്പ് എണ്ണം തുക	വിത്ത് സബ്സിഡി	കീടനാശിനി സബ്സിഡി	കളനാശിനി സബ്സിഡി	പമ്പ്സെറ്റ്	പവ്വർ ടില്ലർ
1992 - 93	55 Rs. 33000	Rs. 6450	Rs. 3,255	--	Rs.68,600	- -
1993- 94	10 Rs. 6000	Rs.3700	Rs. 3,978	Rs. 2,500	- -	Rs. 12,000

വാഴകൃഷി

വാഴകൃഷിക്ക് പ്രശസ്തി ആർജ്ജിച്ചുവരുന്ന പ്രദേശമാണ് ഈ പഞ്ചായത്ത്. ഏതാണ്ടെല്ലാവാർഡുകളിലുമായി 225 ഹെക്ടറിൽ വാഴ കൃഷിചെയ്യുന്നു. ഏത്തവാഴ, റോബസ്റ്റ വാഴ തുടങ്ങി എല്ലാത്തരം ഇനങ്ങളും കൃഷിചെയ്യുന്ന പ്രദേശമാണിത്. വാഴകൃഷിക്ക് ആധുനിക സങ്കേതങ്ങൾ ഉപയുക്തമാക്കുന്നവരാണ് ഈ പഞ്ചായത്തിലേ കർഷകർ. ഈ കൃഷിയെ മാത്രം ആശ്രയിച്ചുകഴിയുന്ന നൂറു കുടുംബങ്ങളിവിടെയുണ്ട്. പഞ്ചായത്തിലെ കർഷകർക്ക് ലാഭം നൽകുന്ന വാഴകൃഷി, സാദ്ധ്യതകൾ ഏറെ വളർത്തുന്നു. എന്നാൽ കർഷകർക്ക് ഇനിയും

മാന്യമായ പ്രതിഫലം ലഭിക്കേണ്ടതായിട്ടാണുള്ളത്. കൃഷിക്കാരെ ചൂഷണം ചെയ്യുന്ന ഇടനിലക്കാരാണ് മാർക്കറ്റിൽ പണമുണ്ടാക്കുന്നത്. നിലവിലുള്ള ഏതെങ്കിലും ഒരു സഹകരണ സംഘം ഉൽപ്പന്നം സംഭരിക്കാനുള്ള രണ്ടോ മൂന്നോ കേന്ദ്രങ്ങൾ തുടങ്ങിയാൽ വാഴപ്പഴത്തിന്റെ വിപണിയുടെ നാഡീകേന്ദ്രം കരുമാല്ലൂർ ആക്കി മാറ്റാൻ കഴിയും, കർഷകർക്ക് മാന്യമായ പ്രതിഫലം കിട്ടുകയും ചെയ്യും. തൊഴിൽ സാദ്ധ്യതകൾ ഈ രംഗത്തേറെയാണ്.

വാഴകർഷകർ നേരിടുന്ന വലിയ വെല്ലുവിളി പ്രകൃതിക്ഷോഭമാണ്. ശക്തമായ കാറ്റിൽ പതിനായിരക്കണക്കിന് വാഴകൾ നശിക്കുന്നു. ഇതിൽ നിന്നു കർഷകരെ രക്ഷിക്കാൻ അടിയന്തിര നടപടികൾ വേണം. നഷ്ടം സംഭവിച്ചവർക്ക് ഉടനടി നഷ്ടപരിഹാരം എത്തിക്കുകയും വേണം. കുലച്ചവാഴ നശിച്ചവർക്ക് ഇപ്പോൾ നല്കിവരുന്ന തുക വാഴ ഒന്നിന് 25 രൂപയാണ്. ഈ തുക തികച്ചും അപര്യാപ്തമാണ്. ഇത് വർദ്ധിപ്പിക്കാൻ വേണ്ട നടപടികൾക്ക് സർക്കാരിൽ സമ്മർദ്ദം ചെലുത്തണം. കൂടുതൽ പ്രദേശത്ത് വാഴകൃഷി വ്യാപിപ്പിക്കാൻ കർഷകർക്ക് പ്രോൽത്സാഹനം നൽകുന്ന നടപടി പഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടാകണം.

വിള ഇൻഷൂറൻസ് പദ്ധതി വാഴകർഷകർക്ക് ഏറെ സഹായകമാണ്. കൂടുതൽ കർഷകരെ ഈ പദ്ധതിയിൽ പെടുത്താൻ പഞ്ചായത്ത് ശ്രമിക്കണം. കർഷകർ അടക്കേണ്ട പ്രീമിയത്തിന് പഞ്ചായത്ത് ധനസഹായം നൽകണം. 1995 - 96 വർഷത്തിൽ മാത്രം 5,09,230 രൂപ നഷ്ടപരിഹാരം ലഭ്യമാക്കാൻ കൃഷിഭവൻ ശ്രമിച്ചുവരുന്നു.

പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി - അവലോകനം

വർഷം	വിതരണം ചെയ്ത തുക
1992 - 93	Rs. 1,08,500
1994 - 95	,, 2,07,395
1995 - 96	,, 17,65,800
1996 - 97	,, 5,68,104

<u>പച്ചക്കറി കൃഷി</u>

പറവൂർ, ആലുവാ മാർക്കറ്റുകളിൽ പ്രാദേശികമായി പച്ചക്കറി എത്തിക്കുന്ന ഒരു പ്രധാന പ്രദേശമാണ് കരുമാലൂർ പഞ്ചായത്ത്. പെരിയാറിന്റെ സമതലപ്രദേശത്ത് വിവിധതരം പച്ചക്കറി കൃഷിചെയ്യുന്നു. പച്ചക്കറി കൃഷിക്ക് അനുയോജ്യമായ മണ്ണും, കാലാവസ്ഥയുമാണ് ഇവിടുത്തേത്. പ്രധാനമായും ചേന, ചീര, പീച്ചിൽ, പാവക്ക, വഴുതന, വെണ്ട, പടവലം, പയർ എന്നിവ ഈ ഭാഗങ്ങളിൽ കൃഷി ചെയ്യുന്നു.

എന്നാൽ പച്ചക്കറി കൃഷിചെയ്യാവുന്ന ഭൂമിയുടെ ഒരു ചെറിയ അംശം മാത്രമാണ് വിനിയോഗിക്കുന്നത്. ഇതിനു കാരണം ആവശ്യമായ വിത്തിനം, വളം, ഉപദേശം, ജലസേചനം എന്നിവയുടെ അഭാവമാണ്. 4500ൽ പരം കുടുംബങ്ങൾ 50 സെന്റ് ഭൂമിക്ക് താഴെ ഉടമസ്ഥാവകാശമുള്ളവരാണ്. ഇക്കൂട്ടർക്കായി പ്രത്യേകം ബോധവൽക്കരണം സംഘടിപ്പിക്കണം. പഞ്ചായത്തിലെ ഒരു തുണ്ടു ഭൂമി പോലും പാഴാകാതെ നോക്കാൻ ബോധവൽക്കരണം ഉപകരിക്കും. എല്ലാ വാർഡുകളിലും പച്ചക്കറി കൃഷിക്ക് പ്രേരണ നൽകാനുള്ള സന്നദ്ധപ്രവർത്തകരുടെ സെൽ രൂപീകരിക്കാവുന്നതാണ്. ഊർജ്ജിതമായ പച്ചക്കറി കൃഷി പഞ്ചായത്ത് ഏറ്റെടുത്ത് നടത്തണം.

പ്രാരംഭം എന്ന നിലയിൽ ആദ്യവർഷം ഒരു വാർഡിൽ 50 സെന്റിന് താഴെ ഭൂമിയുള്ള 100 കുടുംബിനികളെ തെരെഞ്ഞെടുത്ത് ബോധവൽക്കരണം നടത്തി സൗജന്യമായ വിത്തുകൾ നൽകണം. സൗജന്യ നിരക്കിൽ വളവും എത്തിക്കണം. ഇതിന്റെ പ്രയോജനം വ്യാപകമായി പ്രചരിപ്പിക്കാൻ കഴിയണം. അടുത്ത വർഷം ഇതേ പദ്ധതിയോടൊപ്പം തന്നെ 2-3 വാർഡുകളിലെ മുഴുവൻ സ്ഥലവും പച്ചക്കറി കൃഷിക്ക് ഉപയോഗിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്തുക. തുടർച്ചയായി 5 വർഷം ഈ പരിശ്രമം നടത്തിയാൽ ഒരു ഹരിതവിപ്ലവും തന്നെ പഞ്ചായത്തിൽ സുസാധ്യമാക്കാം. കൂടാതെ 50 സെന്റിൽ അധികമുള്ള മുഴുവൻ പേരേയും വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യാൻ പ്രേരിപ്പിക്കണം. ഈ രംഗത്ത് കാര്യമായ ബോധവൽക്കരണവും, തുടർച്ചയായ പ്രേരണയും ഉണ്ടെങ്കിൽ പഞ്ചായത്തിലെ കാർഷികരംഗം ഹരിതാഭമാകുന്നത് കാണുമാറാകും.

പട്ടികജാതി-പട്ടികവർഗ്ഗ വികസന പദ്ധതി - താരതമ്യം

വർഷം	തെങ്ങിന് വളം	ബയോഗ്യാസ് പ്ലാന്റ്	കിണർ	അടയ്ക്കാതൈ	കുരുമുളക് കൊടി	വാഴക്കണ്ണ്	പച്ചക്കറി വിത്ത്
1992-93	Rs. 27,118	4എണ്ണം 20,000/-	11എണ്ണം 10,600/-	--	--	--	--
93-94	Rs. 4144	4 21,600/-	--	60എണ്ണം Rs. 360/-	200എണ്ണം Rs. 100/-	100എണ്ണം Rs. 300/-	
94-95	54 തെങ്ങ് 12,300	--	4 Rs. 20,000/-	--	--	100എണ്ണം Rs. 500/-	20 എണ്ണം R.s. 100/
95-96 Target	660 തൈ 35,355/-	--	--	1140 എണ്ണം	5600എണ്ണം		720 പാക്കറ്റ്

മറ്റ് വിളകൾ

റബ്ബർ, കവുങ്ങ്, മരച്ചീനി, കുരുമുളക്, ജാതി എന്നിങ്ങനെയുള്ള വിളകളും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിലാണ് റബ്ബർ ഉള്ളത്. അവിടെ റബ്ബർ കൃഷിചെയ്യുന്നവരെ പ്രോത്സാഹിപ്പിക്കാവുന്നതാണ്. 8-ാം വാർഡിലെ കളിമണ്ണ് കലർന്ന മണ്ണ് റബ്ബർ കൃഷിക്ക് ഉപയോഗിക്കാവുന്നതാണ്. പരീക്ഷണാർത്ഥം 4 ഏക്കറിൽ കൃഷിചെയ്ത 2 കർഷകർക്ക് റബ്ബർ വിജയകരമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഈ പ്രദേശത്ത് റബ്ബർ കൃഷി ചെയ്യാൻ പ്രേരിപ്പിക്കാവുന്നതാണ്.

ഏതാണ്ട് 50 ഹെക്ടർ സ്ഥലത്ത് മരച്ചീനിയും, 36 ഹെക്ടർ സ്ഥലത്ത് കവുങ്ങും, 19 ഹെക്ടർ സ്ഥലത്ത് കുരുമുളകും കൃഷി ചെയ്യുന്നതായിട്ടാണ് കണക്ക്. ഇതിൽ കവുങ്ങ്, കുരുമുളക് എന്നിവക്കൊഴികെ മറ്റ് വിളകൾക്കൊന്നിനും സർക്കാരിന്റെ പ്രോത്സാഹനം ലഭ്യമല്ല. മരച്ചീനി, ജാതി, ഗ്രാമ്പൂ, വെറ്റില, പൈനാപ്പിൾ കൃഷിക്ക് പഞ്ചായത്തിൽ നല്ല സാധ്യതകളാണുള്ളത്. ഇവയെ പ്രോത്സാഹിപ്പിക്കാൻ പഞ്ചായത്ത് നടപടികൾ എടുക്കണം. പഞ്ചായത്തിലുല്പാദിപ്പിക്കുന്ന അടക്ക സംസ്കരിക്കാനുള്ള ഒരു കേന്ദ്രം തുറക്കാവുന്നതാണ്. കുരുമുളക് കൃഷിയെ പ്രോത്സാഹിപ്പിക്കാൻ പഞ്ചായത്ത് നടപടികളെടുക്കണം. തെങ്ങിൻ പുരയിടത്തിൽ ഇടവിളയായി ജാതി, ഗ്രാമ്പൂ, കുരുമുളക് കൃഷികൾക്ക് പ്രോത്സാഹനം നൽകണം. ഔഷധച്ചെടികൾ, കച്ചോലം, ആവണക്ക് കൃഷി, പുഷ്പകൃഷി എന്നിവയും പ്രോത്സാഹിപ്പിക്കണം. പഞ്ചായത്തിലുള്ള പാതകൾക്കിരുവശവും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കാവുന്നതാണ്.

ബയോഗ്യാസ് പദ്ധതി - താരതമ്യം.

വർഷം	വിതരണം ചെയ്ത എണ്ണം	സബ്സിഡി തുക. രൂപ
92-93	5	15,000
93-94	4	9,600
94-95	7	17,000
95-96	3	7,200

നിലവിലുള്ള പദ്ധതികൾ

സമഗ്ര നാളികേര വികസന പദ്ധതി, ഊർജ്ജിത നെല്ലുൽപ്പാദന പദ്ധതി, പട്ടികജാതി-പട്ടികവർഗ്ഗ വികസന പദ്ധതി, പ്രകൃതി ദുരിതാശ്വാസ പദ്ധതി, വിള ഇൻഷൂറൻസ് പദ്ധതി, ബയോ ഗ്യാസ് പദ്ധതി, വിത്ത് ഉൽപ്പാദന പദ്ധതി, യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽ ദാന പദ്ധതി എന്നീ സർക്കാർ ആവിഷ്കൃത പദ്ധതികളാണ് നിലവിലുള്ളത് (ചാർട്ടുകൾ നോക്കുക) ഇവയുടെ ഫലപ്രദമായ നടത്തിപ്പിനും, കൂടുതൽ ഫണ്ടിനും വേണ്ടി പഞ്ചായത്ത്

നടപടികൾ കൈക്കൊള്ളണം. പ്രവർത്തനം നിർത്തിയ ഗ്രൂപ്പ് ഫാമിംഗ്, നെല്ലുൽപ്പാദന രംഗത്ത് പഞ്ചായത്ത് ഏറ്റെടുക്കണം.

ജലസേചനം.

പെരിയാറിന്റെ തലോടൽ പഞ്ചായത്തിനൊരനുഗ്രഹമാണ് എന്ന് നേരത്തേ സൂചിപ്പിച്ചുവല്ലോ. പഞ്ചായത്ത് അതിർത്തിയിൽ ജലസേചന സൗകര്യാർത്ഥം 5 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളാണ് നിലവിലുള്ളത്. വെളിയത്തുനാട് നമ്പർ 1, വെളിയത്തുനാട് നമ്പർ 11, വെളിയത്തുനാട് ഈസ്റ്റ്, കരുമാല്ലൂർ നമ്പർ 1, കരുമാല്ലൂർ നമ്പർ 11 എന്നിവയാണാപദ്ധതികൾ.

പദ്ധതിയുടെ പേര്	കനാലിന്റെ നീളം	ജലസേചനം നടത്തുന്ന ഭൂമി
വെളിയത്തുനാട് No.I	7857 മീറ്റർ	345.14 ഹെക്ടർ
,, No. II	1675 മീറ്റർ	
വെളിയതതുനാട് ഈസറ്റ്	1050 മീറ്റർ	41. ഹെക്ടർ
കരുമാല്ലൂർ No. I	1840 മീറ്റർ	111.82 ഹെക്ടർ
കരുമാല്ലൂർ No II	1630 മീറ്റർ	54.34
	114.052 കി. മീ	552. 30 -ഹെക്ടർ

ഈ പദ്ധതികളുടെ കനാലിന്റെ മൊത്തം നീളം 14.052 കി.മീറ്റർ ആണ്. 552.30 ഹെക്ടർ സ്ഥലത്ത് ജലസേചനത്തിനു വേണ്ട വെള്ളം ഈ കനാലിലൂടെ ഒഴുകിയെത്തുന്നു.

ഇതുകൂടാതെ പെരിയാർവാലിയുടെ കനാലുകൾ പഞ്ചായത്തിലൂടെ കടന്നു പോകുന്നുവെങ്കിലും, വെള്ളം തുറന്നു വിടുന്നില്ല. പ്രസ്തുത കനാലിലൂടെ വെള്ളം തുറന്നു വിടുന്നതിന് ഇഷ്ടിക കളക്കാരാണ് പ്രതിബന്ധം സൃഷ്ടിക്കുന്നത്. പെരിയാർ വാലിയിലൂടെ വെള്ളം ഒഴുകിയാൽ പഞ്ചായത്തിന്റെ കുറച്ചധികം ഭാഗങ്ങളിൽ കൃഷിക്ക് വെള്ളം ലഭ്യമാക്കാനും, കുടിവെള്ളക്ഷാമം പരിഹരിക്കാനും കഴിയും. പെരിയാർ വാലിയുടെ അവസാനം 10-ാം വാർഡിലായതിനാൽ വെള്ളം പമ്പ് ചെയ്താൽ, ആ പ്രദേശമുൾപ്പെടെ പഞ്ചായത്തിൽ ഏതാണ്ടെല്ലായിടത്തും കൃഷി വർദ്ധിഷിക്കാൻ കഴിയും.

നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ കനാലുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യാത്തതിനാൽ, വെള്ളച്ചോർച്ച സംഭവിക്കുന്നു. കാലാകാലങ്ങളിൽ ആവശ്യമായ ഫണ്ട് അനുവദിച്ച് കനാലിന്റെ അറ്റകുറ്റപ്പണികൾ തീർക്കേണ്ടതാണ്.

പഞ്ചായത്തിലെ ജലസേചന സൗകര്യം വർദ്ധിപ്പിക്കാൻ തത്തപ്പിള്ളി-ചുങ്കം ബണ്ട് കെട്ടി ഓരുവെള്ളം തടയുന്നതിന് വർഷങ്ങൾക്ക് മുമ്പ് സമർപ്പിച്ച പദ്ധതിക്ക് ഉടനടി അനുവാദം നൽകേണ്ടതാണ്. ഈ പദ്ധതി നടപ്പായാൽ 6,7,8,9 വാർഡുകളിൽ വമ്പിച്ച കാർഷിക സാധ്യതകൾ ഉണ്ട്. 3-ാം വാർഡിൽ കല്ലുകടവിൽ നിന്നും വെള്ളം പമ്പ് ചെയ്ത് തുടലിക്കുന്ന് പ്രദേശത്ത് ടാങ്കിൽ ശേഖരിച്ച് ജലസേചനത്തിന് ഉപയോഗിക്കണം. 25 ഏക്കർ പ്രദേശത്ത് പുതുതായി തെങ്ങു കൃഷി ചെയ്യാൻ ഇത് ഉപകാരപ്പെടും. മാളവന ഭാഗത്ത് സ്ലൂയിസ്-കം-ബ്രിഡ്ജ് നിർമ്മിച്ചാൽ 10, 11, 12 വാർഡുകളിലെ കാർഷിക വൃത്തി അഭിവൃദ്ധിപ്പെടുത്താൻ കഴിയും. അടുക്കളച്ചിറ, തൃക്കുളം, കാരുചിറ മുതലായ ജലസ്രോതസ്സുകൾ ജലസേചനത്തിനും, മത്സ്യക്കൃഷിക്കും ഉപയുക്തമാക്കാവുന്നതാണ്.

സംക്ഷേപം.

കരുമാല്ലൂർ പഞ്ചായത്തിൽ അനന്ത സാധ്യതകളുള്ള മേഖലയാണ് കാർഷിക രംഗം. ഭൂമിയുടെ ശരിയായ വിനിയോഗം, കൃത്യമായ ജലസേചന സൗകര്യം, ജൈവവള പ്രയോഗം, ബോധവൽക്കരണം, കാലാകാലങ്ങളിലുള്ള ധനസഹായങ്ങൾ എന്നിവ ലഭ്യമാക്കിയാൽ ഈ മേഖലയിലെ പുരോഗതി വർണാതീതമാകും, തീർച്ച.

- പ്രശ്നങ്ങൾ -

1. പെരിയാർ വാലി കനാലിലൂടെ വെള്ളം ഒഴുകുന്നില്ല.
2. തൊഴിലാളികളുടെ അഭാവം ഉണ്ട്.
3. 3, 4 വാർഡുകളിലെ വെള്ളക്കെട്ട് കൃഷിക്ക് തടസ്സം.
4. കാറ്റു വീഴ്ച രോഗം തെങ്ങിനെ സാരമായി ബാധിക്കുന്നു.
5. ഇടവിള പദ്ധതികളില്ല.
6. പല വാർഡുകളിലും ജലസേചന സൗകര്യങ്ങൾ പരിമിതം
7. ഇൻഷ്വുറൻസ് - ദുരിതാശ്വാസം യഥാവിധി ലഭ്യമല്ല.
8. നെൽകൃഷിക്ക് ചിലവ് വർദ്ധന; രോഗം
9. നെല്ലിന് മാന്യമായ വില ലഭ്യമല്ല
10. ഓരു വെള്ളം കൃഷിക്ക് ദോഷം ചെയ്യുന്നു.
11. പമ്പ്സെറ്റുകൾക്ക് യഥാസമയം കണക്ഷൻ ലഭിക്കുന്നില്ല.
12. പച്ചക്കറി കൃഷിക്ക് വിത്ത്, വളം ലഭ്യമല്ല.
14. ജൈവ വളം, കാർഷിക വായ്പകൾ ഇവ ലഭ്യമാക്കണം.

- സാധ്യതകൾ -

1. പെരിയാർ വാലി കനാലിലൂടെ ജലം വിടാൻ സമ്മർദ്ദം വേണം
2. ആധുനിക യന്ത്രങ്ങൾ (നടീൽ, കൊയ്ത്ത്, മെതി) പഞ്ചായത്ത് എത്തിക്കണം.
3. നിലവിലുള്ള സർവ്വീസ് സഹകരണ ബാങ്കുകൾ നാളികേര സംഭരണം, സംസ്കരണം ഏറ്റെടുക്കണം.
4. 3,4 വാർഡുകളിൽ ജലനിർഗമന മാർഗ്ഗങ്ങൾ വേണം.
5. രോഗം ബാധിച്ച തെങ്ങ് വെട്ടി, പുതിയ തൈകൾ വെക്കാൻ സഹായം നൽകണം.
6. ഇടവിള പദ്ധതിയായി കുരുമുളക്, ജാതി, ഗ്രാമ്പൂ, മരച്ചീനി, പൈനാപ്പിൾ എന്നിവ പ്രോത്സാഹിപ്പിക്കണം.
7. നിലവിലുള്ള കനാലുകൾ അറ്റകുറ്റപണികൾ നടത്തണം.
8. വെഞ്ചാൽ-കാരിപ്പുഴ തോട് തെളിച്ചെടുക്കണം.
9. പുല്പാഞ്ചിറത്തോട് നന്നാക്കണം.
10. 3-ാം വാർഡിൽ കല്ലുകടവിൽ നിന്നും, തുടലിക്കുന്നിൽ വെള്ളം സംഭരിച്ച് കൃഷിക്കുപയുക്തമാക്കണം.
11. 7-ാം വാർഡിൽ ഇടനിലം-തൊപ്പലക്കുഴി പ്രദേശത്ത് വെള്ളക്കെട്ട് ഒഴിവാക്കണം. കോട്ടുതറ തോട് ആഴം കൂട്ടി വെള്ളക്കെട്ട് ഒഴിവാക്കാവുന്നതാണ്.
12. ഇൻഷ്യൂറൻസ് പ്രീമിയത്തിന് പഞ്ചായത്ത് ധനസഹായം നൽകണം.
13. ദുരിതാശ്വാസ തുക വർദ്ധിപ്പിക്കാനും, യഥാസമയം എത്തിക്കാനും സമ്മർദ്ദം വേണം.
14. നെൽകൃഷിക്ക് കാർഷിക കൂട്ടായ്മ (ഗ്രൂപ്പ് ഫാമിംഗ്) ഏർപ്പെടുത്തണം.
15. നെല്ല് സംഭരിക്കാനും, അരിയാക്കി മാറ്റാനും നിലവിലുള്ള സഹകരണ സംഘങ്ങളെ പ്രേരിപ്പിക്കണം.
16. ഇഷ്ടിക കളങ്ങളെ നിയന്ത്രിക്കണം.
17. നെല്ല് കർഷകർക്ക് ബോധവൽക്കരണം വേണം.
18. മണ്ണ് പരിശോധനക്ക് പഞ്ചായത്ത് തല സംവിധാനം വേണം.
19. കൈപ്പട്ടി ബണ്ട് കെട്ടി, ഓരുവെള്ളം തടയണം.
20. തത്തപ്പള്ളി-ചുങ്കം ബണ്ട് യാഥാർത്ഥ്യമാക്കണം.
21. മാളവന ഭാഗത്ത് സ്ലൂയിസ്-കം-ബ്രിഡ്ജ് നിർമ്മിക്കണം.
22. എളന്തിക്കര-ചേന്ദമംഗലം എന്നിവയെ ബന്ധിപ്പിക്കുന്ന രണ്ടു തോടുകളും ഓരുവെള്ളം കയറാതെ ബണ്ട് കെട്ടണം.

23. കാർഷികാവശ്യങ്ങൾക്ക് വൈദ്യുതി ഉടനെ ലഭ്യമാക്കണം.

24. അമിത രാസവള-കീടനാശിനി പ്രയോഗം നിരുത്സാഹപ്പെടുത്തി, ജൈവവളം പ്രോത്സാഹിപ്പിക്കണം.

25. ഒരു ജൈവ വള യുണിറ്റ് വേണം.

26. ഒരു കാർഷിക നഴ്സറി പഞ്ചായത്ത് സ്ഥാപിക്കണം.

27. വാർഡിൽ 100 വീടുകൾ എന്ന നിരക്കിൽ കുടുംബിനികൾക്ക് പച്ചക്കറി കൃഷി ചെയ്യാൻ വിത്ത്, വളം എന്നിവ എത്തിക്കണം.

28. വിളമാറ്റം (Crop Rotation) പ്രോത്സാഹിപ്പിക്കണം

.29. നെൽകൃഷിക്ക് നീറ്റുകക്ക, കീടനാശിനി, കളനാശിനി സബ്സിഡി ഏർപ്പെടുത്തണം.

30. വാഴക്കായ് സംഭരിച്ച് വിതരണം ചെയ്യാൻ സഹകരണ സംഘങ്ങൾ 2-3 കേന്ദ്രങ്ങൾ ആരംഭിക്കണം.

31. ചെറു ജലസ്രോതസ്സുകളെ ജലസേചനത്തിന് ഉപയുക്തമാക്കാൻ പ്രേരണ വേണം.


32. അടുക്കളച്ചിറ, തൃക്കുളം, കാരുചിറ എന്നീ ജലസ്രോതസ്സുകൾ കൃഷിക്ക് ഉപയുക്തമാക്കണം; മത്സ്യകൃഷി പ്രോത്സാഹിപ്പിക്കണം.

33. ഭൂമിയില്ലാത്ത വാഴ കർഷകർക്ക് പമ്പ് സെറ്റ് സ്ഥാപിക്കാൻ ധനസഹായം നൽകണം.

34. കാർഷിക വായ്പകൾ ഉദാരമാക്കണം.

35. കള്ളിക്കുഴി-മുറിയാക്കൽ തോട് ഒരടി കൂടി താഴ്ത്തി സംരക്ഷിക്കാനുള്ള നടപടി വേണം, കയ്യേറ്റക്കാരെ ഒഴിവാക്കണം.

മൃഗസംരക്ഷണം



ചെറുകിട, പരിമിത – കർഷകരും കർഷക തൊഴിലാളികളും വസിക്കുന്ന ഒരു കാർഷിക ഗ്രാമ പഞ്ചായത്താണ് കരുമാല്ലൂർ. കൃഷി, കന്നുകാലി വളർത്തൽ, കോഴി വളർത്തൽ മുതലായവയെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു സാമ്പത്തിക വ്യവസ്ഥിതിയാണ് നിലവിലുള്ളത്. പച്ചവിരിച്ച നെൽപ്പാടങ്ങളും, ഹരിതാഭമായ കുന്നിൻപുറങ്ങളും, ഫലഭൂയിഷ്ഠമായ പെരിയാറിന്റെ തീരപ്രദേശങ്ങളും കന്നുകാലി, കോഴി വളർത്തലിന് വളരെ അനുകൂലമായ ഘടകങ്ങളാണ്.

ഭൂപരിഷ്കരണം മൂലം വ്യാപകമായി കൃഷി ചെയ്തിരുന്ന ഭൂപ്രദേശങ്ങൾ വിഭജിക്കപ്പെട്ടു. ജനസാന്ദ്രത വർദ്ധിച്ചതുമൂലം ശേഷിച്ച ഭൂമിയും വിഭജിച്ചുകൊണ്ടിരിക്കുന്നു. ഇതു മൂലം കന്നുകാലികളെ അഴിച്ചുവിട്ടു മേയ്ക്കുകയും, അതുവഴി ലാഭകരമായി ക്ഷീരോല്പാദനം നടത്തുതയും ചെയ്തിരുന്ന ക്ഷീരകർഷകർക്ക് ഈ വൃത്തിയിൽ തുടർന്നു പോകുവാൻ തടസ്സങ്ങൾ നേരിട്ടു. നിലവിൽ 80% ത്തോളം വരുന്ന ക്ഷീരകർഷകർ 20 സെന്റിൽ താഴെ മാത്രം ഭൂമിയുള്ളവരായതിനാൽ അത്യുത്പാദനശേഷിയുള്ള തീറ്റപ്പുല്ല് കൃഷി ചെയ്യുവാനും, അതുവഴി ലാഭകരമായി ക്ഷീരോല്പാദനം നടത്തുവാനും സാദ്ധ്യമല്ലാതായി.

നിലവിലുള്ള ഭൂരിഭാഗം കന്നുകാലികളും അത്യുല്പാദനശേഷിയുള്ള സങ്കരവർഗ്ഗത്തിൽ പെടുന്നതായതിനാൽ സെൻസസ് പ്രകാരം പശുക്കളുടെ എണ്ണത്തിൽ കുറവു വന്നിട്ടുണ്ടെങ്കിലും പാലുത്പാദനത്തിൽ ഗണ്യമായ വർദ്ധനവു രേഖപ്പെടുത്തിയിട്ടുണ്ട്.

ലാഭകരമായ ക്ഷീരോത്പാദനത്തിന് ആവശ്യമായ തീറ്റപ്പുല്ലിന്റേയും മറ്റ് അസംസ്കൃത പദാർത്ഥങ്ങളുടെയും ലഭ്യത ഗണ്യമായി കുറഞ്ഞതിനാലും, സ്വകാര്യകാലിത്തീറ്റ ഉത്പാദകരിൽ നിന്നും വളരെ കൂടിയ വിലയ്ക്ക് കാലിത്തീറ്റ വാങ്ങേണ്ടിവരുന്നതിനാലും, പാലിൽ നിന്നു കിട്ടുന്ന വരുമാനം ഗണ്യമായി കുറയാൻ കാരമമായി. ഈ പ്രവണത തുടർന്ന് വരുന്നതിനാൽ കൂടുതൽ കർഷകർ ഈ മേഖലയിൽ നിന്നും വിട്ടുപോയിക്കൊണ്ടിരിക്കുന്നു.

മുൻകാലങ്ങളിൽ വ്യാപകമായി നെല്കൃഷി നില നിന്നിരുന്നതിനാൽ കുറഞ്ഞ വിലയ്ക്ക് ധാരാളം വൈക്കോൽ ലഭ്യമായിരുന്നു. എന്നാൽ നെൽകൃഷി തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്നതിനാൽ വൈക്കോലിന്റെ ലഭ്യത വളരെ കുറയുകയും ഉള്ളതിന്

അമിതമായ വില നല്കേണ്ടിവരികയും ചെയ്യുന്നു. മിക്കവാറും എല്ലാ കാലങ്ങളിലും വൈക്കോൽ വൻ വില നല്കി പാലക്കാട് മുതലായ സ്ഥലങ്ങളിൽ നിന്നും കൊണ്ടുവരേണ്ട അവസ്ഥാവിശേഷമാണ് നിലവിലുള്ളത്. ഈ സ്ഥിതി കർഷകരെ കാലിവളർത്തൽ മേഖലയിൽ വളരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

കരുമാല്ലൂർ പഞ്ചായത്തു പരിധിയിൽ മാഞ്ഞാലി, കരുമാല്ലൂർ, മനക്കപ്പടി എന്നീ സ്ഥലങ്ങളിൽ ക്ഷീരസഹകരണസംഘങ്ങളാണ് കർഷകരുടെ പാൽസംഭരണ വിപണനത്തിനുള്ള ആശ്രയം. ക്ഷീരോത്പാദനത്തിൽ ലാഭം കുറഞ്ഞു തുടങ്ങിയതോടെ ക്ഷീരസഹകരണസംഘങ്ങളിൽ നിന്നും കർഷകർക്കു ലഭിക്കുന്ന പാൽവില തീരെ അപര്യാപ്തമാണെന്ന് കർഷകർ വ്യാപകമായി പരാതിപ്പെടുന്നു. പഞ്ചായത്തു മേഖലയിൽ വളർന്നു വരുന്ന സ്വകാര്യ പാൽ സംഭരണ വിപണനക്കാർ ഗുണനിലവാരം കുറഞ്ഞ പാൽ കർഷകരിൽ നിന്ന് നേരിട്ടു സംഭരിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നതുമൂലം ചില പ്രദേശങ്ങളിലെ ക്ഷീരസംഘങ്ങൾ അടച്ചുപൂട്ടൽ ഭീഷണിയെ നേരിടുന്നു. ആയതിനാൽ പാലിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുകയും ഉപഭോക്താക്കൾക്ക് നല്ല പാൽ ലഭിക്കുന്തിനാവശ്യമായ നടപടികൾ ഉണ്ടാക്കുകയും വേണം.


കരുമാല്ലൂർ പഞ്ചായത്തിന്റെ വടക്കു കിഴക്കു ഭാഗമായി, തടിക്കക്കടവിലും, ഏതാണ്ട് മദ്ധ്യഭാഗത്തായി വരുന്ന കരുമാല്ലൂരുമാണ് രണ്ടു മൃഗാശുപത്രികൾ പ്രവർത്തിക്കുന്നു. IX വാർഡിൽ ഒരു ഉപകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിന്റെ X, XI, XII വാർഡുകൾ ഉൾപ്പെടുന്ന മാഞ്ഞാലി, മാട്ടുപുറം പ്രദേശങ്ങളിൽ മൃഗസംരക്ഷണഉദ്യോഗസ്ഥന്മാരുടെ സേവനം ലഭ്യമല്ല. കന്നുകാലികളുടെ എണ്ണവും പാൽ ഉൽപാദനം ഏറെയുള്ള ഈ പ്രദേശത്ത് ഒരു മൃഗാശുപത്രിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തി, പരമാവധി കർഷകർക്ക് ഉപയുക്തമാകും വിധം കാര്യക്ഷമമാക്കുകയും വേണം. ബ്ലോക്ക് അടിസ്ഥാനത്തിൽ ആലുവായിൽ പ്രവർത്തിക്കുന്നതിനാൽ പഞ്ചായത്തുതലത്തിൽ ക്ഷീരവികസന വകുപ്പിന്റെ വിവിധതരം പദ്ധതികൾ കർഷകർക്കു ലഭ്യമാക്കുന്നതിൽ കുറവു വരുന്നതായി കാണുന്നു. ക്ഷീരവികസനവകുപ്പിന്റെ പ്രവർത്തനം പഞ്ചായത്തടിസ്ഥാനത്തിൽ കേന്ദ്രീകരിക്കാൻ വേണ്ട നടപടികൾ വേണം.

പഞ്ചായത്തു പ്രദേശത്തുള്ള നാശോന്മുഖമായ കുളങ്ങൾ സംരക്ഷിച്ചു മത്സ്യം വളർത്തലിന് ഉപയുക്തമാക്കാൻ വേണ്ട സഹായസഹകരണങ്ങൾ ബന്ധപ്പെട്ട വകുപ്പിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്.

പ്രശ്നങ്ങളും പരിഹാരങ്ങളും

- ക്ഷീരവികസനവകുപ്പിൽ നിന്നും തൊഴുത്തു നിർമ്മാണത്തിനു നല്കുന്ന ധനസഹായം അപര്യാപ്തമാണ്. തൊഴുത്തുകളുടെ അറ്റകുറ്റപ്പണികൾക്ക് കൂടി സാമ്പത്തികസഹായം ലഭ്യമാക്കണം.
- കൃത്രിമബീജസങ്കലനകേന്ദ്രങ്ങൾ ഇല്ലാത്ത എല്ലാ കേന്ദ്രങ്ങളിലും I. C. D. P. ആരംഭിക്കേണ്ടതാണ്.
- മാതൃകാ ഡയറിയൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായം കാലാനുസൃതമായി വർദ്ധിപ്പിച്ച് വാർഡുകൾ തോറും നടപ്പിലാക്കേണ്ടതാണ്.
- നല്ലയിനം തീറ്റപ്പുൽ കൃഷി വ്യാപകമാക്കണം.
- കർഷകർക്ക് പാൽ അളവിന് ആനുപാതികമായി സബ്സിഡി നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കുന്നതിനു നടപടി സ്വീകരിക്കുക.
- നല്ലയിനം കിടാരികളെ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുക.
- പാലിന്റെ ഗുണനിലവാരം പരിശോധന കർശനമാക്കി ഉപഭോക്താവിനു ഗുണനിലവാരമുള്ള പാൽ ലഭിക്കാൻ നിലവിലുള്ള അധികാരങ്ങൾ ക്ഷീരവികസന വകുപ്പിൽ നിക്ഷിപ്തമാക്കി, കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കുക.
- പേവിഷബാധ നിർമ്മാർജ്ജന പരിപാടികൾ കർശനമാക്കേണ്ടതാണ്. ഇതിനായി നായ്ക്കളെ വളർത്താൻ ലൈസൻസ് സമ്പ്രദായം കർശനമാക്കണം.
- വീട്ടമ്മമാർക്ക് പ്രത്യേകമായി മുന്തിയ ഇനം മുട്ടക്കോഴി, താറാവ്, ആട് പന്നി എന്നിവയുടെ കുഞ്ഞുങ്ങളെ വിതരണം ചെയ്യുവാൻ വേണ്ടുന്ന നടപടി സ്വീകരിക്കുക.
- ക്ഷീരകർഷകർക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ സഹകരണ അടിസ്ഥാനത്തിൽ സർകകാർ പങ്കാളിത്തത്തോടെ ഈ പഞ്ചായത്ത് കേന്ദ്രീകരിച്ച് കാലിത്തീറ്റ, കോഴിത്തീറ്റ നിർമ്മാണസ്ഥാപനങ്ങൾ ആരംഭിക്കണം.
- ക്ഷീരകർഷകർക്ക് ക്ഷേമനിധി ഏർപ്പെടുത്തേണ്ടതാണ്.
- തട്ടാംപടിയിൽ പഞ്ചായത്തു വക സ്ഥലത്ത് ഒരു മൃഗാശുപത്രി സ്ഥാപിക്കുക.
- മുട്ട, ഇറച്ചി എന്നിവയുടെ വിപണനം സാധ്യമാകുന്നതിന് സഹകരണസംഘങ്ങൾ രൂപീകരിക്കേണ്ടതാണ്. ശാസ്ത്രീയമായ രീതിയിലുള്ള അറവുശാല സ്ഥാപിക്കുക, റക്കപ്പെടുന്ന മൃഗങ്ങളുടെ ഗുണനിലവാരം നിയമപ്രകാരം കർശനമാക്കുകയും ചെയ്യേണ്ടതാണ്. വളർത്തു മൃഗങ്ങൾക്കുള്ള പ്രതിരോധ കുത്തിവെയ്പുകൾ വീടുകൾ തോറും ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കണം.
- പാൽ ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽകരണത്തിലൂടെ വിപണനമേഖല വിപുലമാക്കുക.

കരുമാല്ലൂർ ഗ്രാമപഞ്ചായത്ത് - 94 -95
വളർത്തുമൃഗങ്ങൾ - പക്ഷികൾ മൊത്തം



1. പശു	-	3500	എണ്ണം
കാള	-	211	എണ്ണം
2. എരുമ	-	134	എണ്ണം
പോത്ത്	-	29	എണ്ണം
3. ആട്	-	60	എണ്ണം
4. പന്നി	-	3500	എണ്ണം
5. പട്ടി	-	903	എണ്ണം
6. കോഴി - നാടൻ	-	14343	എണ്ണം
സങ്കരയിനം	-	1006	എണ്ണം
7. താറാവ്	-	2354	എണ്ണം

കരുമാല്ലൂർ ഗ്രാമപഞ്ചായത്ത് രോഗവിവരങ്ങൾ 94 - 95

ക്രമ നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	കോഴി	പട്ടി	പന്നി	മുയൽ	പൂച്ച	താറാവ്	മറ്റുള്ളവ
1	2	3	4	5	6	7	8	9	10	11	12
1	ദഹനസംബന്ധമായവ	226	-	263	872	-	-	-	-	-	-
2	ശ്വാസകോശസംബന്ധം	76	-	339	632	-	-	-	-	-	-
3	ഉപാപയസംബന്ധം	1183	-	339	-	-	-	-	-	-	-
4	ത്വക്ക് രോഗങ്ങൾ	12	-	-	-	-	-	-	-	-	-
5	ധാതുലവണങ്ങളുടെ അഭാവം	5	-	-	-	-	-	-	-	-	-
6	പരാഗരോഗങ്ങൾ	482	2	55	62	-	-	-	-	-	-
7	പ്രത്യുത്പാദനവ്യവസ്ഥയുമായി ബന്ധപ്പെട്ടവ	704	-	11	-	-	-	-	-	-	-
8	വന്ധ്യത	10	-	-	-	-	-	-	-	-	-
9	അകിടുവീക്കം	100	-	6	-	-	-	-	-	-	-
10	പകർച്ചവ്യാധികൾ	6	-	6	-	-	-	-	-	-	-
11	മുടന്തൻ പനി	48	-	-	-	-	-	-	-	-	-


കരുമാല്ലൂർ ഗ്രാമപഞ്ചായത്ത്

പേവിഷബാധ - പ്രതിരോധവും ചികിത്സയും

വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച	മറ്റുള്ളവ
പ്രതിരോധ കുത്തിവെയ്പ് നടത്തിയവരുടെ എണ്ണം	-	-	-	112	-	--
കടിയേറ്റിന് ശേഷം കുത്തിവെയ്പ് നടത്തിയവരുടെ എണ്ണം	-	-	-	-	-	--

വളർത്തുമൃഗം ഇനം	ആകെ എണ്ണം	കൃത്രിമ ബീജ സങ്കലനം നടത്തിയവ	ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജ സങ്കലനം നടത്തിയവ.
പശു	543	967	55
കിടാരി	295	248	47
എരുമ	63	25	46


മത്സ്യബന്ധനം




1. കരുമാലൂർ പഞ്ചായത്തിലെ കാരിയച്ചിറ, ഇടനിലം, തൊപ്പലക്കുഴി, അടുക്കളച്ചിറ തുടങ്ങി ജലാശയങ്ങൾ മത്സ്യകൃഷിക്കനുയോജ്യമായ വിധത്തിൽ നന്നാക്കി ഉപയോഗപ്പെടുത്തേണ്ടതാണ്. വേനൽക്കാലത്തു ജലസേചന സൗകര്യം നൽകാനും, സമീപപ്രദേശങ്ങളിലെ കിണറുകളിലെ ജലവിതാനം നിലനിർത്താനും ഇതുപകരിക്കും.
2. 8,9. വാർഡുകളുടെ അതിർത്തിയിൽ കൂടി കടന്നുപോകുന്ന ആനച്ചാൽ കൈപ്പട്ടി തോടിനോടനുബന്ധിച്ച് കൃഷിയിടങ്ങളിൽ ചെറിയ തോതിൽ ചെമ്മീൻ കൃഷിയും മത്സ്യകൃഷിയും കാലാവസ്ഥയെ ആയശ്രയിച്ചു നടന്നുവരുന്നുണ്ട്. അത് വേണ്ടത്ര പ്രോൽസാഹനം കൊടുത്ത് വിപുലീകരിക്കാൻ വേണ്ടുന്ന നടപടി സ്വീകരിക്കേണ്ടതാണ്.
3. 6,7,8,9 എന്നീ വാർഡുകളിലേ ഏതാനും ചിലർ പരമ്പരാഗത മത്സ്യബന്ധന രീതിയായ 'വെളളവല ' സമ്പ്രദായത്തിൽ മത്സ്യം പിടിച്ച് ഉപജീവനം നടത്തി വരുന്നുണ്ട്. അവർക്ക് തുടർന്നും ആ തൊഴിലിൽ തന്നെ പ്രോത്സാഹനം കൊടുക്കാൻ നടപടി എടുക്കണം.
4. മത്സ്യങ്ങൾക്കുണ്ടാകുന്ന അസുഖങ്ങൾക്ക് ഫലപ്രദമായ ചികിൽസ ലഭ്യമാക്കണം.

നമ്മുടെ ഗ്രാമത്തിൽ മത്സ്യബന്ധനം ഒരു സംഘടിത തൊഴിൽ, വ്യവസായ മേഖലയായി വികസിച്ചിട്ടില്ല. വിപണന മേഖലയിൽ കുറേ തൊഴിലാളികൾ പ്രവർത്തിക്കുന്നുണ്ട്. അവരുടെ ക്രയശേഷിയും ധനസ്ഥിതിയും വളരെ മോശമാണ്. മത്സ്യത്തൊഴിലാളികൾക്കുള്ള എല്ലാ ആനുകൂല്യങ്ങളും ഇവർ അർഹിക്കുന്നുണ്ട്.

വിദ്യാഭ്യാസവികസന റിപ്പോർട്ട്





ഗുരുകുലങ്ങളും കുടിപ്പള്ളിക്കൂടങ്ങളും നിലനിന്നിരുന്ന ഒരു കാലഘട്ടത്തിൽ നിന്നും ഇന്നത്തെ ആധുനിക വിദ്യാഭ്യാസ സമ്പ്രദായത്തിലേക്ക് കരുമാല്ലൂർ ഗ്രാമ പഞ്ചായത്ത് എത്തിച്ചേർന്നത് എങ്ങിനെയെന്നു ചരിത്ര സാംസ്കാരിക പശ്ചാത്തലത്തിൽ വിശദീകരിച്ചിരിക്കുന്നു. അതിനാൽ ഒരാവർത്തനത്തിന് മുതിരുന്നില്ല.

ഇന്നു കരുമാല്ലൂർ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന വിദ്യാലയം കരുമാല്ലൂർ എസ്. എൽ.ടി. യു. പി. സ്കൂൾ ആണ്. ഈ സ്കൂളിനു മുന്നോടിയായ സെന്റ് ജോസഫ് എൽ.പി. സ്കൂൾ 1922ൽ പ്രവർത്തനം തുടങ്ങി. ഒന്നാം ക്ലാസ്സോടെ ആയിരുന്നു പ്രവർത്തനം. 1952ൽ യു.പി. സ്കൂൾ ആരംഭിച്ചു. പിന്നീട് എൽ.പി. സ്കൂൾ, യു.പി.സ്കൂളിൽ ലയിപ്പിച്ചു. പഞ്ചായത്തിലെ പഴക്കം ചെന്ന രണ്ട് വിദ്യാലയങ്ങളാണ് സെറ്റിൽമെന്റ് സ്കൂൾ, കടുങ്ങല്ലൂർ ഗവൺമെന്റ് എൽ. പി. സ്കൂൾ എന്നിവ. ഇവ രണ്ടും 1947ൽ ആരംഭിച്ചു. മനക്കപ്പടി ഗവൺമെന്റ് എൽ.പി. സ്കൂൾ, മാഞ്ഞാലി എ.ഐ. എസ്.യു.പി. സ്കൂൾ, വെളിയത്തുനാട് ഗവൺമെന്റ് യു.പി. സ്കൂൾ എന്നിവയും അനേകം വർഷങ്ങൾ പിന്നിട്ടവയാണ്. ഇപ്പോൾ നിലവിലുള്ള അംഗീകാരമില്ലാത്ത ഡോൺ സെൻട്രൽ സ്കൂൾ, നാഷണൽ ഐഡിയൽ സ്കൂൾ, ജ്യോതി നിവാസ് പബ്ലിക് സ്കൂൾ എന്നിവ ഈ ദശകത്തിൽ ആരംഭിച്ചതാണ്. ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജ്, കരുമാല്ലൂർ പഞ്ചായത്തിലെ ജനങ്ങളുടെ ഉന്നത വിദ്യാഭ്യാസത്തിനു വളരെ സഹായിച്ചിട്ടുണ്ട്.

രണ്ട് ഹൈസ്കൂളുകൾ, 5 യു.പി. സ്കൂളുകൾ, 5 എൽ.പി. സ്കൂളുകൾ, ഒരു ഐ.ടി.സി. എന്നിവയാണ് പഞ്ചായത്തിൽ നിലവിലുള്ള വിദ്യാലയങ്ങൾ. പട്ടിക താഴെ കൊടുക്കുന്നു

ഈ വിദ്യാലയങ്ങളിൽ എല്ലാം കൂടി 4127 കുട്ടികൾ പഠിക്കുന്നു. കുട്ടികളുടെ ഈ എണ്ണം, കരുമാല്ലൂർ പഞ്ചായത്തിലെ ആകെ കുട്ടികളുടെ എണ്ണത്തെ സൂചിപ്പിക്കുന്നില്ല. നേഴ്സറി മുതൽ ഹൈസ്കൂൾ വരെ അനേകം കുട്ടികൾ ആലുവ – പറവൂർ ഭാഗങ്ങളിലെ വിദ്യാലയങ്ങളിൽ പഠിച്ചു കൊണ്ടിരിക്കുന്നു. ഒരു ഏകദേശ കണക്കനുസരിച്ച് ആയിരം

വിദ്യാലയങ്ങൾ

ക്രമ നമ്പർ	സകൂളിന്റെ പേര്	മീഡിയം	വിഭാഗം	ഉടമസ്ഥത
1	S.L.T. U.P.S. കരുമാല്ലൂർ	മലയാളം	U:P.	എയിഡഡ്
2	M.I.U.P.S. വെളിയത്തുനാട്	മലയാളം	U.P.	സർക്കാർ
3	ദി ആലുവ സെറ്റിൽമെന്റ് ഹൈസ്കൂൾ	മലയാളം ഇംഗ്ലീഷ്	H.S.	അൺഎയിഡഡ്
4	ദി ആലുവ സെറ്റിൽമെന്റ് L.P. സ്കൂൾ	ഇംഗ്ലീഷ്	L.P.	അൺഎയിഡഡ്
5	സെറ്റിൽമെന്റ് ഗവൺമെന്റ് L.P.S.	മലയാളം	L.P.	സർക്കാർ
6	A.I.S. U.P.S. മാഞ്ഞാലി	മലയാളം	U.P.	എയിഡഡ്
7	ഗവൺമെന്റ് L.P.S. മനക്കപ്പടി	മലയാളം	L.P.	സർക്കാർ
8	F.M.C.T.H.S. കരുമാല്ലൂർ	മലയാളം	H.S	എയിഡഡ്
9	നോർത്ത് കടുങ്ങല്ലൂർ ഗവൺമെന്റ് L.P.S.	മലയാളം	L.P.	സർക്കാർ
10	ഡോൺ സെൻട്രൽ E.M. സ്കൂൾ	മലയാളം ഇംഗ്ലീഷ്	L.P.	അൺറെക്കഗ് നൈസ്ഡ്
11	നാഷണൽ ഐഡിയൽ U.P. സ്കൂൾ	മലയാളം	U.P.	അൺറെക്കഗ് നൈസ്ഡ്
12	ജ്യോതി നിവാസ് പബ്ലിക് സ്കൂൾ	ഇംഗ്ലീഷ്	U.P.	അൺറെക്കഗ് നൈസ്ഡ്

അക്കാദമിക് നിലവാരം - മാർക്കിന്റെ അടിസ്ഥാനത്തിൽ

ക്ലാസ്	ആകെ	30%ൽ താഴെ	30-40 ശതമാനം	40-50 ശതമാനം	50-60 ശതമാനം	60%ൽ കൂടുതൽ
3	289	43	43	51	87	65
4	296	38	41	56	79	82
5	324	45	54	54	89	82
6	327	59	49	52	83	84
7	373	40	78	72	93	90
8	190	38	25	30	40	57
9	145	31	21	23	23	47
10	115	46	29	20	12	8

കുട്ടികളെങ്കിലും ഇപ്രകാരം പഠിക്കുന്നുണ്ടാകും.

കുട്ടികളുടെ എണ്ണത്തെ സംബന്ധിക്കുന്ന വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

അക്കാദമിക് നിലവാരം

അക്കാദമിക് നിലവാരം പരിശേധിക്കുമ്പോൾ സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിലെ സ്കൂളുകൾ തന്നെയാണ്, അക്കാര്യത്തിലും പിന്നോക്കം പോയിരിക്കുന്നത്. പ്രത്യേകിച്ച് വെളിയത്തുനാട്, മാഞ്ഞാലി സ്കൂളുകൾ. പഠനം നിർത്തിപ്പോകുന്നവരുടെ കാര്യത്തിൽ ഇവരോടൊപ്പം സർക്കാർ സ്കൂളുകളും മുന്നിൽ നിൽക്കുന്നു.

വിദ്യാഭ്യാസ നിലവാരത്തകർച്ച.

നമ്മുടെ വിദ്യാഭ്യാസ നിലവാരത്തകർച്ചക്ക് പഞ്ചായത്തിന്റേതായ പ്രത്യേക പരിതസ്ഥിതികളും കാരണമാണെങ്കിലും, അടിസ്ഥാന കാരണങ്ങൾ പലതും നയപരമാണ്. സംസ്ഥാനതലത്തിലും ദേശീയ തലത്തിലും പരിഹരിക്കേണ്ടവയാണവ. അവക്ക് പരിഹാരം കാണാതെ പ്രാദേശികമായി നാം എന്തൊക്കെ ചെയ്താലും കാര്യമായ ഫലമുണ്ടാകില്ല. അതിനാൽ വിദ്യാഭ്യാസ നിലവാര തകർച്ചയെക്കുറിച്ച് പഞ്ചായത്തിനുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽ പെടുത്തുന്നു.

1. കുട്ടികൾക്ക് ശാരീരികവും മാനസികവുമായി താങ്ങാനാകാത്ത സിലബസ്.
2. ഓരോ ക്ലാസ്സിലുമുള്ള കുട്ടികളുടെ എണ്ണക്കൂടുതൽ (അപൂർവ്വം ചിലയിടങ്ങളിൽ കുട്ടികൾ ആവശ്യത്തിനു തികയുന്നില്ലെങ്കിലും ഇന്നും ഒരു ഡിവിഷനിൽ 55 കുട്ടികളുള്ള സ്കൂളുകൾ പഞ്ചായത്തിലുണ്ട്).
3. ഒന്നാം ക്ലാസ്സിലെ ഓൾ പ്രമോഷൻ (ഇത് മൂലം അക്ഷരം അറിവില്ലാത്തവരേയും ഉയർന്ന ക്ലാസ്സിലേക്ക് അയക്കേണ്ടി വരുന്നു)
4. അദ്ധ്യാപകർക്ക് കാലോചിതമായ പരിശീലനത്തിന്റെ അഭാവം.
5. രാഷ്ട്രീയ അതിപ്രസരം.
6. അദ്ധ്യാപകരുടെ അഭിരുചിയില്ലായ്മ
7. കഠിനമായ സിലബസ്സ് അനുസരിച്ച് വേണ്ടത്ര പിരീയഡുകളുടെ കുറവ്.
8. പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ശ്രദ്ധ നൽകാത്തത്.

9. കുട്ടികളിലും അദ്ധ്യാപകരിലും കാണുന്ന അച്ചടക്കമില്ലായ്മ.

10. രക്ഷിതാക്കളുടെ അശ്രദ്ധ

11. ടി.വി. പരിപാടികളുടെ അതിപ്രസരം.

12. രൂക്ഷമായ തൊഴിലില്ലായ്മ. (ഇത് മൂലം പഠിച്ചിട്ട് യാതൊരു പ്രയോജനവുമില്ലെന്ന തോന്നൽ കുട്ടികളിൽ ഉളവാകുന്നു.

കാരണങ്ങളുടെ പട്ടിക ഇനിയും നീളാനുണ്ട്. അതോടൊപ്പം പ്രാദേശികമായി അനുഭവപ്പെടുന്ന പ്രശ്നങ്ങളും വിദ്യാഭ്യാസ നിലവാര തകർച്ചയെ പരിപോഷിപ്പിക്കുന്നു. പ്രാദേശികമായ ആവശ്യങ്ങൾ തുടർന്നുള്ള ഭാഗങ്ങളിൽ ചേർക്കപ്പെടുന്നത് കൊണ്ട് ഇവിടെ ഒഴിവാക്കിയിരിക്കുന്നു.

വിദ്യാഭ്യാസപരമായ സ്ഥിതി വിവരങ്ങൾ.

1. **സ്ഥാപനങ്ങൾ**

കരുമാല്ലൂർ പഞ്ചായത്തിൽ മൊത്തം 12 സ്കൂളുകളും ഒരു ഐ.ടി.സി. യുമാണുള്ളത്. സ്കൂളുകളുടെ ലിസ്റ്റ് ആദ്യഭാഗത്ത് ചേർത്തിട്ടുണ്ട്. 11-ാം വാർഡിൽപ്പെട്ട മാഞ്ഞാലിയിൽ ആണ് ഐ.ടി.സി. ഇത് സ്വകാര്യ സ്ഥാപനമാണ്. അംഗീകൃതമാണ്. ഇവ കൂടാതെ 4 ട്യൂട്ടോറിയൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു.

2. **വിദ്യാർത്ഥികൾ**

കരുമാല്ലൂർ പഞ്ചായത്തിലെ അംഗീകൃതവും അല്ലാത്തതുമായ സ്കൂളുകളിൽ എല്ലാം കൂടി 4127 കുട്ടികൾ പഠിക്കുന്നു. ഏക ഐ.ടി.സി.യിൽ 42 കുട്ടികളുമുണ്ട്. കൂടാതെ പഞ്ചായത്തിനു പുറത്തുള്ള സ്കൂളുകളിൽ പഠിക്കുന്നവരും, കോളേജുകളിൽ ഉപരി പഠനം നടത്തുന്നവരും, ട്യൂട്ടോറിയൽ കോളേജുകളിൽ പഠിക്കുന്നവരും ഉണ്ട്. ഇവരെല്ലാം കൂടി 1500 വരുമെന്ന് കണക്കാക്കുന്നു. അങ്ങിനെ മൊത്തം ഏകദേശം 5700-ഓളം വിദ്യാർത്ഥികൾ പഞ്ചായത്തിലുണ്ടെന്നു അനുമാനിക്കാം. (അംഗീകൃതവും അല്ലാത്തതുമായ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പട്ടിക വിശദമായി ആദ്യഭാഗത്ത് ചേർത്തിട്ടുണ്ട്)

3. **അദ്ധ്യാപകർ**

അദ്ധ്യാപകരുടെ വിശദമായ പട്ടിക ചുവടെ കൊടുക്കുന്നു.

4. **ഭൗതിക സാഹചര്യങ്ങൾ**

വിശദമായ പട്ടിക പ്രത്യേകം കൊടുത്തിരിക്കുന്നു.

കരുമാല്ലൂർ ഗ്രാമപഞ്ചായത്ത്

സ്കൂളിന്റെ ഭൗതികസൗകര്യങ്ങളുടെ വിവരം

9 A. ഭൗതികവിവരങ്ങൾ

സ്കൂളിന്റെ പേര്	ആകെ സ്വീകരിക്കുന്ന കുട്ടികളുടെ എണ്ണം	കെട്ടിടങ്ങളുടെ എണ്ണം			മുറികളുടെ എണ്ണം			ഇനി മുറികളാവശ്യമുണ്ടെങ്കിൽ എണ്ണം	ഇനി ആവശ്യമുള്ള കെട്ടിടം/ മുറികൾ നിർമ്മിക്കുന്നു/ മുറി ഒഴിഞ്ഞു/ ഇല്ല	നിലവിലുള്ള മുറികളുടെ എണ്ണം	മൂത്രപ്പുര ഒരു സമയം എത്രകുട്ടികൾക്ക് ഉപയോഗിക്കാം	ഇനി ആവശ്യമുള്ള ടോയ്ലറ്റിന്റെ എണ്ണം	നിലവിലുള്ള കക്കൂസിന്റെ എണ്ണം	ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം	കുടിവെള്ള സംവിധാനം ഉണ്ട്/ ഇല്ല: കിണർ/ പൈപ്പ്	വൈദ്യുതീകരണം ഉണ്ട്/ ഇല്ല	പാചകപ്പുര	സ്റ്റാഫ് റൂം	നിലവിലുള്ള ഫർണിച്ചറുകൾ മതിയോ/ ഇല്ല	ഇനി ആവശ്യമുള്ള മുറികളുടെ എണ്ണം				
		സ്ഥിരം	അർദ്ധ സ്ഥിരം	താല്കാലികം	സ്ഥിരം	അർദ്ധ സ്ഥിരം	താല്കാലികം													ഡസ്ക്	ബെഞ്ച്	മേശ	കസേര	ഓഫീസ് ഫർണിച്ചർ
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25
S.L.T.U.P.S. കരുമാല്ലൂർ	18	18	-	-	22	-	-	-	-	2	30	-	6	-	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	മതി	-	-	-	-	-
ഗവ.ഗേൾസ് M.I. U.P.S.വെളിയത്തുനാട്	10	3	1	-	15	-	-	4	ഉണ്ട്	2	30	2	1	-	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	25	25	4	4	8
ദി ആലുവാ സെറ്റിൽമെന്റ് H.S.	13	2	-	-	21	-	-	-	-	5	60	3	-	1	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	മതി	20	20	-	-	-
ദി ആലുവാ സെറ്റിൽമെന്റ് L.P.S.	8	3	-	-	3	17	--	-	-	8	8	-	8	-	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	മതി	-	-	-	-	-
സെറ്റിൽ മെന്റ് L.P.S.	4	1	-	-	1	-	5	-	-	1	20	1	1	-	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	മതി	50	-	-	-	-
A.I.S.U.P.S. മാഞ്ഞാലി	5	5	-	-	25	-	-	-	-	3	50	1	1	-	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	മതി	60	-	-	5	2
ഗവ. L.P.S. മയ്ക്കപ്പടി	6	2	-	-	8	-	-	--	-	3	11	1	1	-	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	15	-	-	3	3
F.M.C.T.H.S കരുമാല്ലൂർ	12	2	-	-	18	-	-	-	-	3	20	-	3	-	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	10	10	2	4	-
നോർത്ത് കടുങ്ങല്ലൂർ ഗവ. L.P.S.	4	1	-	-	2	-	-	-	-	2	15	-	1	-	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	മതി	-	-	-	-	-

5. പി.ടി.എ.

മിക്ക സ്കൂളുകളിലും പി.ടി.എ.കൾ പ്രവർത്തിക്കുന്നു. എന്നാൽ കടുങ്ങല്ലൂർഗവ: എൽ.പി.എസ്; വെളിയത്തുനാട് ഗവ: യു.പി.എസ്. എന്നിവിടങ്ങളിലെ പി.ടി.എ.കൾ ഫല പ്രദമല്ല. കരുമാല്ലൂർ എസ്. എൽ.ടി.യു.പി.എസ്, മനക്കപ്പടി ഗവ: എൽ.പി.എസ്, സെറ്റിൽമെന്റ് ഗവ: എൽ.പി.എസ്, എന്നിവിടങ്ങളിലെ പി.ടി.എ.കൾ വളരെ സജീവമാണ്.

മിക്കയിടത്തും തന്നെ മാതൃസംഗമങ്ങൾ ഇല്ല.

6. പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ.

അക്കാര്യത്തിൽ രണ്ട് എയിഡഡ് സ്കൂളുകൾ വളരെ മുന്നിട്ട് നിൽക്കുന്നു. പറവൂർ ഉപജില്ലാ കായികമേളയിൽ കരുമാല്ലൂർ എസ്. എൽ.ടി.യു.പി. സ്കൂളും, ആലുവാ വിദ്യാഭ്യാസ ജില്ലാ കായികമേളയിൽ കരുമാല്ലൂർ എഫ്. എം. സി. ടി. ഹൈസ്കൂളും ചാമ്പ്യന്മാരായി. ഏറ്റവും കൂടുതൽ പോയിന്റ് നേടിയവർക്കുള്ള ഓവർറോൾ റോളിങ്ങ് ട്രോഫികളാണ്, ഈ സ്കൂളുകൾ കരസ്ഥമാക്കിയത്. കരുമാല്ലൂർ പഞ്ചായത്തിനാകെ അഭിമാനാർഹമായ നേട്ടമാണ്, ഇവർ കൈവരിച്ചത്.

എന്നാൽ ഗവ: സ്കൂളുകൾ ഇക്കാര്യത്തിൽ ആശാവഹമായ പുരോഗതി കൈവരിച്ചിട്ടില്ല.

7. പാഠ്യേതര പ്രവർത്തനങ്ങൾ

ഇക്കാര്യത്തിൽ അംഗീകാരമില്ലാത്ത സ്കൂളുകളാണ് പൊതുവെ മുന്നിൽ. എന്നാൽ പി.ടി.എ. കാര്യക്ഷമമായി പ്രവർത്തിക്കുന്ന മനക്കപ്പടി ഗവ: എൽ.പി.എസ്., കരുമാല്ലൂർ എസ്.എൽ.ടി.യു.പി.എസ്. തുടങ്ങിയവ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ചിട്ടുണ്ട്.

വിഭാഗം	പുരുഷന്മാർ	സ്ത്രീകൾ	ഒഴിവുകൾ	ആകെ
സർക്കാർ എയിഡഡ്	21	69	1	91
അൺ എയിഡഡ്	6	24	-	30
അൺ റെക്കഗ്നൈസ്ഡ്	5	26	-	31
മറ്റുള്ളവ (I.T.I., ട്യൂട്ടോറിയലുകൾ)	14	13	-	27
മൊത്തം	46	132	1	179

കരുമാല്ലൂർ ഗ്രാമപഞ്ചായത്ത്

കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

സ്കൂളുകളുടെ മൊത്തം എണ്ണം -12

കുട്ടികളുടെ മൊത്തം എണ്ണം -4127

സ്റ്റാൻഡാർഡ്	ആകെ കുട്ടികൾ			SC/ST കുട്ടികളുടെ എണ്ണം			തോറ്റു പഠിക്കുന്നവർ						പഠനം നിർത്തിയവർ						പഠനം നിർത്തിയവരുടെഎണ്ണം
							SC/ST കുട്ടികൾ			മറ്റുള്ളവർ									
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
I	254	164	418	30	18	48	-	-	-	-	-	-	2	2	4	6	4	10	14
II	253	196	448	37	28	65	7	6	13	5	3	8	1	1	2	3	9	12	14
III	272	179	451	39	26	65	2	7	9	4	5	9	1	1	2	3	-	3	5
IV	246	200	446	36	22	58	4	1	5	2	1	3	2	1	3	-	-	-	3
V	306	195	501	33	37	70	4	4	8	14	4	18	1	-	1	-	1	1	2
VI	298	206	504	38	33	71	2	2	4	13	8	21	1	1	2	2	1	3	5
VII	322	193	515	57	28	85	16	6	22	33	19	52	1	-	1	4	2	6	7
VII	241	92	333	35	9	44	5	2	7	14	6	20	1	1	2	1	-	1	3
IX	182	97	279	18	10	28	6	7	13	6	9	15	2	-	2	2	1	3	5
X	146	86	232	16	7	23	-	-	-	-	-	-	1	1	2	1	2	3	5
ആകെ	2519	1608	4127	339	218	557	46	35	81	91	55	146	13	8	21	22	20	42	63

- പഠനം നിർത്തിയവരുടെ എണ്ണത്തിൽ 5 മുതൽ 7 വരെ ക്ലാസുകളിൽ പഠനം നിർത്തിയവരുടെ എണ്ണം ഉൾപ്പെടുത്തിയിട്ടുണ്ട്.
- ഓരോ സ്കൂളിലും ഇതേതരത്തിലുള്ള ഒരു പഠനം ഉൾപ്പെടുത്തിയിട്ടുണ്ടാകും.

8. സമാന്തര വിദ്യാലയങ്ങൾ:-

നേഴ്സറി, പ്രൈമറി വിഭാഗങ്ങളിലാണ്, സമാന്തര വിദ്യാലയങ്ങൾ പ്രധാനമായും പ്രവർത്തിക്കുന്നത്. ഡോൺ സെൻട്രൽ സ്കൂൾ, നാഷണൽ ഐഡിയൽ സ്കൂൾ, ജ്യോതി നിവാസ് പബ്ലിക് സ്കൾ എന്നിവയാണ് സമാന്തര സ്കൂളുകൾ. ഇവക്ക് യാതൊരു അംഗീകാരവും ലഭിച്ചിട്ടല്ല. എന്നാൽ മൊത്തം 496 കുട്ടികൾ 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലായി ഈ വിദ്യാലയങ്ങളിൽ പഠിച്ച് കൊണ്ടിരിക്കുന്നു.

9. സാങ്കേതിക വിദ്യാലയങ്ങൾ

പഞ്ചായത്തിലെ ഏക സാങ്കേതിക വിദ്യാലയം 11-ാം വാർഡിലുള്ള 'എസ്പീ' ഐ.ടി.സി ആണ്. ഇവിടെ ഒരു വർഷം പ്രവേശനം കിട്ടുന്നവരുടെ എണ്ണം 42 മാത്രമാണ്. ഈ ഐ.ടി.സി. അംഗീകാരമുള്ള സ്വകാര്യ സ്ഥാപനമാണ്.

10. സാക്ഷരതാ പ്രസ്ഥാനം.

1990ലെ ഒന്നാം ഘട്ടസാക്ഷരതാ പ്രവർത്തനങ്ങളിലൂടെ 3611 പേർക്ക് എഴുതാനും വായിക്കാനും പഠിക്കാൻ അവസരം ലഭിച്ചു. പല പ്രതികൂല സാഹചര്യങ്ങളിൽ പെട്ട് സ്കൂൾ പഠനം മുടങ്ങിപ്പോയവർക്ക് അതൊരനുഗ്രഹമായിരുന്നു. എന്നാൽ ഒന്നാം ഘട്ട സാക്ഷരതാ പ്രസ്ഥാനം നിലയ്ക്കുകയും രണ്ടാം ഘട്ട പ്രവർത്തനം നിർജ്ജീവമാകുകയും ചെയ്തതോടെ പലരും വീണ്ടും നിരക്ഷരരായി. ഒന്നാം ഘട്ട സാക്ഷരതാ പ്രസ്ഥാനം പോലെ സജീവമായ ഒരു പ്രവർത്തനത്തിലൂടെ മാത്രമേ, അവരെ വീണ്ടും സാക്ഷരരാക്കാൻ കഴിയുകയുള്ളൂ (3611 പേരിൽ 1206 പുരുഷന്മാരും, 2405 സ്ത്രീകളും പെടുന്നു).

11. വായനശാല

വായനശാലകൾ വിജ്ഞാനം വർദ്ധിപ്പിക്കാൻ സഹായകരമാകുന്നുണ്ടെങ്കിലും, വിദ്യാഭ്യാസപരമായ കാര്യങ്ങളിൽ പങ്കൊന്നും വഹിക്കുന്നില്ല. ഇക്കാര്യത്തിൽ വായനശാലകളുടെ പങ്ക് ഫലപ്രദമാക്കാനുള്ള നടപടികൾ പഞ്ചായത്ത് അധികാരികളിൽ നിന്നും ഉണ്ടാകുന്നില്ല. (സാംസ്കാരിക വികസന റിപ്പോർട്ടിൽ വായനശാലകളെ പ്രത്യേകം പരാമർശിക്കുന്നുണ്ട്).

പ്രശ്നങ്ങൾ

1. സെറ്റിൽമെന്റ് ഗവൺമെന്റ് എൽ.പി. സ്കൂളിന് സ്വന്തമായി കെട്ടിടം ഉണ്ടാക്കണം. സെറ്റിൽമെന്റ് മാനേജ്മെന്റിൽ നിന്നും ഒരു രൂപ വാടകക്ക് നൽകിയിരുന്നതാണ് കെട്ടിടം. ഒഴിപ്പിക്കാനുള്ള നീക്കങ്ങൾ നടക്കുന്നുണ്ട്. ഇതിലടങ്ങിയിട്ടുള്ള സാങ്കേതിക പ്രശ്നത്തിൽ അടിയന്തിരമായി ശ്രദ്ധിക്കണം. ഇപ്പോഴുള്ള കെട്ടിടത്തിന് ഓഫീസ് മുറി പോലുമില്ല.
2. വെളിയത്തുനാട് എം.ഐ.യു.പി.എസ്, മാഞ്ഞാലി എ.ഐ.എസ്.യു.പി.എസ് എന്നിവ അപ്ഗ്രേഡ് ചെയ്യണം.
3. പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാലയം സ്ഥാപിക്കണം.
4. സാക്ഷരതാ പ്രസ്ഥാനം ഒന്നാംഘട്ടത്തിലെന്ന പോലെ പുനരാരംഭിക്കണം.
5. എല്ലാ സ്കൂളുകളിലും പി.ടി.എ. കൾ സജീവമാകണം.
6. എല്ലാ വാർഡുകളിലും അംഗൻവാടികൾ/ നേഴ്സറി സ്കൂളുകൾ സ്ഥാപിക്കണം.
7. ഒന്നാം വാർഡിൽ ഒരു വയോജന വിദ്യാഭ്യാസ കേന്ദ്രം സ്ഥാപിക്കണം.
8. പഞ്ചായത്തിലെ സർക്കാർ/എയിഡഡ് സ്കൂളുകളിലെ ഭൗതിക ആവശ്യങ്ങൾക്ക് പഞ്ചായത്ത് ചിലവഴിക്കുന്ന തുക വർദ്ധിപ്പിക്കണം. ഇപ്പോൾ 3631 കുട്ടികൾക്ക് കേവലം 2,000 രൂപ മാത്രമാണ് പഞ്ചായത്ത് ചിലവഴിക്കുന്നത്.
9. 3-ാം വാർഡിൽ അടിയന്തിരമായ ഒരു എൽ.പി. സ്കൂൾ തുടങ്ങണം. ഇതിനുള്ള സ്ഥലം തൊട്ടു കിടക്കുന്ന 4-ാം വാർഡിൽ ലഭ്യമാണ്.
10. കരുമാല്ലൂർ എസ്.എൽ.ടി. യു.പി.എസ്, മനക്കപ്പടി ഗവ; എൽ.പി.എസ്, കരുമാല്ലൂർ എഫ്.എം.സി.ടി.എച്ച് എസ്, നോർത്ത് കടുങ്ങല്ലൂർ ഗവ: എൽ.പി.എസ്. എന്നീ വിദ്യാലയങ്ങളിലേക്ക് വാട്ടർ കണക്ക്ഷൻ വേണം.
11. പത്താം വാർഡിലെ അംഗൻവാടി പണി പൂർത്തീകരിച്ച് കൂടുതൽ കാര്യക്ഷമമാക്കണം
12. ഭാഗികമായി കരുമാല്ലൂർ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന യൂണിയൻ ക്രിസ്ത്യൻ കോളേജിൽ, പഞ്ചായത്ത് നിവാസികളായ കുട്ടികൾക്ക് കൂടുതൽ പ്രാതിനിധ്യം നൽകണം.
13. രാത്രികാലങ്ങളിൽ സാമൂഹ്യ വിരുദ്ധരുടെ താവളമായി മാറുന്ന എഫ്.എം.സി.ടി.എച്ച്. എസ് ന് ചുറ്റുമതിൽ അടിയന്തിരമായി ഉണ്ടാക്കണം.

സാധ്യതകൾ

1. സാങ്കതിക വിദ്യാലയം സ്ഥാപിക്കാൻ പഴയ കരുമാല്ലൂർ പഞ്ചായത്ത് ഓഫീസിനോട് ചേർന്നുള്ള സ്ഥലം ഉപയോഗപ്പെടുത്താം. കേന്ദ്ര സർക്കാരിന്റെ അനുയോജ്യമായ ഏതെങ്കിലും പദ്ധതി ഇതിന് പ്രയോജനപ്പെടുത്താവുന്നതാണ്.

2. അംഗൻവാടികൾക്ക്/നേഴ്സറികൾക്ക് അതാത് പ്രദേശങ്ങലിലെ സാമൂഹ്യ സാംസ്കാരിക പ്രവർത്തകരുടെ പിൻതുണയോടെ അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനു കഴിയും. പഞ്ചായത്തിന്റെ സഹായത്തോടെ ടീച്ചർമാരെ നിയമിക്കണം.

3. സാക്ഷരതാ പ്രവർത്തനം പുനർജ്ജീവിപ്പിക്കാൻ, പഴയ പ്രവർത്തകരുടെ സഹായം തേടണം. അത് വഴി പഞ്ചായത്തിലെ നിരക്ഷരരായ മുഴുവൻ പേരെയും സാക്ഷരരാക്കാം.

4. എല്ലാ സ്കൂളുകളിലെയും P.T.A.കൾ സജീവമാക്കിയാൽ, സ്കൂളുകളുടെ അടിയന്തിര പ്രശ്നങ്ങൾ രക്ഷിതാക്കളുടെ സഹകരത്തോടെ പരിഹരിക്കാം.

5. പഞ്ചായത്തിലെ ഏറ്റവും പിന്നോക്കപ്രദേശങ്ങളായ മാഞ്ഞാലി, വെളിയത്തുനാട് പ്രദേശങ്ങളിലുള്ള യു.പി. സ്കൂളുകൾ അപ്ഗ്രെഡ് ചെയ്ത് ഹൈസ്കൂൾ ആക്കിയാൽ, ആ പ്രദേശത്തുള്ളവർക്ക് കൂടുതൽ വിദ്യാഭ്യാസ സൗകര്യങ്ങളുണ്ടാകും.

6. നിലവിലുള്ള ബാലവാടികളും ഫീഡിംഗ് സെന്ററുകളും I.C.D.S. പ്രൊജക്ടിനുള്ളിൽ കൊണ്ടു വരണം.

7. കുട്ടികളിൽ വിജ്ഞാനവർദ്ധനവിനു സഹായിക്കുന്ന ബാലസാഹിത്യകൃതികൾ പഞ്ചായത്ത് മുൻകൈ എടുത്ത് വിദ്യാലയങ്ങളിൽ എത്തിക്കണം.

8. പഞ്ചായത്തിലെ സർക്കാർ / എയ്ഡഡ് സ്കൂളുകളിലെ ഭൗതിക ആവശ്യങ്ങൾക്ക് പഞ്ചായത്ത് ചിലവഴിക്കുന്ന തുക വർദ്ധിപ്പിക്കണം. ഇപ്പോൾ 3631 കുട്ടികൾക്ക് കേവലം 2000 രൂപ മാത്രമാണ് പഞ്ചായത്ത് ചിലവഴിക്കുന്നത്.

9. 3-ാം വാർഡിൽ അടിയന്തിരമായി ഒരു L.P. സ്കൂൾ തുടങ്ങണം. ഇതിനുള്ള സ്ഥലം തൊട്ടു കിടക്കുന്ന 4-ാം വാർഡിൽ ലഭ്യമാണ്.

10. കരുമാല്ലൂർ S.L.T. U.P.S., മനക്കപ്പടി ഗവ: L.P.S., കരുമാല്ലൂർ F.M.C.T.H.S., നോർത്ത് കടുങ്ങല്ലൂർ ഗവ: L.P.S. എന്നീ വിദ്യാലയങ്ങളിലേയ്ക്ക് വാട്ടർ കണക്ഷൻ വേണം.

11. 10-ാം വാർഡിലെ അംഗൻ വാടി പണി പൂർത്തീകരിച്ച് കൂടുതൽ കാര്യക്ഷമമാക്കണം.

പൊതുജനാരോഗ്യവും കുടിവെള്ളവും

A. പൊതുജനാരോഗ്യം

ആരോഗ്യനിലവാരം, രോഗപ്രതിരോധാവബോധം, കുടുംബക്ഷേമം , സാക്ഷരത എന്നീ കാര്യങ്ങളിൽ നമ്മുടെ സംസ്ഥാനം മികച്ച നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേരളം മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. 21.5 ച.കി.മീ വിസ്തീർണ്ണമുള്ള പറവൂർ ആലുവ പട്ടണങ്ങൾക്കിടയിൽ നെടുനീളത്തിൽ സ്ഥിതിചെയ്യുന്ന ഈ പഞ്ചായത്തിലെ ജനസംഖ്യ മുപ്പത്തിരണ്ടായിരത്തോളമാണ്. ഹെൽത്തുസർവ്വേപ്രകാരം ഒരു വയസ്സിനു താഴെ 225 കുട്ടികളും , ഒന്നിനും അഞ്ചിനും മദ്ധ്യേ 1193 പേരും ഉള്ളതായാണ് കാണുന്നത്.

സർക്കാർ നിയന്ത്രണത്തിലുള്ള മൂന്ന് ആരോഗ്യകേന്ദ്രങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കരുമാല്ലൂരിൽ പ്രൈമറി ഹെൽത്ത് സെന്ററും, കടുപ്പാടത്ത് ഹോമിയോ ഡിസ്പെൻസറിയും , അടുവാത്തുരുത്ത് ഭാഗത്ത് ഒരു ആയുർവ്വേദ ഡിസ്പെൻസറിയും ആണ് ഈ മൂന്നു കേന്ദ്രങ്ങൾ. 1954 ൽ സ്ഥാപിതമായതാണ് ഈ ആയുർവ്വേദ ഡിസ്പെൻസറി.

മുൻകാലങ്ങളിൽ ജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾ സമഗ്രമായി കൈകാര്യം ചെയ്തിരുന്നത് നാട്ടുവൈദ്യന്മാരായിരുന്നു. ക്രമേണ ഇത് ആരോഗ്യകേന്ദ്രങ്ങളിലേക്ക് മാറുകയും ഇന്ന് സ്വകാര്യ ആശുപത്രികൾ കേന്ദ്രീകരിക്കുകയും ചെയ്തിരിക്കുന്നു. സർക്കാർ മേഖലയിലെ ആധുനിക ചികിത്സാ സംവിധാനങ്ങളുടെ അഭാവവും മറ്റു അപര്യാപ്തതകളും ആണ് ഇതിന് കുറെയെല്ലാം കാരണം. ഒരളവുവരെയെങ്കിലും വൈദ്യശാസ്ത്രത്തിന്റെ പ്രായോഗികനേട്ടങ്ങൾ നമ്മുടെ ഗ്രാമീണ ജനതയ്ക്ക് സൗജന്യമായി ഇന്നു ലഭ്യമാണ്. എന്നിരുന്നാലും ഗ്രാമീണർ അത് പൂർണ്ണമായും ഉൾക്കൊള്ളാൻ തയ്യാറാകുന്നില്ല.

ജനനമരണനിരക്ക് (ശിശുമരണനിരക്ക് ഉൾപ്പെടെ) ഏതാണ്ട് സംസ്ഥാന നിലവാരത്തോടൊപ്പമാണെന്ന് കാണുന്നു. ആരോഗ്യമേഖലയിൽ കൈവരിച്ച നേട്ടമായി ഇതുകാണുവാൻ സാധിക്കും. ക്ഷയരോഗമൊഴികെയുള്ള മറ്റു സാംക്രമികരോഗങ്ങൾ ഇവിടെ വലിയ ആരോഗ്യപ്രശ്നമായി ഉയർന്നുവരാറില്ല. അപൂർവ്വമായിട്ടാണെങ്കിലും കോളനിവാസികളായ കുട്ടികളിൽ പോഷണവൈകല്യരോഗങ്ങൾ ഉള്ളതായി കാണുന്നു. 6516 കുടുംബങ്ങൾ ഈ പഞ്ചായത്തിൽ വസിക്കുന്നതിൽ മുപ്പത്തിയഞ്ചു ശതമാനത്തിലധികം

കുടുംബങ്ങളും ദാരിദ്രരേഖയ്ക്കു താഴെയുള്ളവരാണ്. ഇവർക്കെല്ലാം മെച്ചപ്പെട്ട വൈദ്യസഹായം ഇവിടെ ലഭ്യമല്ല. കിടത്തി ചികിത്സാസൗകര്യങ്ങൾ ഇല്ലാത്തതിനാൽ പറവൂർ, ആലുവ ഭാഗങ്ങളിലുള്ള ആശുപത്രികളെ ശരണം പ്രാപിക്കേണ്ടതായി വരുന്നു.

ഇവിടെയുള്ള മൂന്നു ആരോഗ്യകേന്ദ്രങ്ങളിലും ആവശ്യത്തിനു സ്റ്റാഫ് ഉണ്ടെങ്കിലും ലാബ് സൗകര്യമടക്കമുള്ള പാരാമെഡിക്കൽ സംവിധാനം ഇല്ല. കരുമാല്ലൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിന് വെളിയത്തുനാട്, മാഞ്ഞാലി, മനക്കപ്പടി, തുടങ്ങിയ സ്ഥലങ്ങളിൽ ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. ഇവിടെ ഗവ:ഹോമിയോ ഡിസ്പെൻസറിയും, ആയുർവ്വേദ ഡിസ്പെൻസറിയും പ്രവർത്തിക്കുന്നുണ്ട്. എങ്കിലും മുഴുവൻ ആളുകൾക്കും ഇതുകൊണ്ട് പ്രയോജനം കിട്ടുന്നില്ല. ഗ്രാമത്തിന്റെ മദ്ധ്യഭാഗത്ത് ഹോമിയോപ്പതി ചികിത്സാസൗകര്യങ്ങൾ ഉണ്ടായാൽ എല്ലാവർക്കും പ്രയോജനം ലഭിക്കുന്നതാണ്. പ്രാഥമികാരോഗ്യകേന്ദ്രത്തിൽ പ്രതിവർഷം ശരാശരി 21000 പേരും, ഗവ. ഹോമിയോ ഡിസ്പെൻസറിയിൽ 31000 പേരും ഗവ.ആയുർവ്വേദ ഡിസ്പെൻസറിയിൽ 19500 ചികിത്സതേടിയെത്തുന്നു. ഈ മൂന്നിടത്തും കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ ഇല്ല.

പൊതുവിവരം :-

1. ജനസംഖ്യ:

ആകെ ജനസംഖ്യ	:	32063
1. പുരുഷൻമാർ	:	16028
2. സ്ത്രീകൾ	:	16035

2. സ്ഥായിയായ രോഗമുള്ളവർ :

1. രക്തസമ്മർദ്ദമുള്ളവർ	:	600
2. പ്രമേഹരോഗികൾ	:	410
3. കാൻസർ	:	20
4. കുഷ്ഠം	:	3
5. ക്ഷയരോഗം	:	227
6. ഹൃദ്രോഗം	:	20
7. ആസ്തമ	:	1700

3. കുടുംബാസൂത്രണരംഗം :

1. കുടുംബാസൂത്രണത്തിന് അർഹതയുള്ള അമ്മമാർ : 7268

2. കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ച അമ്മമാർ :

(ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ)

a. ഒരു കുട്ടിയുള്ളവർ : 282

b. രണ്ട് " : 1829

c. രണ്ടിൽ കൂടുതൽ " : 14

4. അംഗവൈകല്യമുള്ളവർ :

1. അന്ധർ	:	16
2. ബധിരർ	:	18
3. മൂകർ	:	8
4. ബധിരമൂകർ	:	13
5. ചലനവൈകല്യങ്ങൾ	:	32
ആകെ		87

5. മന്ദബുദ്ധികൾ

1. 5 വയസ്സുവരെയുള്ളവർ	:	8
2. 6 മുതൽ 10 വരെ "	:	6
3. 11 മുതൽ 15 വരെ "	:	10
4. 16 ന് മേൽ "	:	15
ആകെ		39

(അവലംബം P.H.C, കരുവാല്ലൂർ)

വിവിധ സ്ഥലങ്ങളിൽ ചികിത്സാർത്ഥം രോഗികൾ പോകുന്നതിനാൽ വിവരിച്ച സ്ഥിതിവിവരകണക്കുകളിൽ നിന്നും വ്യത്യസ്ഥമായിരിക്കും യഥാർത്ഥവസ്തുത. ത്വക്ക് രോഗങ്ങൾ, വാതസംബന്ധമായ രോഗങ്ങൾ , പകർച്ചവ്യാധികൾ എന്നിവയ്ക്ക് രോഗികൾ കൂടുതലായി ഹോമിയോ- ആയൂർവ്വേദചികിത്സകൾ തേടുന്നതായി കാണുന്നു.

ശുചിത്വം :-

പഞ്ചായത്തിൽ മൊത്തം 6516 വീടുകൾ ഉള്ളതിൽ ഏതാണ്ട് 3050 കുടുംബങ്ങളിൽ മാത്രമേ പ്രാഥമിക സൗകര്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ കക്കൂസുകൾ ഉള്ളൂ. കോളനി പ്രദേശങ്ങളിലാണ് ഇതിന്റെ അഭാവം കൂടുതലായി കാണപ്പെടുന്നത്. ചിലയിടങ്ങളിൽ കക്കൂസുകൾക്കു സമീപം അകലം പാലിക്കാതെ കുടിവെള്ളക്കിണറുകളും കാണുന്നു. കിണറുകൾ അശ്രദ്ധയോടെ ഉപയോഗിക്കുന്നതായി ചിലയിടങ്ങളിൽ കാണാം. ഈ

കാര്യങ്ങൾ എല്ലാം തന്നെ ജലമലിനീകരണത്തിനും സാംക്രമികരോഗങ്ങൾക്കും കാരണമായിത്തീരാവുന്നതാണ്. പഞ്ചായത്തിന്റെ പലഭാഗങ്ങളിലും മത്സ്യം, മാംസം വില്പനകേന്ദ്രങ്ങൾ പരിസരമലിനീകരണവും പൊതുജനാരോഗ്യപ്രശ്നങ്ങളും സൃഷ്ടിക്കുന്നു. മാമ്പ്രകോളനി , വയലോടം ബാലവാടിക്കു സമീപപ്രദേശം, അടുക്കളച്ചിറ ഭാഗം, മാഞ്ഞാലി 4 സെന്റ് കോളനി എന്നിവിടങ്ങളിൽ വെള്ളക്കെട്ട് ഉണ്ടാകാറുണ്ട്. ഇഷ്ടികവ്യവസായത്തിനുവേണ്ടി മണ്ണെടുത്ത കുഴികളിലെ വെള്ളക്കെട്ടും പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. പൊതുകിണറുകൾ മിക്കവയും ഉപയോഗയോഗ്യമല്ലാത്ത സ്ഥിതിയിലാണുള്ളത്. അശ്രദ്ധയോടെയുള്ള ചപ്പുചവറുകളുടെ നിക്ഷേപവും മലിനീകരണത്തിന് വഴിതെളിക്കുന്നു.

പ്രശ്നങ്ങൾ :-

1. പ്രൈമറി ഹെൽത്ത് സെന്ററിൽ O.P മാത്രമേ പ്രവർത്തിക്കുന്നുള്ളു. വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ പാവപ്പെട്ട രോഗികൾ ബുദ്ധിമുട്ടുന്നു.
2. പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കു പ്രയോജനം ലഭ്യമാക്കാനുള്ള ചികിത്സാ സംവിധാനം ഈ സെന്ററിനില്ല. ലാബ് സൗകര്യമില്ലാത്തതുകൊണ്ട് രോഗനിർണ്ണയത്തിന് പ്രയാസം നേരിടുന്നു. ഉപകേന്ദ്രങ്ങളുടെ എണ്ണം അപര്യാപ്തമാണ്.
3. ഗവ.ഹോമിയോ ഡിസ്പെൻസറി പഞ്ചായത്തിന്റെ കിഴക്കേ അറ്റത്തു സ്ഥിതിചെയ്യുന്നതിനാൽ കൂടുതൽ പേർക്കും അതിന്റെ പ്രയോജനം ലഭ്യമാകുന്നില്ല. മാത്രമല്ല സുഗമമായ പ്രവർത്തനത്തിനുള്ള സംവിധാനവുമില്ല.
4. ആയുർവ്വേദ ഡിസ്പെൻസറിയുടെ പ്രവർത്തനം നല്ല രീതിയിൽ നടത്തുന്നതിനാവശ്യമുള്ള ഉപകരണങ്ങളുടേയും ഔഷധങ്ങളുടേയും മറ്റും പോരായ്മകൾ ഉള്ളതായി കാണുന്നു. കൂടാതെ കെട്ടിടവും സ്വന്തമായി ഇല്ല.
5. പഞ്ചായത്തിലെ എല്ലാ വാർഡുകളിലുമായി 3050 കുടുംബങ്ങൾക്ക് കക്കൂസ് ഇല്ലാത്തതായി കാണുന്നു. പ്രത്യേകിച്ചും കോളനി പ്രദേശങ്ങളിൽ.
6. അറവുശാലകൾ, ഇറച്ചിവില്പനകേന്ദ്രങ്ങൾ, മത്സ്യചന്തകൾ എന്നിവ പരിസരമലിനീകരണം സൃഷ്ടിക്കുന്നു.
7. വെള്ളക്കെട്ടുകളും, ചപ്പുചവറു നിക്ഷേപങ്ങളും പരിസരമലിനീകരണം ഉണ്ടാക്കുന്നു.
8. അശ്രദ്ധയോടെയുള്ള ഉപയോഗം മൂലം കിണറുകളിലെ ജലം മലിനമാകുന്നു.
9. പോഷകാഹാര വിതരണകേന്ദ്രങ്ങളുടെ പോരായ്മകളും ഉള്ളവയുടെ തന്നെ പ്രവർത്തനങ്ങളും അപര്യാപ്തമാണ്.
10. ഒന്നാം വാർഡിൽ പ്രവർത്തിക്കുന്ന M.V.J Foods എന്ന സ്ഥാപനം അന്തരീക്ഷ പരിസ്ഥിതി മലിനീകരണങ്ങൾക്ക് കാരണമാകുന്നു. ആനച്ചാൽ ഭാഗത്ത് തോൽക്കമ്പനി പ്രവർത്തി

ക്കുന്നതും മേൽപ്പറഞ്ഞപോലെ തന്നെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന തരത്തിലുള്ളതാണ്.

11. മൃഗാവശിഷ്ടങ്ങളുടെ ട്രാൻസ്പോർട്ടേഷൻ വലിയ പരിസ്ഥിതി പ്രശ്നം സൃഷ്ടിക്കുന്നു.

പരിഹാരങ്ങൾ :--

1. പ്രൈമറി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സക്കുകൂടി സൗകര്യമുള്ള ആശുപത്രിയാക്കി ഉയർത്തണം. മുഴുവൻ സമയവും ഡോക്ടറുടെ സേവനം ലഭ്യമാക്കാൻ ആവശ്യമായ ഡോക്ടറെ നിയമിക്കണം. ചികിത്സാ നിർണ്ണയത്തിനും മറ്റും ആവശ്യമായ ലാബ്, എക്സറേ സൗകര്യങ്ങൾ എന്നിവ ആവശ്യമാണ്. പുതിയകെട്ടിടം ഉപയോഗയോഗ്യമാക്കാനുള്ള നടപടികൾ ഉണ്ടാകണം. മാഞ്ഞാലി, മനയ്ക്കപ്പടി, വെളിയത്തുനാട് എന്നീഭാഗങ്ങളിൽ ഓരോ ഉപകേന്ദ്രങ്ങൾകൂടി ആവശ്യമുണ്ട്. പഞ്ചായത്തിലെ 3, 4, 7, 8, 10, 12 വാർഡുകളിൽ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമമാക്കണമെന്ന് ഗ്രാമസഭാ റിപ്പോർട്ടുകളിൽ ആവശ്യപ്പെട്ടിട്ടുണ്ട്. സ്വന്തമായി കെട്ടിടം ഇല്ലാത്ത നാല് ഉപകേന്ദ്രങ്ങൾക്കും കെട്ടിടം ആവശ്യമുണ്ട്. എല്ലാ സെന്ററുകളിലും അത്യാവശ്യചികിത്സാസൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതായുണ്ട്. പ്രത്യേകിച്ചും വർഷകാലങ്ങളിൽ. P.H.C യിലുള്ള ആംബുലൻസ് ഉപയുക്തമാക്കുവാൻ വേണ്ട നടപടികൾ വേണം.

2. പ്രൈമറി ഹെൽത്ത് സെന്ററിൽ പരിശോധന സമയവിവരം കാണിക്കുന്ന ബോർഡ് സ്ഥാപിക്കണം.

3. ഉപകേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കണം. ഗവ. ഹോമിയോ ഡിസ്പെനൻസറിയുടെ പ്രയോജനം കൂടുതൽ ആളുകൾക്കു ലഭ്യമാകുന്ന രീതിയിൽ മറ്റു സ്ഥലത്തും ആരംഭിക്കണം. ഗവ.ആയുർവ്വേദ ഡിസ്പെൻസറിക്ക് സ്വന്തമായി കെട്ടിടം ആവശ്യമാണ്. കൂടാതെ കിടത്തി ചികിത്സയ്ക്കുള്ള സൗകര്യങ്ങളും ഉണ്ടാക്കണം.

4. ആരോഗ്യമേഖലയെക്കുറിച്ചും, പരിസരശുചീകരണത്തെക്കുറിച്ചും ബോധവല്ക്കരണ സെമിനാറുകളും ചർച്ചകളും സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ വാർഡുകൾ തോറും നടത്തണം.

5. കുടിവെള്ളത്തിന്റെ ഗുണമേന്മയ്ക്ക് ജലപരിശോധന വേണ്ടയിടങ്ങളിൽ നടത്തണം. ജലമലിനീകരണം ഒഴിവാക്കാൻ വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകണം.

6. വെള്ളക്കെട്ടു തടയുവാനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഓടകളും കാനകളും സമയാസമയങ്ങളിൽ വൃത്തിയാക്കുവാൻ വേണ്ട നടപടികൾ ഉണ്ടാകണം. കൊതുകുനിവാരണമാർഗ്ഗങ്ങളും അവലംബിക്കണം. ചപ്പുചവറുനിക്ഷേപങ്ങൾ സമയാസമയങ്ങളിൽ നീക്കം ചെയ്യണം. അത് സംസ്കരിക്കാനോ നശിപ്പിക്കാനോ ഉള്ള സംവിധാനം വേണം. പൂർത്തിയാക്കാത്ത ഓടകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്.

7. അറവുശാലകൾ, മത്സ്യമാംസ വില്പനകേന്ദ്രങ്ങൾ എന്നിവ പഞ്ചായത്ത് നിശ്ചയിക്കുന്ന സ്ഥലത്തുമാത്രം നടത്തണം.
8. വാർഡ് ഒന്നിലെ മസാലയൂണിറ്റിന്റേയും ആനച്ചാൽ ഭാഗത്തെ തുകൽ സംസ്കരണ കേന്ദ്രത്തിന്റേയും പ്രവർത്തനകൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകണം.
9. സ്വന്തമായി കക്കൂസുകൾ പണിയുവാൻ സാധിക്കാത്ത എല്ലാ കുടുംബങ്ങൾക്കും അതിനാവശ്യമായ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിൽ വരുത്തി പ്രശ്നം പരിഹരിക്കേണ്ടതാണ്.
10. പോഷകാഹാരവിതരണകേന്ദ്രങ്ങൾ ഇല്ലാത്ത വാർഡുകളിൽ അവ തുടങ്ങണം. ഇക്കാര്യത്തിൽ കോളനി പ്രദേശങ്ങൾക്ക് പ്രാമുഖ്യം നൽകണം.
11. സമയാസമയങ്ങളിൽ കുട്ടികൾക്ക് വൈറ്റമിൻ ഗുളികകൾ ഹെൽത്ത് സെന്ററിന്റെ ഉപകേന്ദ്രങ്ങൾ വഴി നൽകണം.
12. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുന്നതിനും വളർത്തുനായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുന്നതിനും ഉള്ള നടപടികൾ ഉണ്ടാകണം.
13. പഞ്ചായത്തിലെ ജനസാന്ദ്രതയേറിയ ഭാഗങ്ങളിൽ പൊതുമാർക്കറ്റ് ഉണ്ടാകണം.
14. ആരോഗ്യപരിപാലന രംഗത്ത് മഹിളാസമാജങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം.
15. 3, 12 വാർഡുകളിൽ ആരോഗ്യ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കാൻ സ്ഥലം ലഭ്യമാണ്.

B. കുടിവെള്ളം

ആലുവ-പറവൂർ പട്ടണങ്ങൾക്കു മദ്ധ്യേ കിടക്കുന്ന ഈ മേഖലയുടെ വടക്കേ അതിരിൽക്കൂടി പെരിയാർ ഒഴുകുന്നു. മുൻകാലങ്ങളിൽ അതാതിടങ്ങളിലുള്ള ജലസ്രോതസ്സുകളെ മാത്രമാണ് ഗ്രാമീണർ കുടിവെള്ളത്തിനായി ആശ്രയിച്ചിരുന്നത്. എന്നാൽ ഇന്ന് ശുദ്ധജലവിതരണ ശൃംഖല പൂർണ്ണമായിട്ടല്ലെങ്കിലും ഒരു പരിധിവരെ ശുദ്ധജലക്ഷാമത്തിന് പരിഹാരമായി മാറിയിട്ടുണ്ട്. കൂടുതൽ ആളുകളും ഇവയെ ആശ്രയിക്കുകയും ചെയ്യുന്നു. ഇവിടത്തെ ജല ലഭ്യതയുടെ പൊതുവിവരം താഴെ കൊടുക്കുന്നു.

ക്രമനമ്പർ	വിഭാഗം	എണ്ണം
1.	പൊതുകിണർ	65
2.	പൊതുടാപ്പുകൾ	169
3.	പൈപ്പ് കണക്ഷൻ	2104
4.	സ്വാധാരണകിണറുകൾ	2725
5.	കുളങ്ങൾ	8
6.	നദി (പെരിയാർ)	1

ജലലഭ്യത-വാർഡുതല പ്രശ്നങ്ങൾ :-

Ward I - ഇവിടെ 16 പൊതുടാപ്പുകളും, 12 പൊതുകിണറുകളും ആണ് കുടിവെള്ളത്തിന് ആശ്രയമായിട്ടുള്ളത്. വേനൽക്കാലങ്ങളിൽ വെള്ളം വറ്റുകയും ചെയ്യും. പൊതുവെ ജലക്ഷാമം രൂക്ഷമാണ്.

Ward II - ഏകദേശം നാല്പതു ശതമാനം ജനങ്ങളും കുടിവെള്ളത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നവരാണ്; പ്രത്യേകിച്ചും വേനൽക്കാലത്ത്. പര്യാപ്തമായ ടാപ്പുകൾ ഇല്ല.

Ward III- ഇവിടെ ഏറിയ ഭാഗത്തും കുടിവെള്ളക്ഷാമം നേരിടുന്നു. വേനൽക്കാലത്ത് ഒട്ടു മിക്ക കിണറുകളിലേയും വെള്ളം വറ്റിപ്പോകുന്നു. പോക്കറ്റ് റോഡുകളിൽ പൈപ്പു ലൈനുകൾ ഇല്ല. അമിതമായ മണൽവാരൽ കിണറുകളിലെ ജലവിതാനം താഴ്ത്തുന്നു. വിശ്വകർമ്മ നഗർ, തൊട്ടിപ്പറമ്പിൽ റോഡ്, പള്ളി റോഡ്, മണ്ണാംകുഴി നാലുസെന്റ് കോളനി, വയലോടം-അരീപ്പാടം റോഡ് എന്നിവിടങ്ങളിൽ പൊതു ടാപ്പുകൾ ഇല്ല.

Ward IV - ശുദ്ധജല ലഭ്യത പൊതുവേ കുറവാണ്. തടിക്കക്കടവ് ഭാഗത്ത് കിണറുകളിലെ വെള്ളത്തിൽ കീടനാശിനിയുടെ വിഷാംശം കലരുന്നതിനാൽ ഉപയോഗയോഗ്യമല്ല.

Ward V - മാമ്പ്ര നാലുസെന്റ് കോളനി, പരുവക്കാട്, പുത്തല കോളനി , തടിക്കക്കടവ് എന്നീ ഭാഗങ്ങളിൽ പൈപ്പു ലൈനുകൾ ഇല്ല. അടുവാത്തുരുത്ത് ബാലവാടിയിൽ ജലലഭ്യതയില്ല.

Ward VI-വാർഡിന്റെ വടക്കു പടിഞ്ഞാറൻ പ്രദേശങ്ങളായ ചിറ്റമനപ്പള്ളം , വേലത്തിപ്പള്ളം, കരിയത്തിപ്പള്ളം, കോഴിക്കപ്പള്ളം എന്നീ പ്രദേശങ്ങളിൽ വേനൽക്കാലത്തു പെരിയാറിൽ ഓരുവെള്ളം കയറുന്നതിനാൽ ശുദ്ധജല ക്ഷാമം അനുഭവപ്പെട്ടുവരികയാണ്. ഇവിടങ്ങളിൽ പൈപ്പ് കണക്ഷനില്ല.

Ward VII-താന്തോന്നി ഭാഗത്ത് ഓരു വെള്ളം കയറുന്നത് കുടിവെള്ളത്തെ സാരമായി ബാധിക്കുന്നു. കാരുചിറ ഭാഗം, ഇടനിലംകോളനി , കടുവാനിലം, പറയന്റെകാട് പരിസരം എന്നിവിടങ്ങളിൽ കുടിവെള്ള ലഭ്യതയില്ല; ടാപ്പുകളും ഇല്ല. കൈപ്പട്ടി ഭാഗത്തും, ഇടനിലം-കുറ്റിയാട്ട് റോഡുകളിലും പൈപ്പ് ലൈൻ ഇല്ല.

Ward VIII- വാർഡിന്റെ വടക്കേഭാഗങ്ങളിലും, ഹരിജൻ കോളനി, തൈവെയ്പ് കോളനി, ചരിവുപറമ്പ് എന്നിവിടങ്ങളിൽ ശുദ്ധജലക്ഷാമം ഉണ്ട്. അതുപോലെ തന്നെ പുതക്കാട് നാലുസെന്റ് കോളനിയിലും ശുദ്ധജല ലഭ്യതയില്ല.

Ward IX- ഇവിടെ വേനൽക്കാലത്ത് കടുത്ത ജലക്ഷാമം അനുഭവപ്പെടുന്നു പൊതുവേ കിണറുകളിലെ വെള്ളം ഉപയോഗയോഗ്യമല്ല. പൊതുടാപ്പുകളുടെ അഭാവവും ഉണ്ട്.

Ward X – ഇവിടത്തെ അമ്പതു ശതമാനത്തിലധികം വീടുകൾക്കും കുടിവെള്ളം ആവശ്യത്തിനു ലഭിക്കുന്നില്ല. ഡൈമൺമുക്ക്–അത്തിക്കൽ റോഡ് ഭാഗങ്ങൾ, ചർച്ച് റോഡ് ഭാഗങ്ങൾ ഇവിടങ്ങളിൽ ജലലഭ്യത ഇല്ല. ചാണയിൽ കോളനി, മംഗലപ്പറമ്പ് ലക്ഷം വീടുകോളനി, മണ്ടലലക്ഷം വീടുകോളനി എന്നിവിടങ്ങളിൽ ശുദ്ധജലത്തിന് ബുദ്ധിമുട്ടുണ്ട്. മംഗലപ്പറമ്പ് കോളനിയിൽ കിണർ ഇല്ല. ആനച്ചാലിന്റെ ചില ഭാഗങ്ങളിൽ ജലക്ഷാമവുമുണ്ട്.

Ward XI – മാഞ്ഞാലികുന്നുംപുറം ഭാഗത്താണ് പഞ്ചായത്തിൽ ഏറ്റവും രൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നത്. മാഞ്ഞാലി 4 സെന്റ് കോളനിയിൽ കിണറോ ടാപ്പോ ഇല്ല. പൊതു ടാപ്പുകൾ തന്നെ വളരെ കുറവാണ്.

Ward XII – വേനൽക്കാലത്ത് കടുത്ത ജലക്ഷാമം അനുഭവപ്പെടുന്ന ഭാഗമാണിത്. ഉള്ള പൊതു ടാപ്പുകളിൽ വേണ്ടത്ര ജലലഭ്യതയില്ല; ടാപ്പുകളുടെ എണ്ണവും കുറവാണ്.

സാദ്ധ്യതകൾ :–

1. പഞ്ചായത്തിൽ ഉള്ള ഉപയോഗയോഗ്യമല്ലാത്ത എല്ലാ പൊതു കിണറുകളും എക്കാലവും ഉപയുക്തമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.
2. നിലവിലുള്ള കുടിവെള്ള ശ്രോതസ്സുകൾ മലിനമാകാതിരിക്കുവാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ജനങ്ങൾക്ക് നൽകണം.
3. ജലപരിശോധന വേണ്ടയിടങ്ങളിൽ അതു നടത്തണം.
4. മണൽവാരൽ, ഇഷ്ടികക്കളങ്ങളുടെ പ്രവർത്തനം എന്നിവ സമീപ പ്രദേശങ്ങളിലെ കിണറുകളിൽ ജല ലഭ്യത ഇല്ലാതാക്കുന്നു. ഇക്കാര്യത്തിൽ നിയന്ത്രണമേർപ്പെടുത്തണം.
5. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ എട്ടു കുളങ്ങൾ ഉണ്ട്. അവ കെട്ടി സമീപ പ്രദേശങ്ങളിൽ കുടി വെള്ളലഭ്യത ഉണ്ടാക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.
6. കുന്നിൻ പ്രദേശങ്ങളിൽ മഴക്കാലത്ത് ഒഴുകിപ്പോഴായി പോകുന്ന ജലംസംഭരിച്ചു നിർത്തുവാനുള്ള സാദ്ധ്യതകൾ ആരായണം.
7. കക്കൂസുകൾക്കു സമീപം അകലം പാലിക്കാതെ കിണർ ഉള്ളവയിൽനിന്നുള്ള ജലവിനിയോഗം തടയണം.
8. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ജലസേചന കനാലുകളിൽ കൂടി വെള്ളം കടത്തിവിടുവാനുള്ള നടപടികൾ ഉണ്ടായാൽ അതിന്റ സമീപ പ്രദേശങ്ങളിലുള്ള കിണറുകളിൽ ആവശ്യത്തിന് ജലലഭ്യതയുണ്ടാകും. വാർഡ് I, VI, X എന്നിവിടങ്ങളിലെ ചിലഭാഗങ്ങളിൽ കുടിവെള്ളക്ഷാമത്തിന് ഇത് കുറെയൊക്കെ പരിഹാരമാകും.

9. ഒന്നാം വാർഡിൽ 14 പൊതു ടാപ്പുകൾ കൂടി എല്ലായ്പ്പോഴും വെള്ളം ലഭ്യമാകത്തക്ക വിധത്തിൽ അകലങ്ങൾ പാലിച്ച് സ്ഥാപിക്കണം. താഴ്ന്ന ഭാഗങ്ങളിൽ കിണർ കുഴിച്ച് ഗ്രൗണ്ട് ലെവൽ വാട്ടർ ടാങ്കു നിർമ്മിച്ച് മോട്ടോർ ഫിറ്റ് ചെയ്ത് പ്രാദേശികമായ ജലവിതരണം നടത്തുവാനുള്ള സാദ്ധ്യതകൾ കണ്ടെത്തണം. ഇല്ലാത്ത സ്ഥലങ്ങളിൽ കിണർ കുഴിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കണം. പഞ്ചായത്തിൽ ജലലഭ്യത കുറവായ എല്ലാ സ്ഥലങ്ങളിലും ഇപ്രകാരം സാദ്ധ്യതകൾ ആരായണം.

10. രണ്ടാം വാർഡിൽ വേനൽക്കാലത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പൊതുടാപ്പുകൾ കൂടുതൽ സ്ഥാപിക്കണം. അതുപോലെ പൊതു കിണറുകളും.

11. മൂന്നാം വാർഡിൽ ഉള്ള പോക്കറ്റു റോഡുകളിൽ പൈപ്പു ലൈനുകൾ സ്ഥാപിക്കണം. പാതാളം കേരള വാട്ടർ അതോറിറ്റിയുടെ ടാങ്കിൽ നിന്നും പൈപ്പുലൈനുകളും പൊതുടാപ്പുകളും സ്ഥാപിച്ച് ഈ മേഖലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാവുന്നതാണ്.

12. നാലാം വാർഡിൽ പഞ്ചായത്തു കിണറിനായി അക്വയർ ചെയ്ത സ്ഥലത്ത് പൊതുകിണർ നിർമ്മിച്ച് സംരക്ഷിക്കണം. പൈപ്പുലൈനുകളുടെ അഭാവം പരിഗണിക്കണം.

13. അഞ്ചാം വാർഡിൽ മാമ്പ്ര നാലുസെന്റ് കോളനി, പുത്തലത്തു കോളനി, തടിക്കക്കടവ് എന്നിവിടങ്ങളിൽ പൈപ്പുലൈനുകളും ടാപ്പുകളും സ്ഥാപിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കണം.

14. ആറാം വാർഡിൽ സ്ഥിതിചെയ്യുന്ന ചിറ്റമനപ്പള്ളം, വേലത്തിപ്പള്ളം, കരിയത്തിപ്പള്ളം, കോഴിക്കപ്പള്ളം എന്നീ ഭാഗങ്ങളിൽ പൈപ്പുലൈനുകളും, ടാപ്പുകളും സ്ഥാപിക്കേണ്ടതുണ്ട്.

15. ഏഴാം വാർഡിലെ താന്തോന്നി ഭാഗം, കാരുചിറ, കടുവാനിലം, ഇടനിലംകോളനി, പറയന്റെകാട് പരിസരം, കൈപ്പെട്ടി, ഇടനിലം- കുറ്റിയാട്ട് റോഡ് ഭാഗങ്ങൾ എന്നിവിടങ്ങളിൽ കുടിവെള്ള ലഭ്യതയില്ലാത്തതിനാൽ ആവശ്യമുള്ള ഭാഗങ്ങളിൽ പൈപ്പുലൈനുകളും, ടാപ്പുകളും സ്ഥാപിക്കണം. കൂടാതെ താന്തോന്നി ഭാഗത്ത് ഓരു വെള്ളം കയറുന്നതു തടയുവാനുള്ള നടപടികളും ആവിഷ്ക്കരിക്കണം. തട്ടാമ്പടിയിലെ പൊതുകിണർ ഉപയോഗയോഗ്യമാക്കണം.

16. എട്ടാം വാർഡിന്റെ വടക്കേ ഭാഗങ്ങളിലും, ഹരിജൻ കോളനി, തൈവയ്യു കോളനി, ചരിവുപറമ്പ്, അംബേദ്ക്കർ കോളനി ,പുതുക്കാട് നാലു സെന്റ് കോളനി എന്നിവിടങ്ങളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ ആവശ്യമായ പൈപ്പുലൈനുകൾ നീട്ടുകയും 25 ടാപ്പുകളെങ്കിലും കൂടുതലായി സ്ഥാപിക്കുകയും വേണം.

17. ഒമ്പതാം വാർഡിൽ വേനൽക്കാലത്ത് അനുഭവപ്പെടുന്ന ജലക്ഷാമത്തിന് പൈപ്പു ലൈനുകൾ നീട്ടി പൊതു ടാപ്പുകളുടെ എണ്ണം കൂട്ടേണ്ടാതായിട്ടുണ്ട്. നിലവിലുള്ള കുടി

വെള്ള ശ്രോതസ്സുകളിലെ ജലമലിനത മാറ്റുവാനുള്ള നടപടികളും സ്വീകരിക്കണം.

18. പത്താം വാർഡിൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന ഡൈമൺമുക്ക്-അത്തിക്കൽ റോഡ് ഭാഗങ്ങൾ, ചർച്ച് റോഡ് ഭാഗങ്ങൾ, ചാണയിൽ കോളനി, മംഗലപ്പറമ്പ് നാലുസെന്റ് കോളനി, മണ്ടളലക്ഷം വീടുകോളനി, ആനച്ചാൽ എന്നിവിടങ്ങളിൽ ആവശ്യമായ ഭാഗങ്ങളിൽ പൈപ്പുലൈനുകൾ നീട്ടി പൊതു ടാപ്പുകൾ സ്ഥാപിക്കണം. കൂടാതെ മംഗലപ്പറമ്പ് കോളനിയിൽ ഒരു പൊതു കിണർ വേണ്ടതാണ്. ആറാംമൈൽ റോഡിൽ പുഞ്ചപ്പാടത്തേക്കുപോകുന്ന വഴിയിൽ പൈപ്പ് സ്ഥാപിക്കണം. ബ്രദറൻസഭയുടെ വഴിയിൽ ഒരു Tap അടിയന്തിരമായി വേണം.

19. ഏറ്റവും രൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന 11-ാം വാർഡിൽ മാഞ്ഞാലിയിൽ കരുമാല്ലൂർ, കടുങ്ങല്ലൂർ, ആലങ്ങാട് പഞ്ചായത്തുകൾക്ക് മാത്രമുള്ള വാട്ടർസപ്ലൈ സ്കീമിൽ നിന്നും മാവിൻചുവടുഭാഗത്ത് വാൽവ് കണക്റ്റ് ചെയ്ത് പറവൂർ ഭാഗത്തേക്കു വെള്ളം കൊണ്ടു പോകുന്നത് നിറുത്തലാക്കിയും , കുന്നിൽ മുകളിൽ പ്രത്യേകം ടാങ്ക് കെട്ടി ജലസംഭരണം നടത്തിയും കൂടുതൽ ടാപ്പുകൾ സ്ഥാപിച്ചും ഈ മേഖലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കണം.

20. പന്ത്രണ്ടാം വാർഡിൽ നിലവിലുള്ള ടാപ്പുകളിൽ മുഴുവൻ സമയവും ജലലഭ്യത ഉണ്ടാക്കുവാൻ ആവശ്യമായ ഒരു ബൂസ്റ്റർ തെക്കേത്താഴത്തു സ്ഥാപിക്കണം. കൂടാതെ കൂടുതൽ ടാപ്പുകളും സ്ഥാപിക്കണം.

21. പൊതുജന പങ്കാളിത്തത്തോടുകൂടി ശ്രമദാനങ്ങൾ വഴി നിലവിലുള്ള കുടിവെള്ള ശ്രോതസ്സുകളെ സംരക്ഷിക്കുകയും , അതോടൊപ്പം അത്യാവശ്യം വേണ്ട ഭാഗങ്ങളിൽ കിണർ കുഴിക്കുവാനുള്ള സാദ്ധ്യതകൾ ഉണ്ടാക്കുകയും വേണം.

22. അത്യാവശ്യമുള്ള ഹൗസ്കണക്ക്ഷനുകൾ എളുപ്പത്തിൽ ലഭ്യമാകുവാനുള്ള നടപടികൾ ഔദ്യോഗിക തലത്തിൽ ഉണ്ടാകണം. അതുപോലെതന്നെ പൊതുജലവിതരണ ശൃംഖലയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം.

23. ഉയർന്ന പ്രദേശങ്ങളിൽ ജലലഭ്യത എല്ലായ്പ്പോഴും ഉണ്ടാകുവാൻ പമ്പിങ്ങ് സമയം ദീർഘിപ്പിക്കണം.

വ്യവസായം

ആമുഖം

കരുമാല്ലൂർ പഞ്ചായത്ത് മൊത്തത്തിൽ ഒരു കാർഷികമേഖലയാണെന്നതുകൊണ്ടു തന്നെ കൃഷിയുമായി ബന്ധപ്പെടുത്തി വികസിപ്പിച്ച് പോഷിപ്പിക്കാവുന്ന വ്യവസായങ്ങളാണ് ഈ പ്രദേശത്തിന് അഭികാമ്യം. അതുകൊണ്ട് കാർഷികവിഭവങ്ങളിലൂടെയുള്ള വ്യവസായ വല്കരണമാണ് പ്രധാനമായും മുന്നോട്ടു വയ്ക്കുന്നത്. ഈ പഞ്ചായത്തിലെ പിന്നോക്കാവസ്ഥ പ്രതിഫലിപ്പിക്കുന്നതാണ് പഞ്ചായത്തിൽ നിന്നും ലഭ്യമാകുന്ന സ്ഥിതി വിവരകണക്കുകൾ. 1985 – 86 ലെ ഘട്ടത്തിൽ ഈ പഞ്ചായത്തിൽ വ്യവസായ ലൈസൻസ് ഫീസായി ലഭിച്ചിട്ടുള്ളത് 4208 രൂപ മാത്രമാണ്. അതു ക്രമേണ വർദ്ധിച്ച് 1995 – 96 കാല ഘട്ടമായപ്പോഴേക്കും വ്യവസായ – വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള ലൈസൻസ് ഫീ കേവലം 16837 രൂപ മാത്രമാണ് എന്ന് ഔദ്യോഗിക രേഖകൾ പറയുന്നു. കൂടാതെ തൊഴിൽക്കരമിനത്തിൽ ഈ സഥാപനങ്ങളിൽ നിന്നുമായി ഏകദേശം 29500 രൂപയേ ലഭിച്ചിട്ടുള്ളു. രജിസറ്റർ ചെയ്തിട്ടുള്ള SSI യൂണിറ്റുകൾ 102 ഉം അതിൽ പണിയെടുക്കുന്നവരുടെ എണ്ണം 702 ഉം ആണ്. രജിസ്റ്റർ ചെയ്തിട്ടുള്ള യൂണിറ്റുകൾ താഴെ പറയുന്ന വിഭാഗങ്ങളിൽ പെടുന്നു.

1. വയർ കട്ട് ഇഷ്ടിക
2. കൺട്രി ഇഷ്ടിക
3 അച്ചടി ശാലകൾ
4. കിണർ വർക്സ്
5. കോഴിവളർത്തൽ കേന്ദ്രം
6. ഡെക്കറേഷൻസ്
7. റെഡിമെയ്ഡ് യൂണിറ്റുകൾ
8. ഫ്ലവ്ർ മിൽസ്
9. സോഡഫാക്ടറി
10. ബ്യൂട്ടി പാർലർ
11. ചിപ്സ് നിർമ്മാണം
12. ഫയർ വർക്സ്
13. സൂപ്പർവൈറ്റ്

14. ജനറൽ എഞ്ചിനീയറിംഗ്

15. ക്രഷർ

16. മൺപാത്ര നിർമ്മാണം

17. ഹോളോ ബ്രിക്സ് / കെട്ടിട നിർമ്മാണ ഘടകങ്ങൾ

18 സാമിൽ

19. ആസ്ബെസ്റ്റോസ് പൈപ്പ്സ്

20. മേച്ചിൽ ഓട്

21. ഹോമിയോ ഔഷധ നിർമ്മാണം

22. മേളം മസാല / ശാന്തി കറി പൗഡർ

23. ഐസ് ഫാക്ടറി

24. പുകയില്ലാത്ത അടുപ്പ്

25. ഫർണിച്ചർ നിർമാണം

26. അലുവ വ്യവസായം

27. തുകൽ

രജിസ്റ്റർ ചെയ്യാത്ത സംരംഭങ്ങളായ ഫുഡ് പ്രോസസിംഗ് ഖാദി യൂണിറ്റ് പപ്പട നിർമ്മാണം നെയ്ത്ത്, തേങ്ങാ വെട്ട്, ഓയിൽ മിൽസ് എന്നീ വ്യവസായങ്ങളും ഇവിടെ പ്രവർത്തിക്കുന്നു. കാലാവസ്ഥക്കനുസരിച്ച് ഇഷ്ടിക വ്യവസായത്തിലെ ഏകദേശം 3000 തൊഴിലാളികളുൾപ്പെടെ 4500 തൊഴിലാളികളാണ് ഈ പ്രദേശത്തെ തൊഴിൽ ശക്തി. ഇതിൽ 1500 ൽ പരം പേർ അന്യ പ്രദേശങ്ങളിൽ നിന്നും വന്ന് ഇവിടെ തൊഴിലെടുക്കുന്നവരാണ്.

- പ്രശ്നങ്ങൾ -

1. നെയ്ത്ത് വ്യവസായ സഹകരണസംഘം പ്രതിസന്ധിയിലാണ്.

2. കന്നുകാലി വളർത്തൽ ലാഭകരമല്ല.

3, പരമ്പരാഗത വ്യവസായം തകർച്ചയിലാണ്.

4. SC/ ST സഹകരണസംഘം ഗാർമെന്റും ഫ്ളവർ മില്ലും വിപണിമാന്ദ്യം നേരിടുന്നു.

5. ST പച്ചമരുന്നു സമാഹരണ സഹകരണസംഘം മുരടിപ്പിലാണ്.

6. പരമ്പാരാഗതവ്യവസായത്തിന് അസംസ്കൃതസാധനങ്ങൾ ലഭ്യമല്ല.

7. ഇഷ്ടിക, മണൽ മേഖല പരിസ്ഥിതി പ്രശ്നം സൃഷ്ടിക്കുന്നു.

8. കരകൗശലനിർമ്മാണമേഖലയിൽ പരിശീലനമില്ല

9. പ്രോജക്ടുകൾക്ക് സാമ്പത്തികസഹായം ലഭിക്കാൻ ബുദ്ധിമുട്ട്

10. വൈദ്യുതിരംഗത്തുണ്ടായിട്ടുള്ള പ്രതിസന്ധി പുതിയ വ്യവസായ സംരംഭങ്ങൾക്ക് തുടക്കം കുറിക്കാൻ തടസ്സം നിൽക്കുന്നു

സാദ്ധ്യതകൾ

1. കന്നുകാലിവളർത്തൽ/ ക്ഷീരോല്പാദനം, കോഴിവളർത്തൽ ലാഭകരമാക്കുന്നതിന് കുറഞ്ഞ വിലക്ക് കാലിത്തീറ്റ / കോഴിത്തീറ്റ ലഭ്യമാക്കണം. വിലക്കുറവുള്ള കാലിത്തീറ്റ / കോഴിത്തീറ്റ നിർമ്മാണം ആവശ്യമാണ്. അസംസ്കൃതവസ്തുക്കളും മറ്റു വിഭവങ്ങളും ലഭ്യമാണ്. മൊത്തം വാർഷികാവശ്യമായ 10,000 MTയിൽ 2500 MTഉല്പാദിപ്പിക്കാൻ പദ്ധതി ആകാം.

2. വ്യാവസായികമായി കോഴിവളർത്തലിന് തീറ്റിപോലെതന്നെ കുഞ്ഞ് ഉല്പാദനസൗകര്യവും പദ്ധതിയും വേണം. വ്യാവസായികാടിസ്ഥാനത്തിൽ പദ്ധതി പ്രായോഗികമാക്കിയാൽ സമീപ പഞ്ചായത്തുകൾക്കു കൂടി പ്രയോജനമാകും.

3. കന്നുകാലിവളർത്തലുമായി ബന്ധപ്പെടുത്തി ഗ്രൂപ്പ് അടിസ്ഥാനത്തിൽ വ്യാവസായികമായി ബയോ ഗ്യാസ് പ്ലാന്റുകൾ രൂപപ്പെടുത്തി ഊർജ്ജശ്രോതസ് വിപുലീകരിക്കാം. ഈ പദ്ധതി കാർഷികവികസനത്തിനും പ്രയോജനപ്പെടുത്താം.

4. കൈതൊഴിലുകാരെയും പരമ്പരാഗത തൊഴിൽ ശക്തിയെയും ഗ്രൂപ്പടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ആ മേഖലയിലെ വ്യാവസായിക ശക്തിയാക്കി മാറ്റുവാൻ നല്ല സാധ്യതയും സാഹചര്യവുമുണ്ട്. ഇത് സഹകരണമേഖലയിലുമാകാം.

5. കെട്ടിടനിർമ്മാണം ഒരു വ്യവസായമായി കണ്ട് തെങ്ങ്, റബ്ബർ, മറ്റു വില കുറഞ്ഞ മരങ്ങൾ എന്നിവ ശേഖരിച്ച് ട്രീറ്റ് ചെയ്ത് പ്രയോജനപ്പെടുത്തുക, അടിസ്ഥാനഘടക നിർമ്മാണം നടത്തുക, ആവശ്യനിർമ്മാണ വസ്തുക്കൾ മൊത്തവിതരണം നടത്തുക, ടേൺകീ അടിസ്ഥാനത്തിൽ വീടു നിർമ്മിച്ചു നൽകുക, എന്നീ മേഖലകളിൽ ലാഭകരമായി പ്രവർത്തിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വലിയ സാധ്യത ഉണ്ട്. ഇത് സംയുക്ത മേഖലയിലോ സഹകരണമേഖലയിലോ ആകാം. ഭവന നിർമ്മാണ വായ്പാ ഏജൻസികളുടെ സഹായങ്ങളും സംരഭങ്ങളും ഈ സംവിധാനത്തിൽ കൂടി കൂടുതൽ പ്രയോജനപ്പെടുത്താം.

6. നിലവിലുള്ള നെയ്ത്ത് വ്യവസായ സഹകരണസംഘം കാലോചിതമായി നവീകരിച്ച് വികസിപ്പിക്കാവുന്നതേയുള്ളു. കൂടുതൽ തൊഴിലവസരങ്ങളുണ്ടാകാൻ സാദ്ധ്യതയുണ്ട്.
7. ബാംബു കോർപ്പറേഷന്റെ ഒരു ഡിപ്പോ തുറക്കുകയും പനമ്പു നെയ്ത്തിന് കുറെ പേരെ പരിശീലിപ്പിക്കുകയും ചെയ്താൽ പനമ്പു നെയ്ത്തും പരമ്പാരാഗത കൈതൊഴിലും പുഷ്ടിപ്പെടുത്തി കുറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും.
8 ചൂരലുകൊണ്ടുള്ള ഫർണിച്ചറുകൾക്ക് വൻ സാദ്ധ്യതയുള്ളതുകൊണ്ട് നിർമ്മാണപരിശീലനവും ചൂരൽ സപ്ലൈയും ഉറപ്പാക്കിയാൽ തൊഴിലവസരങ്ങൾക്ക് ഗുണകരമായിരിക്കും..

9. നെയ്ത്ത് വ്യവസായ സംഘം ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ ഗുണനിലവാരം ഉറപ്പാക്കിയാൽ ആ ഉല്പന്നങ്ങൾ റെഡിമെയ്ഡ് നിർമ്മാണയൂണിറ്റുകളിൽ ഉപയോഗപ്പെടുത്തി സംഘത്തിനും നിർമ്മാണയൂണിറ്റുകൾക്കും പ്രയോജനകരമാകാൻ സാദ്ധ്യതയുണ്ട്. ഈ സമീപനം വിപണിക്കും ഗുണകരമായിരിക്കും.
10. സേവനമേഖലകൾ വികസിപ്പിക്കാം. റിപ്പയർ വർക്കുഷോപ്പുകൾ, പുകയില്ലാത്ത അടുപ്പു നിർമ്മാണ യൂണിറ്റുകൾ എന്നീ മേഖലകൾക്ക് ഇനിയും വികസനസാദ്ധ്യതകളേറെയുണ്ട്. പ്രയോജനപ്പെടുത്തിയാൽ സ്വയം തൊഴിൽ മേഖല വിപുലപ്പെടുത്താം.
11. SC/ ST സഹകരണഗാർമെന്റു യൂണിറ്റിനും ഫ്ളവർമില്ലിനും വികസനസാദ്ധ്യതയുണ്ട്. വിപണി വർദ്ധിപ്പിക്കാൻ ശ്രദ്ധ വേണം. വിദഗ്ദ്ധ പരിശീലനവും മാനേജ്മെന്റ് പരിശീനവും ആവശ്യത്തിന് വിഭവസമാഹരണവും അത്യാവശ്യമാണ്
12. SC/ ST സഹ പച്ചമരുന്ന് സമാഹരണ സംഘം കാർഷിക മേഖലയുമായി സഹകരിച്ച് ഗാർഹികാടിസ്ഥാനത്തിൽ പച്ചമരുന്നു കൃഷി ആസൂത്രിതമായി പോഷിപ്പിച്ചാൽ വികസത്തിന് വൻ സാദ്ധ്യതയുണ്ട്. തൊഴിൽ സാദ്ധ്യത കൂടുന്നതോടൊപ്പം പച്ചമരുന്ന് സംസ്കരിച്ച് ഔഷധനിർമ്മാണ വ്യവസായത്തിലേക്കും കടക്കാൻ കഴിയും. അനുബന്ധമായി പരിശീനവും വിഭവസമാഹരണവും ആവശ്യമാണ്.
13. ഇഷ്ടിക- മണൽ (ചരൽ) വ്യവസായം പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിച്ച് നിലനിർത്തി മുന്നോട്ട് പോകണം.
14. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം മൊത്തത്തിൽ പരിശോധിച്ച് വിപണനസൗകര്യം വർദ്ധിപ്പിച്ച് വികസിപ്പിക്കാം.
15. കറിപൗഡർ പോലുള്ള ഉല്പന്നങ്ങൾക്ക് ഇനിയും സാദ്ധ്യതയുണ്ട്.
16. വിവിധ രൂപത്തിലുള്ള ചെറുകിടവനിതായൂണിറ്റുകൾക്ക് പരിശീലനവും സാമ്പത്തിക/ വായ്പാസഹായവും എളുപ്പം ഉറപ്പാക്കിയാൽ ധാരാളം സാദ്ധ്യതകൾ ഇനിയും ഉണ്ടാക്കുവുന്നതേയുള്ളു.
17. തെങ്ങുകൃഷിയുമായി ബന്ധപ്പെടുത്തി ഭക്ഷ്യസംസ്കരണം എണ്ണ ആട്ടു സംരംഭങ്ങൾക്കും സാദ്ധ്യതയുണ്ട്.
18. കുപ്പി നിർമ്മാണ യൂണിറ്റിന് സാദ്ധ്യതയുണ്ട്.
19 മൺപാത്ര/ കളിമൺ വ്യവസായത്തിൽ ഇനിയും വികസന സാദ്ധ്യതകളേറെയുണ്ട്.
20. കെയിനിംഗ്/ എംബ്രോയിഡറി, കസേര നിർമ്മാണം എന്നിവയ്ക്ക് നിരവധി സാദ്ധ്യതകളുണ്ട്.
21. പാലുല്പന്നങ്ങൾ, അച്ചാറുകൾ എന്നിവ ആസൂത്രിതമായി ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾക്കും സാദ്ധ്യത ഏറെയാണ്.
22. ഭക്ഷ്യസംസ്കരണം/ അലുവ, മിഠായി എന്നിയുടെ നിർമ്മാണം) തൊഴിലവസരം സൃ

ഷ്ടിക്കാവുന്ന മറ്റൊരു മേഖലയാണ്.


23. മെഴുക്തിരി, തീപ്പെട്ടി യൂണിറ്റുകൾ (കുടുംബയൂണിറ്റുകൾ) മാതൃയൂണിറ്റുകൾക്ക് കീഴിൽ സംഘടിപ്പിക്കാൻ സാദ്ധ്യതയുണ്ട്.

പ്രശ്നപരിഹാരങ്ങൾ

1. അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരെ ഈ രംഗത്തേക്കു കടന്നുവരാൻ പ്രേരിപ്പിക്കുകയും ആത്മവിശ്വാസം നല്കുകയും വേണം. സാങ്കേതികഉപദേശവും വിഭവസമാഹരണ സഹായവും മുൻഗണനാക്രമത്തിൽ ചെയ്തുകൊടുക്കണം.
2. എല്ലാ തൊഴിലിനും അതിന്റേതായ മാന്യതയുണ്ടെന്ന തിരിച്ചറിവിന് ബോധവല്കരണം നടത്തണം.
3. വിവിധ തൊഴിൽ സംരംഭകർക്ക് ഉത്തേജനവും സഹകരണവും നല്കാനുതകും വിധത്തിൽ വിവിധ ഡിപ്പാർട്ടുമെന്റ്കൾ ഏകോപിതമായി പ്രവർത്തിക്കണം. അനാവശ്യമായ നൂലാമാലകൾ സൃഷ്ടിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.
4. വിവിധ ധനകാര്യസ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവ സമീപനത്തിൽ ഗുണകരമായ മാറ്റങ്ങൾ കാലോചിതമായി വരുത്തണം.
5. സാങ്കേതിക- വാണിജ്യ പരിജ്ഞാനവും പരിശീലനവും നല്കാനുള്ള സംവിധാനങ്ങൾ ആസൂത്രിതമായി രൂപപ്പെടുത്തണം.
6. വൈദ്യുതി സുഗമവും സുലഭവുമായി ലഭ്യമാക്കാൻ വേണ്ട ഏർപ്പാടുകൾ ഗവ. തലത്തിൽ ഉണ്ടാകണം.
7. വിപണികൾ തുറക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നതോടൊപ്പം വിപണിയെ പ്രയോജനപ്പെടുത്താനാവശ്യമായ സഹായസഹകരണങ്ങളും നിർലോഭം നല്കണം.
8. പഞ്ചായത്തിൽ കാലാകാലങ്ങളിൽ ശില്പശാലകളോ പഠനക്ലാസ്സുകളോ സംഘടിപ്പിക്കുകയും വ്യവസായ വകുപ്പ് ഉദ്യോഗസ്ഥരെ അതിൽ നിർബന്ധമായി പങ്കെടുപ്പിക്കുകയും വേണം.
9. വ്യവസായ - പ്രത്യുൽപാദന മേഖലയിൽ പണം മുടക്കാൻ ഗൾഫു പണവുമായി ബന്ധപ്പെട്ടവരെ പ്രേരിപ്പിക്കണം.

◆◆◆◆◆◆◆◆

ഊർജ്ജം



ഒരു പ്രദേശത്തിന്റെ വികസനവും പുരോഗതിയും ആ പ്രദേശത്തെ ഗതാഗതസൗകര്യത്തേയും ഊർജ്ജ ലഭ്യതയേയും ആശ്രയിച്ചാണ് നിലകൊള്ളുന്നത്. ജലവൈദ്യുതസ്രോതസ്സുകളെ മാത്രം ആശ്രയിച്ചുള്ള ഊർജ്ജ ഉല്പാദനവും ദീർഘ വീക്ഷണമില്ലാത്ത ഉപഭോഗവിതരണക്രമങ്ങളുമാണ് ഇന്നത്തെ രൂക്ഷമായ പ്രതിസന്ധിക്കു കാരണം. ഉപഭോഗത്തിന്റെ തോതനുസരിച്ച് ഉല്പാദനംവർദ്ധിക്കാതിരുന്നതും ഒരു കാരണമാണ്. നമ്മുടെ ഗ്രാമത്തിൽ വൈദ്യുതി,വിറക്, മണ്ണെണ്ണ, പാചകവാതകം എന്നിവയാണ് പ്രധാനമായും ഊർജ്ജ ഉപാധികൾ. ആലുവ മേജർ സെക്ഷൻ, പറവൂർ മേജർ സെക്ഷൻ, വരാപ്പുഴ മേജർ സെക്ഷൻ എന്നിവയുടെ പരിധിയിൽ വരുന്ന വൈദ്യുത ഉപഭോക്താക്കളുടെ പട്ടിക താഴെ ചേർക്കുന്നു.

സെക്ഷൻ 1	ഗാർഹികം 2	വ്യാപാരം 3	വ്യവസായം 4	കാർഷികം 5
ആലുവ	2484	250	80	100
പറവൂർ	2300	100	130	75
വരാപ്പുഴ	23	16	---	2

അപേക്ഷ നൽകിയിട്ടും കണക്ഷൻ കിട്ടാത്തവർ ഓർഡിനറി വിഭാഗത്തിൽ 420 ഉം OYEC യിൽ 160ഉം OTP യിൽ 26 പേരും ഉണ്ട്.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 1100 ബൾബും, 120 ട്യൂബ് ലൈറ്റുകളും തെരുവുകളിൽ സ്ഥാപിച്ചിട്ടുണ്ട്. 30 ട്രാൻസ്ഫോമറുകൾ ഗ്രാമത്തിൽ ഉണ്ടെങ്കിലും കപ്പാസിറ്റിയെക്കാൾ കൂടുതൽ കണക്ഷനുകൾ ഉള്ളതുകൊണ്ട് മിക്ക സ്ഥലങ്ങളിലും വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു. ഉപഭോക്താക്കളുടെ ഏറ്റവും വലിയ പ്രശ്നം കണക്ഷൻ കിട്ടാനുള്ള കാലതാമസവും കൃത്യമായ സർവ്വീസിന്റെ അഭാവവും ആണ്.

വൈദ്യുതി ലഭിക്കുന്നതിന് മുൻപ് വെളിച്ചത്തിനുവേണ്ടി വിവിധതരം സസ്യ എണ്ണ ഉപയോഗിച്ചിരുന്നു. തുടർന്ന് മണ്ണെണ്ണയും. പാചക ആവശ്യത്തിന് കൂടുതൽ കുടുംബങ്ങളും വിറകിനെ ആശ്രയിക്കുന്നു. വിറകിന്റെ വിലവർദ്ധനയും ദുർലഭ്യവും വലിയ പ്രയാസങ്ങൾ

ഉണ്ടാക്കുന്നു. മറ്റു മാർഗ്ഗങ്ങൾ തേടാനും ഇത് സാഹചര്യം ഒരുക്കുന്നു. പാചക ആവശ്യത്തിനായി 45012 ലിറ്ററും വിളക്കുകത്തിക്കാനായി 1,33,583 ലിറ്ററും മണ്ണെണ്ണ പ്രതിവർഷം നമ്മുടെ ഗ്രാമത്തിൽ റേഷൻ കടകൾ വഴി നൽകുന്നു. ഏതാനും കുടുംബങ്ങളിൽ ഏകദേശം പാചക ആവശ്യത്തിനു LPGയും ഉപയോഗിക്കുന്നുണ്ട്. സാമൂഹ്യക്ഷേമവകുപ്പിന്റെ ധനസഹായത്തോടെ നിർമ്മിച്ചിട്ടുള്ള ബയോഗ്യാസ് പ്ലാന്റുകളും പഞ്ചായത്തിൽ പരിമിതമായ തോതിൽ കാണുന്നുണ്ട്. മുൻകാലങ്ങളിൽ ജലസേചനത്തിനും കൃഷി നിലം ഒരുക്കുന്നതിനും മനുഷ്യന്റേയും മൃഗങ്ങളുടേയും ശേഷി ഉപയോഗപ്പെടുത്തിയിരുന്നു. ആസ്ഥാനം ഇന്ന് പെട്രോളിയം ഉല്പപ്പന്നങ്ങൾകൊണ്ടും വൈദ്യുതികൊണ്ടും പ്രവർത്തിപ്പിക്കുന്ന യന്ത്രങ്ങൾ കയ്യടക്കിയിരിക്കുന്നു.

-പ്രശ്നങ്ങൾ -

- വോൾട്ടേജ് ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു.
- വിറകിന്റെ ലഭ്യത വളരെ കുറവാണ്. വിലനിരക്ക് ഉയർന്നതും.
- ദക്ഷത കുറഞ്ഞ അടുപ്പുപയോഗിക്കുന്നതുകൊണ്ട് ഊർജ്ജ നഷ്ടം സംഭവിക്കുന്നു.
- പാരമ്പരേതര ഊർജ്ജസ്രോതസ്സുകൾ സ്ഥാപിക്കപ്പെട്ടിട്ടില്ല.
- വൈദ്യുതി കണക്ഷൻ കിട്ടാൻ അതിയായ കാലതാമസം നേരിടുന്നു.
- വൈദ്യുതി വിതരണ രംഗത്തെ സേവനം തൃപ്തികരമല്ല.

- പരിഹാരം -

- ട്രാൻസ്ഫോർമറുകളുടെ എണ്ണം വർദ്ധിപ്പിച്ച് വോൾട്ടേജു ക്ഷാമത്തിന് പരിഹാരം ഉണ്ടാക്കണം.
- സംസ്ഥാനതലത്തിൽ ആവശ്യത്തിന്റെ 25% ത്തിൽ കുറയാത്ത വൈദ്യുതി തെർമൽ സ്റ്റേഷൻ വഴി ഉല്പാദിപ്പിക്കുക.
- ദക്ഷതകൂടിയ അടുപ്പുകൾ സ്ഥാപിക്കുക. അനർട്ട്, ശാസ്ത്രസാഹിത്യപരിഷത്ത് തുടങ്ങിയ സംഘടനകളുടെ സേവനം ഇതിനു ഉപയോഗപ്പെടുത്തണം.
- സാമൂഹ്യവനവൽക്കരത്തിലൂടെ വിറക് ഉല്പാദനം വർദ്ധിപ്പിക്കാം.
- ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുക. ഗ്രൂപ്പടിസ്ഥാനത്തിൽ ഇതു സ്ഥാപിച്ചാൽ കുറഞ്ഞതോതിലെങ്കിലും തൊഴിലവസരങ്ങളും സൃഷ്ടിക്കാം.
- സോളാർ എനർജി ഉപയോഗപ്പെടുത്തുന്നതിന് പ്രോത്സാഹനം നൽകുക.
- ഘർഷണ രഹിത ഫുടാൽവുകൾ, ചിരട്ട അടിസ്ഥാന സ്റ്റെർളിൽ എൻജിനുകൾ എന്നിവയുടെ ഉപയോഗം വർദ്ധിപ്പിക്കുക.

- കാറ്റാടി പമ്പുകളുടെ സാദ്ധ്യത ആരായുക.
- ചിരട്ട, വിറക് എന്നിവ ഉപയോഗിച്ചുള്ള ഗ്യാസിഫയർ വൈദ്യുതോൽപാദനം പ്രയോജനപ്പെടുത്തുക.
- പ്രഷർ കുക്കറുകൾ അടിപരന്ന പാത്രങ്ങൾ എന്നിവയുടെ ഉപയോഗം വർദ്ധിപ്പിക്കുക.
- I.R.E.P പദ്ധതി പഞ്ചായത്തുകളെ നേരിട്ടു ഏൽപ്പിക്കുക.
- അനർട്ടിന്റെ സഹായവും തേടാം.
- വൈദ്യുതി വിതരണം പഞ്ചായത്തിന്റെ ചുമതലയിലാക്കുക.
- നിലവിലുള്ള വഴിവിളക്കുകളുടെ എണ്ണം പഞ്ചായത്തിൽ വർദ്ധിപ്പിക്കുക.

ഗതാഗതം



കരുമാല്ലൂർ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും റോഡ് ഗതാഗതത്തേയാണ് ആശ്രയിക്കുന്നത്. ഈ പഞ്ചായത്തിന്റെ ഹൃദയഭാഗത്തു കൂടി ആലുവാ-പറവൂർ P.W.D റോഡ് കടന്നു പോകുന്നു. പടിഞ്ഞാറ് ആനച്ചാൽ തുടങ്ങി കിഴക്ക് U.C കോളേജിൽ അവസാനിക്കുന്ന കരുമാല്ലൂർ പഞ്ചായത്തിൽ PWD റോഡിന്റെ നീളം 10 Km ആണ്. ദേശസാൽകൃതമായ ഈ റോഡിലൂടെ പറവൂർ താലൂക്കിന്റെ വിവിധ ഭാഗങ്ങളിലേക്കും, വൈപ്പിൻ, തൃശൂർ ജില്ലയുടെ കൊടുങ്ങല്ലൂരിലേക്കും K.S.R.T.C ബസ്സ് സർവ്വീസ് നടത്തുന്നു. N.H 17 ൽ കൂടി വന്ന് ദീർഘയാത്രക്കാർ NH 47 ലേക്ക് കടക്കുന്നത് മുഖ്യമായും ഈ റോഡിലൂടെയാണ്. അതുകൊണ്ട് തന്നെ റോഡ് എപ്പോഴും വാഹനനിബിഡമാണ്. ആലുവായിൽ നിന്ന് പറവൂർക്കും തിരിച്ചും സമാന്തര സർവ്വീസുകൾ K.S.R.T.C. നടത്തുന്നു. ദേശസാൽകൃത റൂട്ടായതുകൊണ്ട് ഈ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും ഈ സർവ്വീസിനെ മാത്രം ആശ്രയിച്ച് ഗതാഗതം നടത്തുന്നു. യാത്രാക്ലേശം ഇത്രക്കും രൂക്ഷമായ ഒരു പ്രദേശം സമീപ പ്രദേശത്ത് ഉണ്ടെന്നു തോന്നുന്നില്ല.

നമ്മുടെ പഞ്ചായത്തിൽ 160.015 Km. റോഡുണ്ട്. ഇതിൽ 30 Km. നീളത്തിൽ PWD റോഡും ബാക്കി പഞ്ചായത്ത് റോഡുകളുമാണ്. പഞ്ചായത്ത് റോഡിൽ 14.050 Km. ടാർ ചെയ്തിട്ടുണ്ട്. 29.335 Km. റോഡിൽ ഗ്രാവൽ വിരിച്ചിട്ടുണ്ട്. ബാക്കിയുള്ള 86.630 Km. റോഡ് മണ്ണു മാത്രമാണ്.

ഇവിടുത്തെ റോഡു ശ്രൃംഖല മെച്ചപ്പെട്ടതാണെങ്കിലും റോഡിന്റെ സ്ഥിതി വളരെ മോശമാണ്. ഗ്രാവൽ, മണ്ണ്, വിഭാഗത്തിൽപ്പെട്ട റോഡുകളുടെ മഴക്കാലത്തെ സ്ഥിതി വളരെ ദയനീയമാണ്. മിക്കവാറും റോഡുകളിൽ ഓവുചാലുകളിലില്ല. പല സ്ഥലങ്ങളിലും ആവശ്യത്തിന് കലങ്കുകളില്ല. മഴക്കാലത്തുള്ള വാഹനഗതാഗതവും കൂടിയാകുമ്പോൾ ഈ

റോഡുകളിൽ കൂടിയുള്ള യാത്ര വളരെ ദുസ്സഹവും ദയനീയവുമാണ്. ചളി കുറുകി കിടക്കുന്ന ഈ റോഡിൽ കാൽ നടയാത്രക്കാർ സമീപത്തുള്ള പറമ്പുകളിൽകൂടി കയറി പോകുവാൻ നിർബന്ധിതരാകുന്നു. ആയതുകൊണ്ട് ഈ പ്രദേശത്തുള്ള ഭൂരിപക്ഷം പേരും റോഡ് ടാർ ചെയ്യണമെന്ന് ശക്തിയായി ആവശ്യപ്പെടുന്നു.

നമ്മുടെ റോഡുകൾ തൊട്ടടുത്ത പഞ്ചായത്തുകളായ കടുങ്ങല്ലൂർ , ആലങ്ങാട്, കോട്ടുവള്ളി, ചിറ്റാറ്റുകര എന്നിവയുമായും ആലുവ മുനിസിപ്പാലിറ്റി പ്രദേശവുമായി ബന്ധപ്പെട്ടു കിടക്കുന്നു. ചുരുക്കം ചില പ്രദേശങ്ങളിൽ ജലഗതാഗതവും നിലവിലുണ്ട്. തൈത്തറ - തത്തപ്പിള്ളി കരുമാല്ലൂർ - വയൽക്കര എന്നീ പ്രദേശത്തേക്ക് വഞ്ചികളിലും മാഞ്ഞാലിയിൽ നിന്ന് കുന്നുകരയിലേക്ക് ചങ്ങാടത്തിലും സർവ്വീസ് നടത്തുന്നു.

- പ്രശ്നങ്ങൾ -

ഒന്നാം വാർഡ്

- മറിയ ആശുപത്രി ജംഗ്ഷനിൽനിന്ന് തിരുവല്ലൂർക്ക് പോകുന്ന റോഡ് 1.25 Km. നീളം ടാർ ചെയ്തിട്ടുണ്ട്. ബാക്കി വീതി കുറഞ്ഞ ഭാഗം വീതികൂട്ടി ടാർ ചെയ്യണം.
- M.C.B.S. റോഡ്, കോൺവെന്റ് റോഡ്, Y.W.C.A. റോഡ്, വിമൻസ് ഹോസ്റ്റൽ റോഡ്, സ്പ്രിംഗ് ബുക്ക് റോഡ്, സെറ്റിൽമെന്റ് കോച്ചേരി കനാൽ റോഡ്, നാല് സെന്റ് കോളനി റോഡ്, മുട്ടംകുന്ന് റോഡ് , പോസ്റ്റ് ഓഫീസ് ചാരപ്പറമ്പ് റോഡ്, പാലക്കൽ സ്റ്റേഡിയം റോഡ് എന്നിവ ടാർ ചെയ്യണം.
- സെറ്റിൽമെന്റ് ഗേറ്റിന് മുൻവശമുള്ള പാലം മുതൽ പടിഞ്ഞാറോട്ട് പെരിയാർ വാലി കനാലിന് അരികിലുള്ള ജീപ്പ് റോഡ് മുട്ടം കുന്നു വരെ നന്നാക്കി ഗതാഗത യോഗ്യമാക്കണം.
- കാരകുന്ന് തിരുവല്ലൂർ റോഡിലൂടെ K.S.R.T.C. ബസ് സർവ്വീസ് നടത്താൻ നടപടി എടുക്കണം.

രണ്ടാം വാർഡ്

- കുഴിക്കടവ് റോഡ്, ലക്ഷം വീട് റോഡ്, ചക്യാത്ത് പുഞ്ച റോഡ് , ശ്മശാനം വയലക്കാട്ട് റോഡ് എന്നിവ ടാർ ചെയ്യണം.

മൂന്നാം വാർഡ്

- U.C. കോളേജ് - തടിക്കക്കടവ് റോഡ് നന്നാക്കണം.
- പഞ്ചായത്ത് സ്റ്റോപ്പിൽ റോഡിൽ വീതി കൂട്ടണം.
- സെമിനാരി റോഡ് നന്നാക്കണം
- അന്താരത്തോട് റോഡ്, മുട്ടാർ-അരീപ്പാടം റോഡ് വയലോടം റോഡ് എന്നിവ നിർമ്മിക്കാനും പുതുക്കി പണിയാനും നടപടി വേണം

- കനാൽ റോഡുകൾ കയ്യേറിയവരെ ഒഴിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം, വ്യക്തികൾ കയ്യേറിയ മറ്റു റോഡിലേയും പ്രശ്നങ്ങൾ പരിഹരിക്കണം. നിലവിലുള്ള ഇടവഴികൾ (തൊടലിപറമ്പ് റോഡ്, ചന്ദ്രശേഖർ റോഡ്) നന്നാക്കാൻ നടപടി വേണം.

നാലാം വാർഡ്

- അരീപ്പാടം – പെരിയാർ വാലി കനാൽ റോഡ് സൈഡ് കെട്ടി സഞ്ചാരയോഗ്യമാക്കുകയും, മൂട്ടാർ – അരീപ്പാടം റോഡ് നിർമ്മിക്കുകയും ചെയ്യുക.
- മദ്രസ – കൊളച്ചികാട്ട് റോഡും, വയലോടം ഹരിജൻ കോളനി റോഡും ചെമ്പിക്കാട് – വയലോടം റോഡും പൂർത്തീകരിക്കുക.
- മില്ലുപടിയിൽ നിന്ന് വടക്കോട്ട് നിലവിലുള്ള റോഡ് കനാൽ പടി വരെ നീട്ടുക.
- തുരുത്തിയേത്ത് നിന്നും കിഴക്കോട്ട് പുതിയതായി റോഡ് നിർമ്മിച്ച് മെയിൻ റോഡുമായി ബന്ധിപ്പിക്കുക.
- കണിപടി – പുഞ്ച റോഡ് ടാറിംഗ് നടത്തുക.
- കോളുപള്ളം ഹരിജൻ കോളനിയിലേക്കുള്ള റോഡ് സൈഡ് കെട്ടി സംരക്ഷിക്കുക.
- വാത്തി പറമ്പ് ഹരിജൻ കോളനി റോഡ് അറ്റകുറ്റപ്പണി നടത്തുക. പറയം പറമ്പ് – കൊല്ലം തെറ്റയിൽ റോഡ് വീതി കൂട്ടി പഞ്ചായത്ത് ഏറ്റെടുക്കുക.

അഞ്ചാം വാർഡ്

- മാമ്പ്ര നാല് സെന്റ് കോളനി റോഡ്, ആലുക്ക മുക്കത്ത് റോഡ് , ആലുക്ക അമ്പലം റോഡ്, മടത്തിക്കടവ് റോഡ്, ഐക്കരകടവ് റോഡ്, കിഴക്കേ തോപ്പിൽ റോഡ് എന്നിവ ടാർ ചെയ്യുക.
- റോഡിൽ വെള്ളക്കെട്ടൊഴിവാക്കാൻ കാനകൾ നിർമ്മിക്കണം.
- ലൈബ്രറിമുതൽ പടിഞ്ഞാറോട്ടുള്ള റോഡ് വീതികൂട്ടി സഞ്ചാര യോഗ്യമാക്കണം.

4. നിലവിലുള്ള എല്ലാ റോഡുകളും അടിയന്തിരമായി അറ്റകുറ്റപ്പണി നടത്തണം.

ആറാം വാർഡ്

- ആലുവ-പറവൂർ റോഡിന് സമാന്തരമായ റോഡ് നന്നാക്കി ടി റൂട്ടിലെ അപകടവും ഗതാഗതക്കുരുക്കും അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.
- ആശുപത്രി-കല്ലറക്കൽ റോഡ്, ആശുപത്രിപടി നാറാണത്തു റോഡ്, ചിറ്റമനപ്പള്ളം റോഡ്, അമ്പലം മുറി-അരിമാത റോഡ്, കനാൽ റോഡ്, പുറപ്പിള്ളിപ്പടി-അമ്പലംമുറി റോഡ്, മന്ത്രി റോഡ് എന്നിവ ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.

ഏഴാം വാർഡ്

- നെല്ലിക്കാപറമ്പ് റോഡിന്റെ അനുബന്ധമായി പുതുതായി വരുന്ന തച്ചാട്ടുപറമ്പ് റോഡ്, മദ്രസ്സ ജംഗ്ഷനിൽ അവസാനിക്കുന്ന തരത്തിൽ നിർമ്മിക്കുക.

- കുറ്റിക്കാട്ട് -കീഴ്ത്തറക്കടവ് റോഡ് രജിസ്റ്റർ ചെയ്തിട്ടുള്ളതും രൂപീകരിച്ചിട്ടുള്ളതമാണ്. റോഡിന്റെ സൈഡിൽ കാനകെട്ടി സംരക്ഷിക്കുക.
- തട്ടാംപടി താന്തോന്നി റോഡ് ടാർ ചെയ്യുക.
- കാരിച്ചിറ - ചെട്ടിക്കാട്ട് റോഡ് അറ്റകുറ്റപ്പണി ചെയ്യുക.
- തട്ടാംപടി താന്തോന്നി - കൈപ്പട്ടിലിങ്ക് റോഡ് പുനർ നിർമ്മാണം നടത്തുക.
- തട്ടാംപടി-നീറിക്കോട് MLA റോഡ് വെള്ളക്കെട്ട് പരിഹരിക്കുന്നതിനുള്ള നടപടി എടുക്കണം.
- മാരോട്ടിചോട്-തച്ചാട്ടുപറമ്പ് റോഡ്കടുവപറമ്പ് റോഡ്ടാർചെയ്തു സഞ്ചാരയോഗ്യ മാക്കുക.
- വില്ലേജ് ആഫീസിന് പടിഞ്ഞാറുള്ള പുഞ്ചയിലേക്കുള്ള റോഡ് , വെട്ടി പൂർത്തീകരിക്കുന്നതി നുള്ള നടപടി എടുക്കുക.
- ചിറ്റമനപ്പള്ളം കോളനി റോഡ് മെറ്റലിംഗ് കഴിഞ്ഞ് ബാക്കി പണിതീർക്കുക. നാലുസെന്റ് കോളനിയിലേക്ക് റോഡ് നിർമ്മിക്കുക.
- ഇറിഗേഷൻ കനാൽ റോഡ് ടാറിംഗ് ചെയ്യുക.
- ഇടനിലം കോളനിയിലെ പഞ്ചായത്തു റോഡ് നന്നാക്കുക.
- തട്ടാംപടി - അങ്ങാടിക്കടവ് റോഡ് (PWD)റിട്ടൈയിനിംഗ് വാൾ കെട്ടി സംരക്ഷിക്കുക.
- കോതകുളം മഠത്തിക്കടവ് റോഡിന്റെ സൈഡുകെട്ടി ടാർ ചെയ്യുക.
- കുറ്റിക്കാട് - കീഴ്ത്തറ റോഡ് സൈഡ് കെട്ടി ഫില്ലിംഗ് നടത്തുക.
- പാണാട് റോഡ് അരിമതക്കവല വരെ നീട്ടുക.
- തട്ടാംപടി തെക്കുവശമുള്ള ആലങ്ങാട് പഞ്ചായത്തുമായി ബന്ധപ്പെട്ടുകിടക്കുന്ന റോഡ് സഞ്ചാരയോഗ്യമാക്കി ടാർ ചെയ്യുക. തട്ടാംപടി - താന്തോന്നി റോഡ് സഞ്ചാരയോഗ്യമാക്കി ടാർ ചെയ്യുക.
- മുക്കണ്ണിറോഡ് ടാർ ചെയ്യുക.
- യൂണിയൻ ബാങ്കിന്റെ അരികിലൂടെയുള്ള റോഡ് ചിറ്റമനപ്പള്ളം വരെ അറ്റകുറ്റപ്പണി ചെയ്യുക.
- കരുമാല്ലൂരിനേയും ആലങ്ങാടിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന കൈപ്പട്ടിപ്പാലത്തിനു സമീപമുള്ള 200 മീറ്റർ റോഡ് പുനർ നിർമ്മിക്കുക.
- ബ്ലാങ്ങാട്ടുപടി - താന്തോന്നി റോഡ് നിർമ്മിക്കുക.
- കനാൽ റോഡ് കാഡ പദ്ധതിയിൽ ഉൾപ്പെടുത്തി സഞ്ചാര യോഗ്യമാക്കുക.

വാർഡ് എട്ട്

ഈ വാർഡിലെ റോഡിന്റെ സ്ഥിതി വളരെ ശോചനീയമാണ്. മഴക്കാലത്ത് വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്ന നിരവധി മണ്ണ് ഗ്രാവൽ റോഡ് ഈ വാർഡിൽ കാണാം. കഴിഞ്ഞ വർഷം ടാർ ചെയ്യുന്ന പദ്ധതിയായി കൊണ്ടുവന്ന ആറാം മൈൽ – തോപ്പിൽ കോളനി റോഡ് ഗ്രാവൽ പണികഴിഞ്ഞ് മഴയിൽ കുഴഞ്ഞ് സഞ്ചാര യോഗ്യമല്ലാതായി കിടക്കുന്നു. അതുപോലെ നിരവധി റോഡുകൾ.

- ആറാംമൈൽ – തോപ്പുകോളനി റോഡ് ടാർ ചെയ്യുക.
- ആറാംമൈൽ – കാരക്കുളം റോഡ് സൈഡ് കെട്ടി സംരക്ഷിക്കുക.
- കാരക്കുളം പോട്ടറി റോഡ് അറ്റകുറ്റപണി ചെയ്യുക.
- നെല്ലിക്കാപ്പറമ്പ് –. തൈത്തറക്കടവ് റോഡ് പൂർത്തിയാക്കുക
- പുതുക്കാട് – കാരിക്കുഴി റോഡ് നന്നാക്കുക
- തൊടുവിൽ ലക്ഷം വീട് – തത്തപ്പിള്ളിക്കടവ് റോഡ് നന്നാക്കുക
- തോപ്പ് – തത്തപ്പിള്ളിക്കടവ് റോഡ് നന്നാക്കുക
- നെല്ലിക്കാപ്പറമ്പ് – കാരക്കുളം റോഡ് നന്നാക്കുക
- പുതുക്കാട്ട് – പറയന്റെ പള്ളം റോഡ് നന്നാക്കുക
- പതുക്കാട് –ചെട്ടിക്കാട് റോഡ് നന്നാക്കുക
- ചെട്ടിക്കാട് – കുട്ടപ്പിള്ളി റോഡ് നന്നാക്കുക
- കാരിയച്ചിറ – തോപ്പ് റോഡ് ടാർ ചെയ്യുക

വാർഡ് 9

ഈ വാർഡിലെ അടിയന്തിര പ്രാധാന്യത്തോടുകൂടി അറ്റകുറ്റപ്പണിയും ടാറിങ്ങും നടത്തേണ്ട റോഡുകൾ നിരവധി

- മനക്കപ്പടി – തോപ്പിൽക്കാട് റോഡ് ടാർ ചെയ്യുക
- ആനച്ചാൽ – ആലുമ്പറമ്പ് റോഡ്
- ആനച്ചാൽ – താമരമുക്ക് റോഡ്
- ആനച്ചാൽ – തൃക്കുളം റോഡ്
- ആറാം മൈൽ – തോപ്പിൽ നാലുസെന്റ് കോളനി റോഡ് ടാർ ചെയ്യുക
- മനക്കപ്പടി – കുമ്മൻകോട് റോഡ്
- മനക്കപ്പടി – ആറാംമൈൽ ലിങ്ക് റോഡ്

- തെക്കേത്താഴം ലക്ഷംവീട് കോളനി റോഡ്
- മനക്കപ്പടി – ആറാംമൈൽ തോപ്പ് ലിങ്ക് റോഡ്
- ആലുവ – പറവൂർ മെയിൻ റോഡിൽ നിന്നുള്ള ആനച്ചാൽ ബൈപാസ് റോഡിന്റെ പണിപൂർത്തീകരിക്കുന്നതിനുള്ള നടപടിയെടുക്കുക. മനക്കപ്പടി മാഞ്ഞാലി വഴി പറവൂർക്ക് ബസ്സ് സർവ്വീസ് നടത്തുക.

വാർഡ് പത്ത്

പത്താം വാർഡിലെ അടിയന്തിര അറ്റകുറ്റപ്പണി നടത്തേണ്ട റോഡുകളുടെ വിവരങ്ങൾ

- മനക്കപ്പടി–മംഗലപ്പറമ്പ് കോളനി റോഡ്
- മണ്ടള – മുറിയാക്കൽ റോഡ്
- ഡയമൺമുക്ക് – അത്തിക്കൽ റോഡ്
- താമരമുക്ക് – ഡൈമൺമുക്ക് റോഡ്
- കമ്പിവേലിക്കകം – കുന്നുംപുറം റോഡ്
- മംഗലപ്പറമ്പ് – കനാൽ റോഡ്
- പൂന്തോടം – അടുക്കളച്ചിറ – മണ്ടള റോഡ്
- മുറിയാക്കൽ – മണ്ടള കനാൽ റോഡ്
- ചർച്ച് റോഡ്
- പാലച്ചുവട് റോഡ്
- ബ്രദറൺ സഭയുടെ സൈഡിലുള്ള വഴി വീതികൂട്ടുക.
- മനക്കപ്പടി, മുറിയാക്കൽ അരിമത റോഡിൽ കൂടി തട്ടാംപടിയിൽ എത്തിച്ചേരത്തക്ക വിധത്തിൽ ബസ്സ് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടിയെടുക്കുക.

വാർഡ് പതിനൊന്ന്

ഈ വാർഡിൽ മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ


- മാഞ്ഞാലി നാലുസെന്റ് ഹരിജൻ കോളനി റോഡ്
- സൈമൺമുക്ക് കഞ്ഞിക്കുഴി റോഡ്
- കുരിശുപാടം പള്ളി റോഡ്
- S.N.D.P. പള്ളി റോഡ്
- മസ്ജിദ് റോഡ്

- മാഞ്ഞാലി M.S സെയിദിന്റെ വീടിന്റെ പടിഞ്ഞാറുഭാഗത്തു നിന്നും ക്രിസ്ത്യൻ പള്ളിയിലേക്കുള്ള റോഡ്.

വാർഡ് പന്ത്രണ്ട്

- അംബേദ്ക്കർ ഗ്രാമം പാറക്കൽ റോഡ് ടാർ ചെയ്യുക.
- പട്ടഴക് ഇളന്നിക്കരക്കടവ് റോഡ് ടാർ ചെയ്യുക.
- ഇളന്തിക്കര റോഡ് – കമ്പിവേലിക്കകം റോഡ് ടാർ ചെയ്യുക.
- മാഞ്ഞാലിക്കടവ് – നടുവിലത്തട്ട് ഹരിജൻ കോളനി റോഡ് ടാർ ചെയ്യുക.
- ചെറുപുഞ്ച മാക്കാനായി റോഡ് ടാർ ചെയ്യുക.
- ക്രിസ്ത്യൻ പള്ളി റോഡ് ടാർ ചെയ്യുക.
- ഇളന്തിക്കരക്കടവ് – കമ്പിവേലിക്കകം റോഡിൽ ഒരു പാലം പണിയുക.

ഭവന നിർമ്മാണം



മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ പ്രാധാന്യമുള്ള ഒന്നാണ് പാർപ്പിടം.

21.5 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള നമ്മുടെ പഞ്ചായത്തിൽ 32063 ജനങ്ങൾ താമസിക്കുന്നു. മുൻകാലങ്ങളിൽ കൂടുതലായി കണ്ടുവന്നിരുന്ന കുടിലുകളുടേയും, വെട്ടുകല്ലും, ഓടും ഉപയോഗിച്ചുള്ള ഇടത്തരം വീടുകളുടേയും സ്ഥാനത്ത് ഇപ്പോൾ ഇവ കൂടാതെ ആധുനിക രീതിയിലുള്ള കോൺക്രീറ്റ് കെട്ടിടങ്ങളും അവിടവിടെ കാണുന്നുണ്ട്. സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസരംഗങ്ങളിൽ ഉണ്ടായ മാറ്റം മൂലം ദുർബല വിഭാഗങ്ങൾ പോലും ഉറപ്പും ഭംഗിയുമുള്ള ആധുനിക വീടുകൾ വേണമെന്ന അഭിപ്രായക്കാരാണ്. കൂട്ടുകുടുംബ വ്യവസ്ഥയുടെ തകർച്ചയും ചെറുകുടുംബങ്ങളുടെ പ്രചാരവും പാർപ്പിട പ്രശ്നം സങ്കീർണ്ണമാക്കിയിരിക്കുന്നു. സാമ്പത്തിക പരാധീനത മൂലം ഇപ്പോഴും ഒന്നിലധികം കുടുംബങ്ങൾ ഒന്നിച്ചു താമസിക്കുന്ന അനേകം വീടുകൾ നമ്മുടെ ഗ്രാമത്തിലുണ്ട്. അനദിവിദൂര ഭാവിയിൽ ഇത് വലിയ സാമൂഹ്യ പ്രശ്നം സൃഷ്ടിക്കാൻ ഇടയുണ്ട്.

1996 ലെ കെട്ടിടങ്ങളുടെ സ്ഥിതി

1.	കോൺക്രീറ്റ് വീടുകൾ	2183
2.	ഓടു മേഞ്ഞ വീടുകൾ	3868
3.	ഓല, വൈക്കോൽ മേഞ്ഞവ	1263
4.	മറ്റുള്ളവ	62
5.	ഒന്നിൽ കൂടുതൽ നിലയുള്ളത്	245
	ആകെ	7621

ഇതിൽ 1000ൽ പരം കെട്ടിടങ്ങൾ പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്നവയല്ല.

ഭവന നിർമ്മാണ വായ്പ

നന്ത്യാട്ടുകുന്നത്ത് പ്രവർത്തിക്കുന്ന പറവൂർ താലൂക്ക് ഹൗസിംഗ് സഹകരണ സംഘം, എറണാകുളം ജില്ലാ സഹകരണ ബാങ്കുവഴി കരുമാല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് എന്നീ ഏജൻസികളാണ് ഭവന നിർമ്മാണ വായ്പ മുഖ്യമായും നടത്തുന്നത്. 220 പേർക്കായി 30,04,000 രൂപ ഈ ബാങ്ക് നൽകിയിട്ടുണ്ട്. ഈ ഏജൻസികളുടെ സേവനം ദുർബല വിഭാഗങ്ങൾക്ക് വേണ്ടത്ര പ്രയോജനപ്പെടുന്നില്ല. ഭവന നിർമ്മാണ ഏജൻസികളുടെ വായ്പാ സഹായം വീടുകളുടെ അറ്റകുറ്റപ്പണികൾക്കു കൂടി വേഗത്തിൽ ലഭ്യമാക്കണം.

എറണാകുളം അതിരൂപതാ SWC വഴി 20 വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. കൂടാതെ കോൾബേ ആശ്രമവും 20 വീടുകൾ പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്ത് നേരിട്ടു നൽകിയ 72 വീടുകളും ദുർബലർക്കു തന്നെയാണ് കിട്ടിയിട്ടുള്ളത്. I.H.D.P പദ്ധതി പ്രകാരം നൂറോളം കുടുംബങ്ങൾക്ക് പാർപ്പിടം നൽകിയിട്ടുണ്ട്. തൻവർഷം 5 വീടുകൾ നിർമ്മിക്കാനുള്ള സാമ്പത്തിക സഹായവും ലഭ്യമാക്കിയിട്ടുണ്ട്. അർഹരായ മറ്റുള്ളവർക്കും ഉടൻ വീടുകൾ നൽകേണ്ടതാണ്. മൈത്രി ഭവന നിർമ്മാണ പദ്ധതിയിലേക്ക് നമ്മുടെ ഗ്രാമത്തിൽ നിന്നും വീടുകൾ ലഭിക്കുന്നതിന് 300 ഓളം അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ 10 വീടുകൾക്കു മാത്രമാണ് ജില്ലാ പഞ്ചായത്തിൽ നിന്നും പണം അനുവദിച്ചിട്ടുള്ളു. അപേക്ഷിച്ച മുഴുവൻ പേർക്കും പണം ഉടനെ നൽകേണ്ടതാണ്.

ഗ്രാമത്തിൽ 24 കോളനികളിലായി പട്ടികജാതി- പട്ടികവർഗ്ഗവിഭാഗങ്ങൾക്കും ദുർബലർക്കും താമസിക്കുന്നതിനുള്ള സൗകര്യം പഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അവർക്കു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഇനിയും ഏർപ്പെടുത്തിയിട്ടില്ല.

ഗ്രാമത്തിലുള്ള കുടിലുകളും തീരെ ജീർണ്ണിച്ച മറ്റു പാർപ്പിടങ്ങളും മാറ്റി ഉറപ്പുള്ള ചെറിയ വീടുകൾ നിർമ്മിക്കാൻ വേണ്ട ഏർപ്പാടുകൾ ഉണ്ടാക്കണം.

ദുർബല വിഭാഗങ്ങൾക്ക് സ്വന്തമായി വീടു നിർമ്മിക്കാനുള്ള ഗ്രാന്റ് തുക വർദ്ധിപ്പിച്ചു നൽകണം. കോളനികളിൽ കുടിവെള്ളം, വൈദ്യുതി ആരോഗ്യകരമായ കക്കൂസുകൾ, റോഡുകൾ എന്നിവ ഉറപ്പാക്കണം.

പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുകയോ പുനരധിവസിപ്പിക്കുകയോ ചെയ്യണം. പുനരധിവാസ കോളനികൾ പ്രാദേശിക ചുറ്റുപാടിൽ തന്നെ ഉണ്ടാക്കാനും ഗുണഭോക്താക്കളെ നിശ്ചയിക്കാനും കഴിയണം.

ആവേശമുയർത്തിയ ലക്ഷം വീട് പദ്ധതിയിൽ നിർമ്മിക്കപ്പെട്ട വീടുകൾ ജീർണ്ണാവസ്ഥയിലാണ്. ഗ്രാമത്തിൽ ലക്ഷം വീട് കോളനികൾ ഉണ്ട്. അവയുടെ അറ്റകുറ്റപണികൾക്ക് വേണ്ട സഹായം നൽകണം.

ഭൂമിയുടേയും നിർമ്മാണ സാമഗ്രികളുടേയും അമിതമായ വില വർദ്ധനവ് സാധാരണക്കാരന്റെ വിട് എന്ന സ്വപ്നം ഒരു മരീചിക ആക്കുന്നു. വായ്പ ലഭിച്ചാൽ പോലും വീടു നിർമ്മിക്കാൻ കഴിയുന്നവരുടെ എണ്ണം പഞ്ചായത്തിൽ 40 ശതമാനത്തിലും താഴെയാണ്. മറ്റുള്ളവരുടെ കാര്യത്തിൽ പൊതുവായ പദ്ധതികൾ ആവിഷ്ക്കരിക്കണം.

പ്രശ്നങ്ങൾ

- ഭൂമിയുടേയും, നിർമ്മാണവസ്തുക്കളുടേയും വില വർദ്ധന
- സ്വന്തമായി പാർപ്പിടമില്ലാത്ത 1824 കുടുംബങ്ങളുണ്ട്.
- വായ്പ ലഭിക്കാനുള്ള ബുദ്ധിമുട്ടും കാല താമസവും
- പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം ഇല്ലാത്തതിനാൽ വായ്പ ലഭിക്കായ്ക.

- ശുദ്ധജലം, വൈദ്യുതി എന്നിവ സാർവ്വത്രികമായി ലഭിക്കുന്നില്ല.
- കോളനികളിലേക്കുള്ള റോഡുകൾക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല.
- ചിലവു കുറഞ്ഞവീടുകളുടെ നിർമ്മാണത്തിൽ പരിശീലനം ലഭിച്ച വിദഗ്ദ്ധരുടേയും സാങ്കേതിക വിദ്യയുടേയും അപര്യാപ്തത.

സാദ്ധ്യതകൾ

- ❖ ഭൂമി വാങ്ങാൻ സഹായം ലഭ്യമാക്കുക.
- ❖ ദുർബലർക്ക് പഞ്ചായത്ത് ഭൂമി എടുത്തു കൊടുക്കുക.
- ❖ നമ്മുടെ ഗ്രാമ പഞ്ചായത്തിൽ മാത്രമായി ഭവന നിർമ്മാണ വായ്പാ സഹകരണ സംഘം സ്ഥാപിക്കുക.
- ❖ പുറമ്പോക്കിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുക.
- ❖ കോളനികളിലെ കുടിവെള്ളം, വൈദ്യുതി ലഭ്യത എന്നിവ ഉറപ്പാക്കുക.
- ❖ കുടിവെള്ളത്തിന് കുന്നുകളിലുള്ള കോളനികളിൽ നീർമറി പദ്ധതി നടപ്പിലാക്കുക.
- ❖ കോളനികളിലേക്കുള്ള റോഡുകൾക്ക് പ്രത്യേക പരിഗണന നൽകുക.
- ❖ ചിലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതികജ്ഞാനമുള്ളവരുടെ ഒരു സംഘം പഞ്ചായത്ത് അടിസ്ഥാനത്തിൽ രൂപീകരിക്കുക.
- ❖ ഗൃഹ നിർമ്മാണ സാമഗ്രികൾ സഹകരണാടിസ്ഥാനത്തിൽ നിർമ്മിച്ചു വിതരണം ചെയ്യുക.
- ❖ പുതിയ പാർപ്പിട സമുച്ചയങ്ങൾ ആരംഭിക്കുക.
- ❖ മൈത്രി ഭവന നിർമ്മാണ പദ്ധതി പൂർണ്ണമായും നടപ്പിലാക്കുക.
- ❖ പഞ്ചായത്ത് സ്വന്തമായി വീടുകൾ നിർമ്മിച്ച് നാമമാത്ര വാടകയ്ക്ക് നൽകുക.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

- ▲ പുറം പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുക.
- ▲ പുറംമ്പോക്കും മിച്ച ഭൂമിയും വിതരണം ത്വരിതപ്പെടുത്തുക.
- ▲ വീടുവയ്ക്കാൻ സ്ഥലവും ധനസഹായവും ലഭ്യമാക്കുക.
- ▲ വില്ലേജാഫീസിലെ കാലതാമസം ഒഴിവാക്കുക.
- ▲ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും അംബേദ്ക്കർ കോളനികളിൽ ഉള്ളവർക്കും വീടു നിർമ്മിച്ചു നൽകുക.
- ▲ IHDP പദ്ധതിയിൽ നിർമ്മിച്ച് വയറിംഗ് കഴിഞ്ഞ് കിടക്കുന്ന എല്ലാ വീടുകൾക്കും വിദ്യുച്ഛക്തി കണക്ഷൻ നൽകുക
- ▲ 12-ാം വാർഡിലെ IHDP കോളനിയിൽ കേന്ദ്രസർക്കാർ നൽകുന്ന തുക ഉപയോഗിച്ച് കമ്മ്യൂണിറ്റി ഹാൾ പണിയാൻ വേണ്ട സ്ഥലം പഞ്ചായത്ത് എടുത്തു കൊടുക്കുക.

സാമൂഹ്യക്ഷേമം

പഞ്ചായത്തിലെ ഏകദേശം മൂവ്വായിരത്തോളം കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരാണ്. ഇവിടെയുള്ള ഇരുപത്തിനാലു കോളനികളിലായി വളരെയധികം പട്ടികജാതി- പട്ടികവർഗ്ഗത്തിൽപ്പെട്ടവരും മറ്റ് സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ളവരും ജീവിക്കുന്നു. നിത്യജീവിതത്തിനു തന്നെ ബുദ്ധിമുട്ടുന്ന ഈ ജനവിഭാഗത്തിന് സ്വന്തമായി ഒരു പാർപ്പിടം ഉണ്ടാക്കുക എന്നത് തികച്ചും അസാദ്ധ്യമാണ്. ആയതിനാൽ പാർപ്പിടപ്രശ്നം വളരെ ഗൗരവമായി കണക്കാക്കി പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ബ്ലോക്കു വഴി നാളിതുവരെ 192 പേർക്ക് ഭവന നിർമ്മാണ ധനസഹായം നൽകിയിട്ടുണ്ട്. മറ്റ് ഭവന നിർമ്മാണ പദ്ധതികൾ വഴിയും നിർമ്മാണ ധനസഹായം നൽകിയിട്ടുണ്ട്. എങ്കിലും ആനുപാതികമായി നോക്കുമ്പോൾ ഇത് തുലോം കുറവാണ്.

പാർപ്പിടം കഴിഞ്ഞാൽ സാമൂഹ്യക്ഷേമത്തിന്റെ മറ്റൊരു ഘടകമാണ് ദാരിദ്ര്യ നിർമ്മാർജ്ജനം. ഇക്കാര്യത്തെപ്പറ്റി പ്രതിപാദിക്കുമ്പോൾ ആദ്യമായി എടുത്തു പറയേണ്ടത് സംയോജിത ഗ്രാമവികസന പരിപാടി അഥവാ IRDP ആണ്. സർവ്വേ പ്രകാരം താഴ്ന്ന വരുമാനക്കാരായ 2506 കുടുംബങ്ങൾ ഉണ്ടായിരുന്നതിൽ 725 കുടുംബങ്ങൾ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടതാണ്. 1995-96 സാമ്പത്തിക വർഷം വരെ ഇതിൽ 845 കുടുംബങ്ങൾക്ക് IRDP പദ്ധതിപ്രകാരം തൊഴിൽ പരമായ വിവിധ ആവശ്യങ്ങൾക്കായി ധന സഹായം നൽകി. ഇതിൽ 346 കുടുംബങ്ങൾ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടതാണ്. സഹായം ലഭ്യമാക്കുക വഴി 340 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്കു മുകളിൽ വന്നു. IRDP ധനസഹായം ലഭിച്ചവർ ഉൾപ്പെടെ 2166 കുടുംബങ്ങൾ ഇപ്പോൾ ദാർദ്ര്യരേഖയ്ക്കു താഴെയാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് വിവിധതരം തൊഴിലുകളിൽ പരിശീലനം നൽകി വരുന്ന ഒരു പരിപാടിയാണ് ട്രൈസം. മൊത്തം നാളിതുവരെയായി 46 പേർക്ക് ഈ പദ്ധതിപ്രകാരം തൊഴിൽ പരിശീലനം നൽകിയിട്ടുണ്ട്. ഗ്രാമീണ വനിതാ ശിശു സംരക്ഷണ പദ്ധതി (DWCRA) പ്രകാരം നാലുയൂണിറ്റുകൾ ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

വാർഡ് നമ്പർ	തൊഴിൽസംരംഭത്തിന്റെ ഇനം, സ്ഥലം	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം
I	ആഷിക് DWCRA യൂണിറ്റ് വെളിയത്തുനാട്–ആടുവളർത്തൽ	1993	7
VIII	ഐശ്വര്യ DWCRA യൂണിറ്റ്, പുതുക്കാട്–മൺപാത്രനിർമ്മാണം	1993	13
I	ആരതി DWCRA യൂണിറ്റ്, V.Hകോളനി–ആട്,കോഴി വളർത്തൽ	1994	7
VI,VII	സൗന്ദര്യ DWCRA യൂണിറ്റ്, തട്ടാമ്പടി-റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം	1996	7

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനായി കരുമാല്ലൂർ പട്ടികജാതി- പട്ടികവർഗ്ഗ സഹകരണസംഘം, കരുമാല്ലൂർ പട്ടികജാതി വിവിധോദ്ദേശ വ്യവസായ സഹകരണസംഘം എന്നിങ്ങനെ രണ്ടു സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നു.

പരിസരശുചീകരണ പദ്ധതി പ്രകാരം കക്കൂസ് നിർമ്മിക്കുന്നതിനുവേണ്ടി ബ്ലോക്കിൽ നിന്ന് 52 കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ പഞ്ചായത്തിൽ നിന്നും കഴിഞ്ഞ രണ്ടു വർഷങ്ങളിലായി 145 കുടുംബങ്ങൾക്കും ധനസഹായം ഈ ആവശ്യത്തിനുവേണ്ടി നൽകിയിട്ടുണ്ട്. ചെറികിട–പരിമിത കർഷകർക്ക് ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി C.S.S പദ്ധതിപ്രകാരം 116 പേർക്ക് അവരുടെ കൃഷിയിടങ്ങളിൽ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി ധനസഹായം ബ്ലോക്കു വഴി നൽകിയിട്ടുണ്ട്. കൃഷി ഭവൻ വഴിയും ഇതേ ആവശ്യത്തിനായി ധനസഹായം നൽകുന്നുണ്ട്. ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ നൽകുന്ന പദ്ധതിപ്രകാരം 15 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. സാമൂഹ്യക്ഷേമത്തിൻ കീഴിൽ വരുന്ന മറ്റൊരു പ്രവർത്തനമാണ് ബാലവാടികൾ. ഇവിടത്തെ 1, 5, 7, 11, 12 എന്നീ വാർഡുകളിലായി അഞ്ച് ബാലവാടികൾ പ്രവർത്തിക്കുന്നു. ഇതു കൂടാതെ 1, 2, 5, 9 എന്നീ വാർഡുകളിൽ ഓരോ പോഷകാഹാര വിതരണ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. ദേശീയ സാമ്പാദ്യ പദ്ധതി പ്രകാരം ഈ പഞ്ചായത്തിലുള്ള ഒമ്പത് M.P.K.B.Y ഏജന്റുമാർ ശരാശരി ഒരു മാസം 2.45 ലക്ഷം രൂപ നിക്ഷേപിക്കുന്നുണ്ട്.

പ്രശ്നങ്ങൾ

- സ്വന്തമായി വീടില്ലാത്ത നിരവധി കുടുംബങ്ങൾ
- ഏകദേശം 1700 കുടുംബങ്ങൾക്ക് പ്രാഥമിക ആവശ്യത്തിനുള്ള കക്കൂസില്ല.

- പട്ടയം ഇതേ വരെ ലഭിച്ചിട്ടില്ലാത്ത നിരവധി കുടുംബങ്ങൾ പഞ്ചായത്തിന്റെ വിവധ ഭാഗങ്ങളിൽ താമസിക്കുന്നു.
- സ്വന്തമായി സ്ഥലമില്ലാത്തതിനാൽ വീടു വയ്ക്കാൻ പറ്റാത്തവർ ,പുറമ്പോക്ക് സ്ഥലങ്ങളിൽ താമസിക്കുന്നവരും നിരവധി
- ലക്ഷം വീട് കോളനിയിലുള്ള വീടുകളിൽ ചിലത് കേടുപാടുകൾ പറ്റി വാസയോഗ്യങ്ങളല്ലാത്തവയായിത്തീർന്നിരിക്കുന്നു.
- കുടിവെള്ള ലഭ്യത, വൈദ്യുതി, റോഡു സൗകര്യമില്ലാത്ത കോളനികളും, മറ്റു വീടുകളുമുള്ള സ്ഥിതി വിശേഷം
- സൗജന്യ ഭവന നിർമ്മാണ ധനസഹായം വഴി ലഭ്യമാകുന്ന തുകതീരെ അപര്യാപ്തത.
- ഭവന നിർമ്മാണ വായ്പകൾ യഥാസമയം ലഭ്യമാകുന്നില്ല.
- ഓല മേഞ്ഞിട്ടുള്ള വീടുകളും, ഓടു മേഞ്ഞതാണെങ്കിലും വാസയോഗ്യമല്ലാത്ത നിരവധി വീടുകളും സാമ്പത്തിക പരാധീനത മൂലം നവീകരിക്കാൻ സാധിക്കാത്ത സ്ഥിതി വിശേഷം നിലവിലുണ്ട്
- വിവിധ പദ്ധതികളിലൂടെ നടപ്പിലാക്കിയതും പൂർത്തീകരിക്കാത്തതുമായ നിരവധി വീടുകൾ ഗ്രാമത്തിലുണ്ട്. ചിലതിന് സാരമായ കേടുപാടുകളും സംഭവിച്ചിട്ടുണ്ട്.
- ചിറ്റമനപ്പള്ളം IHDP കോളനിയോടു ചേർന്ന് സമീപ പ്രദേശങ്ങളിൽ ഉള്ള നിരവധി പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളെ IHDP കോളനിയിൽ ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല IHDP കോളനിയായി പ്രഖ്യാപിച്ചിട്ടുള്ള കോളനിയിലെ വൈദ്യുതി, കുടിവെള്ളം, റോഡ് എന്നീ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടിട്ടില്ല. അതു പോലെ മറ്റു വികസന പ്രവർത്തനങ്ങളും നടന്നിട്ടില്ല. നിരവധി പട്ടികജാതികുടുംബങ്ങൾ യാതൊരു വികസന പ്രവർത്തനങ്ങളും ലഭ്യമാകാതെ 8-ാം വാർഡിലെ തോപ്പുകോളനിയിലും 10-ാം വാർഡിലെ മംഗലപ്പറമ്പ് കോളനിയിലും ഉണ്ട്. ഇത് രണ്ടും IHDP കോളനിയാക്കേണ്ടാതാണ്.
- IRDP ധനസഹായം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വർഷാവർഷം ലഭ്യമാകുന്നില്ല.
- IRDP സർവ്വേ ലിസ്റ്റിൽ ഉൾപ്പെടാത്തവർ നിരവധി
- IRDP, DWCRA ഉല്പന്നങ്ങൾക്ക് വിപണന മാന്ദ്യം
- ബാലവാടികളിൽ പഠനസാമഗ്രികളുടേയും കളിപ്പാട്ടങ്ങളുടേയും കുറവ്, ചില ബാലവാടികളിൽ കുടിവെള്ളം, വൈദ്യുതി എന്നീ സൗകര്യങ്ങളില്ല. ചിലവയുടെ പ്രവർത്തനം തന്നെ തൃപ്തികരമല്ല. പോഷകാഹാരവിതരണം തുടർച്ചയായി നടക്കുന്നില്ല.
- വൃദ്ധമന്ദിരങ്ങളുടെ അപര്യാപ്തത.
- ഒന്നാം വാർഡിലുള്ള പഞ്ചായത്ത് സ്റ്റേഡിയത്തിന് അസൗകര്യങ്ങൾ ഉണ്ട്. കൂടാതെ പൊതു ശ്മശാനവും, പൊതുമാർക്കറ്റും ഈ മേഖലയിൽ ഇല്ല.
- വിവിധതരം പെൻഷൻ പദ്ധതികൾ സർക്കാർ നൽകി വരുന്നു. അത് അർഹതയുള്ളവർക്ക് സമയാസമയങ്ങളിൽ ലഭ്യമാകുന്നില്ല.

സാദ്ധ്യതകൾ

- പാർപ്പിട പ്രശനം പരിഹരിക്കുന്നതിനുള്ള നടപടികൾ വേണം. മാത്രമല്ല ധനസഹായ തുക വർദ്ധിപ്പിക്കുകയും വേണം.
- ഭവന നിർമ്മാണ വായ്പകൾ യഥാസമയം ലഭിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.
- കക്കൂസുകൾ ഇല്ലാത്ത 1700 കുടുംബങ്ങൾക്കും അത് ലഭ്യമാകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണം. ഇക്കാര്യത്തിൽ കോളനികളിലുള്ള കുടുംബങ്ങൾക്ക് മുൻഗണന നൽകണം.
- പട്ടയം ലഭിക്കാത്ത മുഴുവൻ ആളുകൾക്കും അത് ലഭ്യമാക്കുവാൻ വേണ്ട നടപടികൾ ഉണ്ടാകണം.
- വീടുവയ്ക്കുവാൻ സ്ഥലമില്ലാത്തവർക്ക് അത് സൗജന്യമായും സൗജന്യ നിരക്കിലും നൽകണം.
- ലക്ഷം വീട് കോളനികളിൽ വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാവശ്യമായ ധനസഹായം നൽകണം.
- കുടിവെള്ള ലഭ്യത, വൈദ്യുതി, റോഡ് സൗകര്യം ഇല്ലാത്ത കോളനികൾക്കും, മറ്റു കുടുംബങ്ങൾക്കും അതിനാവശ്യമായ നടപടികൾ വേണം.
- ഓലമേഞ്ഞവീടുകളും, ഓടുമേഞ്ഞ വാസയോഗ്യമല്ലാത്ത വീടുകളും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് അത് നവീകരിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കണം.
- പല പദ്ധതികൾപ്രകാരം മുൻകാലങ്ങളിൽ പണിതിട്ടുള്ള വീടുകളുടെ പൂർത്തീകരണത്തിനും, അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ആവശ്യമായ ധനസഹായം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കണം.
- സമീപ പ്രദേശങ്ങളിലുള്ള പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങളെ കൂടി ചിറ്റമനപ്പള്ളം IHDP കോളനിയിൽ ഉൾപ്പെടുത്തുകയും,കോളനിയിൽ ഒരു പൊതുകളിസ്ഥലവും ശ്മശാനവും നിർമ്മിക്കുകയും മറ്റു വികസന പ്രവർത്തനങ്ങൾ നടത്തുകയും വേണം.
- ഭവന നിർമ്മാണ ധനസഹായം നൽകുന്നതോടൊപ്പം ചിലവു കുറഞ്ഞ വീടുകൾ പണിയുന്നതിനാവ ശ്യമായ സാങ്കേതികവിദ്യ വീടുപണിയിൽ സ്വീകരിക്കുവാൻ സന്നദ്ധ സംഘടനകളുടെപ്രവർത്തനത്തിലും മറ്റുതരത്തിലും വേണ്ട ബോധവൽക്കരണം നടത്തണം, മാത്രമല്ല വീടുപണി യഥാസമയം പൂർത്തീകരിക്കുവാനുള്ള സാഹചര്യവും സൃഷ്ടിക്കണം.
- പെൺമക്കൾ മാത്രമുള്ള വിധവകൾക്ക് ഭവന നിർമ്മാണ ധനസഹായത്തിന് മുൻഗണന നൽകണം. അതേപോലെ കോളനി വാസികൾക്കും
- ബഹുനിലകെട്ടിടങ്ങളുടെ നിർമ്മാണത്തിന് സംസ്ഥാനതലത്തിൽ നിയന്ത്രണം വരുത്തുവാനുള്ള നടപടികൾ ഉണ്ടായാൽ കെട്ടിടനിർമ്മാണ സാധനങ്ങളുടെ വില കുറയുകയും

സാധാരണക്കാർക്ക് ഗുണകരമായിത്തീരുകയും ചെയ്യും.

- പഞ്ചായത്തു തലത്തിൽ ഭവന നിർമ്മാണ സഹായസഹകരണസംഘം തുടങ്ങുന്നതിനെപ്പറ്റി ചിന്തിക്കാവുന്നതാണ്.
- സബ്സിഡിയോടുകൂടിയ ഭവന നിർമ്മാണ വായ്പാസൗകര്യം ഇടത്തരക്കാർക്ക് കൂടുതൽ പേർക്ക് ലഭ്യമാക്കുവാൻ വേണ്ട സംവിധാനം വേണം.
- പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വർഷാവർഷം IRDP ധനസഹായം കൊടുക്കുവാനുള്ള നടപടികൾ വേണം. ബാങ്കുകളിൽ നിക്ഷേപത്തിന് ആനുപാതികമായി വായ്പാവിതരണം നടത്തുവാനുള്ള സാഹചര്യം സൃഷ്ടിക്കണം.
- IRDP വായ്പയുടെ വിനിയോഗത്തെപ്പറ്റി ബോധവൽക്കരണം ഗുണഭോക്താക്കൾക്ക് ഉണ്ടാക്കുവാൻ സന്നദ്ധ സംഘടനയുടെ സഹകരണം ആവശ്യമാണ്. പഞ്ചായത്തിലെ 6 മുതൽ 12 വരെ വാർഡുകളിൽ യൂണിയൻ ബാങ്കിന്റെ സർവ്വീസ് മാത്രമേയുള്ളൂ. വേറെയേതെങ്കിലും ബാങ്കിന്റെ സർവ്വീസ് കൂടി ഉപയുക്തമാക്കുവാൻ വേണ്ട നടപടികൾ ഉണ്ടാകണം.
- ട്രൈസം തൊഴിൽ പരിശീലനത്തിന് കൂടുതൽ പേരെ ഉൾപ്പെടുത്തണം.
- IRDP, DWCRA ഉല്പന്നങ്ങളുടെ വിപണനത്തിന് കൂടുതൽ സാദ്ധ്യത കണ്ടെത്തണം.
- പുതുതായി ബാലവാടികൾ ആവശ്യമുള്ള സ്ഥലത്ത് അത് സ്ഥാപിക്കാനും, നിലവിലുള്ള ബാലവാടികളിൽ എല്ലാ സൗകര്യങ്ങളും വർദ്ധിപ്പിക്കുവാനും, പോഷകാഹാരവിതരണം മുടക്കം കൂടാതെ നടക്കുവാനും, ബാലവാടികളുടെ പ്രവർത്തന നിലവാരം കൂടുതൽ മെച്ചപ്പെടുത്തുവാനും വേണ്ട സംവിധാനം ഉണ്ടാകണം. ബാലവാടികൾ എല്ലാം തന്നെ ICDS പ്രോജക്ടിന് കീഴിൽ കൊണ്ടുവരേണ്ടതാണ്.
- ദേശീയ സമ്പാദ്യശീലം വളർത്തുന്നതിനാവശ്യമായ സാഹചര്യങ്ങൾ ഉണ്ടാകുവാൻ സന്നദ്ധസംഘടനകൾ മുന്നോട്ടു വരണം.
- പ്രാദേശിക സ്വഭാവം കണക്കിലെടുത്ത് വൃദ്ധമന്ദിരങ്ങൾ സ്ഥാപിക്കുവാൻ സന്നദ്ധ സംഘടനകളെ കണ്ടെത്തണം.
- ഇടനിലം കോളനിയിൽ ഒരു TV സ്ഥാപിക്കണം. ഒന്നാം വാർഡ് മുട്ടൻകുന്നിൽ ഒരു പൊതു ശ്മശാനം ആവശ്യമാണ്.
- സർക്കാരിന്റെ വിവിധ വകുപ്പുകൾ വഴി നൽകി വരുന്ന ആനുകൂല്യങ്ങളെപ്പറ്റിയും പദ്ധതികളെപ്പറ്റിയുമുള്ള അറിവ് ജനങ്ങളിൽ എത്തിക്കുവാൻ സന്നദ്ധ സംഘടനകൾ ശ്രമിക്കണം.
- സർക്കാർ നൽകി വരുന്ന വിവിധ പെൻഷൻ ആനുകൂല്യങ്ങൾ അർഹരായവർക്ക്

യഥാസമയം ലഭ്യമാകാനുള്ള നടപടികൾ വേണം. അതേപോലെ ഇതിനുള്ള വരുമാന പരിധി 5000 രൂപയിൽ നിന്ന് 10000 രൂപയാക്കി വർദ്ധിപ്പിക്കണം.

♎സാക്ഷരതാപരിപാടി തുടർന്നു നടത്തിക്കൊണ്ടു പോകുവാൻ ബഹുജനപങ്കാളിത്തവും, സന്നദ്ധസംഘടനകളുടെ സഹകരണവും അത്യന്താപേക്ഷിതമാണ്.

♎തട്ടാംപടി നിർമ്മലാഭവൻ എന്ന പേരിൽ ഒരു വൃദ്ധസദനം ഉണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിൽ വേറെയും വൃദ്ധ മന്ദിരം അനിവാര്യമാണ്.

♎വനിതകൾക്കും അഭ്യസ്തവിദ്യർക്കും തൊഴിൽ പരിശീലനം നൽകാൻ ഏർപ്പാട് ഉണ്ടാക്കണം.

♎വ്യവസായ സംരംഭകർക്ക് അതിനുവേണ്ട സഹായം ലഭ്യമാക്കണം. പൊതുജനാരോഗ്യം മെച്ചപ്പെടുത്താനുള്ള പദ്ധതികൾ ബഹുജനസംഘടനകളുടെ സഹകരണത്തോടെ നടപ്പാക്കണം.

സംസ്കാരം



ഏതൊരു സമൂഹത്തിന്റേയും ചരിത്രം കരുപിടിപ്പിക്കുന്നതിൽ നിർണ്ണായക സംഭാവന നൽകിയിട്ടുള്ളത് ആ സമൂഹത്തിന്റെ സാംസ്കാരിക പൈതൃകമാണ്. നമ്മുടെ പഞ്ചായത്തിന്റെ സാംസ്കാരിക പൈതൃകത്തിന്റെ വേരുകൾ തേടുമ്പോൾ കേരളത്തിന്റെ വിദ്യാഭ്യാസ നവോത്ഥാനരംഗത്ത് സൂര്യതേജസായി ജ്വലിച്ചു നിൽക്കുന്ന 1921-ൽ സ്ഥാപിതമായ യൂണിയൻ ക്രിസ്ത്യൻകോളേജിന്റെ പങ്ക് വിസ്മരിക്കാനാകാത്തതാണ്. നെല്ലിന്റേയും നാളികേരത്തിന്റേയും റബ്ബറിന്റേയും മറ്റു വിളകളുടേയും നാടായ നമ്മുടെ പഞ്ചായത്തിന് കാർഷിക സംസ്കാരത്തിന്റെ ചൂടും ചൂരും ഇന്നുമുണ്ട്.

രാമായണത്തിലെ ജഡായുവിന്റെ കഥയുമായി ബന്ധമുള്ള സ്ഥലമാണ് ചിറയത്ത്. സീതയെ അപഹരിച്ചു കടക്കുന്ന രാവണനെ തടയാൻ ശ്രമിച്ച ജഡായുവിന്റെ ചിറകരിഞ്ഞ് വീഴ്ത്തപ്പെട്ട സ്ഥലമായതിനാലാണ് ചിറയത്ത് എന്നു പേരു വന്നത്. പെരിയാറിന്റെ തീരത്ത് നൂറ്റാണ്ടുകളുടെ പഴക്കമുള്ള ഐതിഹ്യം പേറുന്ന ശ്രീ നരസിംഹസ്വാമി ക്ഷേത്രവും അതിനോടുചേർന്ന് 1972-ൽ സ്ഥാപിച്ച വൈദീക അദ്ധ്യായനം നടത്തുന്ന തന്ത്രവിദ്യാപീഠവും, ഭരണി മഹോത്സവത്തോടനുബന്ധിച്ച് പുരാതന കലയായ മുടിയേറ്റ് നടത്തുന്ന ആറ്റുപുഴ കാവും, മത്സരബുദ്ധിയോടെ കരകൾ ചേർന്നു നടത്തുന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള പുറപ്പിള്ളിക്കാവ് ക്ഷേത്രോത്സവവും, കൈപ്പെട്ടി ക്ഷേത്രോത്സവവും നാട്ടുകാർ ദേശീയോത്സവം പോലെ കൊണ്ടാടുന്നു. മനയ്ക്കപ്പടി വേഴപ്പറമ്പ് മനയിലെ ശ്രീകുമാരസ്വാമി ക്ഷേത്രത്തിലെ ഉത്രം കാവടി മഹോത്സവവും' ചരിത്രപ്രസിദ്ധമാണ്. വേഴപ്പറമ്പ് മനയുമായി ബന്ധപ്പെട്ടാണ് 'മനയ്ക്കപ്പടി' എന്ന പേരുണ്ടായത്. (1948 ജനുവരി 30-ാം തിയതി ഉത്രം കാവടി മഹോത്സവം നടക്കുമ്പോൾ ഗാന്ധിജി വധിക്കപ്പെട്ട വിവരം അറിയുകയും ആഘോഷം നിർത്തി ദേശീയദുഃഖത്തിൽ പങ്കുകൊള്ളുകയും ചെയ്തുവെന്ന് പഴമക്കാർ പറയുന്നു.)

കാരുകുന്നിലേയും തട്ടാംപടിയിലേയും മാഞ്ഞാലിയിലേയും ക്രിസ്ത്യൻപള്ളികളിലെ പെരുന്നാളാഘോഷങ്ങളിൽ ജനങ്ങൾ കൂട്ടമായി പങ്കെടുക്കാറുണ്ട്. വൈദീക പഠനം നടത്തുന്ന തെക്കേ ഇന്ത്യയിലെ ഏറ്റവും വലിയ രണ്ടു സെമിനാരികളിലൊന്നായ 1932-ൽ സ്ഥാപിതമായ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി (കാർമൽഗിരി) നമ്മുടെ പഞ്ചായത്തിലാണ്. 317 പേർ ഇപ്പോൾ ഇവിടെ വൈദീക പഠനം നടത്തുന്നുണ്ട്. കൂടാതെ ഏഴ്

തിയോളജിക്കൽ സ്ഥാപനങ്ങളും നമ്മുടെ ഗ്രാമത്തിൽ പ്രവർത്തിക്കുന്നുണ്ട്. പടിഞ്ഞാറെ വെളിയത്തുനാട് ജുമാ മസ്ജിദ്, മാഞ്ഞാലി ജുമാ മസ്ജിദ് മാട്ടുപുറം ജുമാ മസ്ജിദ്, മാഞ്ഞാലി മുഖാംപള്ളി എന്നിവ ചരിത്ര സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ട്. മുഖാം പള്ളിയിലാണ് ചരിത്ര പ്രസിദ്ധമായ ചന്ദനക്കുടം നടന്നിരുന്നത്. ടിപ്പുസുൽത്താന്റെ ഒരു കോട്ടയും അതിനടിയിലൂടെ പെരിയാറിലവസാനിക്കുന്ന ഗുഹാതുരങ്കവും മാഞ്ഞാലിയിലുണ്ട്. ടിപ്പുസുൽത്താൻ ഹൈദരാലിയുടെ പേരുമായി ബന്ധപ്പെട്ടാണ് മാഞ്ഞാലി എന്ന പേരുണ്ടായത്. ജാതികളുടേയും മതങ്ങളുടേയും വേർതിരിവിന്റെ വേലിക്കെട്ടിൽ ഏറെക്കാലം കഴിഞ്ഞ നമ്മുടെ പഞ്ചായത്തിലെ ജനത ജാതി ചിന്ത പൂർണ്ണമായും അവസാനിപ്പിച്ചു എന്നു പറയാൻ കഴിയില്ല.

തിരുവിതാംകൂർ മഹാരാജാവിന്റെ കീഴിലായിരുന്ന നാട്ടു രാജ്യത്തിൽ പ്പെട്ടതായിരുന്നു നമ്മുടെ പഞ്ചായത്ത്. തിരുവിതാംകൂർ മഹാരാജാവിന്റെ സർവ്വാധികാരിയും ടിപ്പുവിനെതിരെ പടനയിച്ചയാളുമായ കുഞ്ഞിക്കുട്ടിപ്പിള്ള സർവ്വാധികാര്യക്കാർ ജനിച്ച പുരാതനമായ കാഞ്ഞിരക്കാട്ടു തറവാട്ടും കാഞ്ഞിരക്കാട് ഭഗവതി ക്ഷേത്രവും ഇന്നും നമ്മുടെ പഞ്ചായത്തിലുണ്ട്.(കരുമാല്ലൂർ)

നാടൻ കലകളിൽ ഗവേഷണം നടത്തി പി.എച്ച്.ഡി എടുത്ത വ്യക്തിയും മദ്രാസ് യൂണിവേഴ്സിറ്റി പ്രൊഫസറും വിദേശങ്ങളിലെ വിവിധ യൂണിവേഴ്സിറ്റികളിൽ വിസിറ്റിംഗ് പ്രൊഫസറുമായി സേവനമനുഷ്ഠിച്ച വ്യകതിയുമായ ഡോ. എസ്.കെ.നായർ നമ്മുടെ പഞ്ചായത്തിൽ ജനിച്ചു വളർന്നയാളാണ്.

ദേശീയ സമരത്തിന്റെ അലകൾ വലിയ തോതിൽ നമ്മുടെ പഞ്ചായത്തിൽ ഉണ്ടായി എന്നു പറയാൻ കഴിയില്ല. ദേശീയ സമരകാലത്ത് യു.സി കോളേജിലെ നാമമാത്രമായ പ്രവർത്തനവും കളപ്പുരക്കൽ കെ.എ.ദാമോദരമോനോനും, പറവൂർ ടി.കെ. എന്നറിയപ്പെടുന്ന താഴത്തു വീട്ടിൽ നാരായണപിള്ളയും വെളിയത്തുനാട്ടിലെ വേഴപ്പിള്ളി കുടുംബാംഗമായ വി.സി അഹമ്മദുണ്ണിയുമാണ് ദേശീയ സമരവുമായി നമ്മുടെ പഞ്ചായത്തിനെ ബന്ധിപ്പിക്കുന്ന കണ്ണികൾ.

1950 നു ശേഷവും ജന്മിത്തത്തിനും നാടുവാഴിത്തത്തിനുമെതിരെ ചെറിയ ചെറിയ നാടൻ കലാ സംഘങ്ങൾ പ്രവർത്തിച്ചിരുന്നു. കുടികിടപ്പ് നിയമവും ഭൂപരിഷ്കരണ നിയമവും സാമൂഹ്യബന്ധങ്ങളിൽ വലിയ ചലനം സൃഷ്ടിച്ച സംഗതികളാണ്.

പുരാതന നാടൻ കലകളായ മുടിയേറ്റും, കോൽക്കളിയും, തിരുവാതിരക്കളിയും ഏതാണ്ട് അസ്തമിച്ച മട്ടാണ്. കേരളത്തിലും ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലും വിൽക്കലാമേള അവതരിപ്പിക്കാൻ പര്യടനം നടത്തിയ ചെട്ടിക്കാട്ടിലെ ശോഭന ആർട്സ് & സ്പോർട്സ് ക്ലബ്ബ് ഇന്ന് പ്രവർത്തന രഹിതമാണ്. കലാ ക്ലബ്ബുകൾ നിരവധിയുണ്ടെങ്കിലും വാർഷിക പരിപാടികളിൽ മാത്രം ഒതുങ്ങുന്നു.

കായിക രംഗത്ത് കുറച്ചുനാളുകൾക്കു മുമ്പ് വോളിബോൾ, ഫുട്ബോൾ മേളകളും

ടൂർണ്ണമെന്റും നടന്നിരുന്നു. ഈ രണ്ട് രംഗത്തും സംസ്ഥാന നിലവാരത്തിൽ വരെ ശ്രദ്ധപിടിച്ചു പറ്റിയ കായികതാരങ്ങളുണ്ടായിരുന്നു. ഇന്ന് ഈ രംഗത്ത് വലിയ പ്രവർത്തനങ്ങളില്ല. ഇത് പരിഹരിക്കുവാനും പ്രതിഭകളെ കണ്ടെത്തുവാനും നമുക്കു കഴിയേണ്ടിയിരിക്കുന്നു.

സ്കൂളുകളിലെ കായിക രംഗം വെറും ചടങ്ങുകളായി മാറുമ്പോൾ അല്പം ആശ്വാസം നൽകുന്നത് കരുമാല്ലൂർ F.M.C.T ഹൈസ്ക്കൂൾ മാത്രമാണ്.(സംസ്ഥാന സ്ക്കൂൾ അത്ലറ്റിക് ടീം ക്യാപ്റ്റനായിരുന്ന ശ്രീ ജബ്ബാർ ഈ വിദ്യാലയത്തിന്റെ സൃഷ്ടിയാണ്) കായികരംഗം ക്രിക്കറ്റിൽ മാത്രമായി ഒതുങ്ങുന്ന പ്രവണത വളർന്നു വരുന്നു. സ്ത്രീ കായികതാരങ്ങൾ വളർന്നു വരുന്നില്ല.

വിജ്ഞാനവ്യാപനത്തിന്റെ പുതിയ മേഖലകളാക്കി മാറ്റാൻ കഴിയും എന്ന് ഘോഷിക്കപ്പെട്ട ദൃശ്യശ്രവ്യ മാധ്യമങ്ങൾ വഹിക്കുന്ന പങ്കിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു. ചിന്താബോധത്തേയും പ്രവർത്തന മണ്ഡലത്തേയും മരവിപ്പിച്ച് ജനതയെ ഉപഭോക്തൃ സമൂഹമായി മാറ്റാനേ ഇന്ന് ഈ മാധ്യങ്ങൾ ഉപകരിക്കുന്നുള്ളൂ. നാട്ടിൻപുറത്തിന്റെ നന്മകൾ അന്യവൽക്കരിക്കപ്പെട്ടിരിക്കുന്നു.

നമ്മുടെ സമൂഹത്തിൽ പ്രചാരത്തിലുള്ള എല്ലാ ആനുകാലികങ്ങളും പത്രമാസികകളും നമ്മുടെ പഞ്ചായത്തിലും നല്ല രീതിയിൽ ഉണ്ട്. മാതൃഭൂമി, മലയാള മനോരമ എന്നീ പത്രങ്ങളാണ് മുൻനിരയിൽ.

സാക്ഷരതാപ്രവർത്തനം നമ്മുടെ പഞ്ചായത്തിൽ നല്ല രീതിയിൽ നടക്കുകയും 95% ത്തിലേറെപ്പേരെയും സാക്ഷരരാക്കി മാറ്റാനും കഴിഞ്ഞുവെങ്കിലും തുടർ പ്രവർത്തനത്തിന്റെ അഭാവം വളരെ പ്രതികൂലമായി ബാധിച്ചു. ഇത് പരിഹരിക്കേണ്ടിയിരിക്കുന്നു. ഒന്നാംഘട്ട സാക്ഷരതാപദ്ധതിയിൽ 3611 പേർ നമ്മുടെ ഗ്രാമത്തിൽ പഠിതാക്കളായുണ്ടായിരുന്നു.

നമ്മുടെ പഞ്ചായത്തിൽ കേരളഗ്രന്ഥശാല സംഘത്തിന്റെ അഫിലിയേഷനുള്ള 4 ലൈബ്രറികൾ ഉണ്ടെങ്കിലും ഗ്രന്ഥശാല സംഘത്തിന്റെ ഗ്രാന്റ് പറ്റുന്ന 3 ലൈബ്രറികളേയുള്ളൂ. പഞ്ചായത്തേറ്റെടുത്ത മുഹമ്മദ് അബ്ദുൾ റഹ്മാൻ സ്മാരക വായനശലയ്ക്ക് ഗ്രാന്റ് ലഭിക്കുന്നില്ല. വായനശാലയിൽ അർപ്പിതമായ പങ്ക് വേണ്ടും വിധത്തിൽ വിനിയോഗിക്കുന്നില്ല എന്ന ന്യൂനതയുണ്ട്. ഗ്രന്ഥശാലകൾ ഗ്രാമീണ സർവ്വകലാശാലകൾ എന്ന തത്വം സമീപകാലങ്ങളിൽ പാലിക്കപ്പെടുന്നില്ല.

പേര്	സ്ഥാപിച്ച വർഷം	അംഗങ്ങൾ	പുസ്തകം എണ്ണം	ഗ്രേഡ്	പ്രവർത്തനം
പഞ്ചായത്ത് മുഹമ്മദ് അബ്ദുൾ റഹ്മാൻ സ്മാരക വായനശാല	1949	195	2421		
T.K ലാലു മെമ്മോറിയൽ ലൈബ്രറി & റീഡിംഗ് മനയ്ക്കപ്പടി	1971	315	3642		
ഗാന്ധിസ്മാരക ലൈബ്രറി & റീഡിംഗ് റൂം തട്ടാംപടി	1978	376	6934		
വിജ്ഞാനപോഷിണി ലൈബ്രറി & റീഡിംഗ് റൂം മാട്ടുപുറം					

പ്രശ്നങ്ങൾ

1. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇന്നും നിലനിൽക്കുന്നു.
2. കലാസാംസ്കാരിക സംഘടനകളുടെ പ്രകടനങ്ങൾ കാഴ്ചവയ്ക്കാൻ അനുയോജ്യമായ ഘടകങ്ങൾ കുറവ്.
3. ലൈബ്രറികളുടെ/ഗ്രന്ഥശാലകളുടെ പ്രവർത്തനം തൃപ്തികരമല്ല.
4. TV, കേബിൾ ടിവി ശൃംഖലകളുടെ ആവിർഭാവം ജനങ്ങളുടെ വായനശീലത്തെ തളർത്തി.
5. ഉപഭോക്താക്കൾ ചൂഷണം ചെയ്യപ്പെടുന്നു
6. കായിക-വിനോദ സൗകര്യങ്ങൾ തീരെ വിരളം.
7. പരമ്പരാഗത നാടൻ കലകൾ അന്യമായിക്കൊണ്ടിരിക്കുന്നു.
8. കലാസാംസ്കാരിക സംഘടനകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.

സാദ്ധ്യതകൾ

1. കലാമത്സരങ്ങൾ നടത്തുന്നതിന് ഒത്തുകൂടലിന് അവസരം ഉണ്ടാക്കുന്നതിന് ഒരു കമ്യൂണിറ്റി ഹാൾ സ്ഥാപിക്കുക.
2. പഞ്ചായത്തു തലത്തിൽ ഒരു ലൈബ്രറിയും അതിന്റെ ശാഖയെന്നോണം 4 വാർഡുകൾക്ക് ലൈബ്രറിയും വായനശാലയുംനിർമ്മിക്കുക.
3. അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും തുറന്നുകാണിച്ച് ജനങ്ങളെ ബോധവൽക്കരിക്കുക.

4. പഞ്ചായത്തടിസ്ഥാനത്തിൽ എല്ലാ വിധ സൗകര്യങ്ങളോടും കൂടിയ കളിക്കളം നിർമ്മിക്കുക.

5. കലാസാംസ്കാരിക സംഘടനകളുടെ ഏകോപിച്ചുള്ള പ്രവർത്തനങ്ങൾ വഴി സാംസ്കാരിക മേളകളും, കലാ മത്സരങ്ങളും സെമിനാറുകളും നടത്തുക.

6. രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിൽ സംശുദ്ധമായ യുവാക്കളുടെ ഒരു പുതിയ നിര കെട്ടിപ്പടുക്കാൻ ബോധവൽക്കരണം നടത്തുക.

7. ഉപഭോക്താക്കളെ ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിന് കൺസ്യൂമർ ഗൈഡൻസ് സൊസൈറ്റി രൂപീകരിക്കുക.

8. അന്യമായിക്കൊണ്ടിരിക്കുന്ന നാടൻ കലകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.


9. ജനങ്ങളുടെ സാഹിത്യഅഭിരുചിയെ വളർത്തുന്നതിന് കൈയ്യെഴുത്തുമാസിക ആരംഭിക്കുകയും സാഹിത്യ മത്സരം, ക്വിസ്സ് മത്സരം എന്നിവ സംഘടിപ്പിക്കാൻ പ്രോത്സാഹനം നൽകുകയും ചെയ്യുക.

10. വനിതകളുടെ വായനാശീലം പ്രോത്സാഹിപ്പിക്കാൻ നിലവിലുള്ള ലൈബ്രറികളിൽ വനിതകളെ ചേർക്കാൻ ആവശ്യമായ പ്രവർത്തനം നടത്തുക.

11. കരുമാല്ലൂർ പഞ്ചായത്തിന്റെ നേർപകുതി വരുന്ന ഒന്നു മുതൽ അഞ്ചു വരെയുള്ള വാർഡുകളിൽ ആകെ ഒരു ഗ്രന്ഥശാല അഞ്ചാം വാർഡിൽ മാത്രമേയുള്ളൂ. രണ്ടാം വാർഡിൽ യു.സി കോളേജിനു സമീപമുള്ള പഞ്ചായത്തു വക വ്യാപാരകേന്ദ്ര മന്ദിരം വികസിപ്പിച്ച് ഒന്നോ രണ്ടോ നിലകൂടി നിർമ്മിച്ച് ഒരു ഗ്രന്ഥശാല കൂടി അടിയന്തിരമായി തുടങ്ങണം.

12. പഞ്ചായത്തിന് ഒരു സാംസ്കാരിക നിലയം സ്ഥാപിക്കണം.

വനിതാക്ഷേമം



കരുമാല്ലൂർ പഞ്ചായത്തിലെ ജനസംഖ്യയിൽ പകുതിയിലധികവും സ്ത്രീകളാണ്. കാർഷികഗ്രാമമെന്ന നിലയിൽ ഭൂരിപക്ഷം സ്ത്രീകളും കർഷകത്തൊഴിലാളികളായിരുന്നു. പഞ്ചായത്തിന്റെ 1, 2, വാർഡുകളിൽ ഹരിജൻ ഗിരിജൻ സ്ത്രീകൾ കുട്ടനെയ്ത്ത്, പനമ്പു നെയ്ത്ത്, പച്ചമരുന്നു ശേഖരണം തുടങ്ങിയ തൊഴിലിൽ ഏർപ്പെട്ടിരുന്നതായി അറിയുന്നു. വെളിയത്തുനാട് മേഖല, നെല്ല്, വാഴ, പച്ചക്കറി, തുടങ്ങിയ കാർഷികവിളകളുടെ സങ്കേതമായിരുന്നതിനാൽ മുഖ്യതൊഴിലും കൃഷി തന്നെയായിരുന്നു. ഏഴ്, എട്ട്, വാർഡുകൾ ഉൾപ്പെട്ട തട്ടാമ്പടി – തോപ്പുഭാഗം കളിമൺ പാത്രവ്യവസായവുമായി ബന്ധപ്പെട്ടുകിടന്നിരുന്നതിനാൽ സ്ത്രീകളും ആ വ്യവസായത്തിൽ ബന്ധപ്പെട്ടിരുന്നു. മറ്റു ഭാഗങ്ങളിൽ അപൂർവ്വമായി നെയ്ത്ത്, തയ്യൽ മുതലായ കൈത്തൊഴിലുകളിലും സ്ത്രീകൾ ഏർപ്പെട്ടിരുന്നു. പൊതുവേ പറഞ്ഞാൽ സ്ത്രീകൾ പുറംതൊഴിൽ എടുക്കുന്നതിൽ വിമുഖത കാണിക്കുന്നവരാണ് എന്നാണ് പഠനത്തിൽ തെളിയുന്നത്. പരമ്പാരഗതമായ ആചാരാനുഷ്ഠാനങ്ങളും ജീവിതക്രമങ്ങളും സ്ത്രീകളെ പുറംതൊഴിൽ എടുക്കുന്നതിൽ നിന്നോ പുറം ലോകവുമായി ബന്ധപ്പെടുന്നതിൽ നിന്നോ അകറ്റി നിറുത്തിയിരുന്നു. സ്വന്തം വീടും കുടുംബവും മാത്രമായി ഒതുങ്ങികഴിയുവാനാണ് സ്ത്രീകൾ ഇഷ്ടപ്പെട്ടിരുന്നതും. അവിടെ അവർക്ക് പിടിപ്പതു ജോലിയുണ്ട് എന്ന കാര്യവും പ്രസ്താവ്യമാണ്.

സാക്ഷതയുടെ കാര്യത്തിലും സ്ത്രീകൾ പിന്നിൽ തന്നെ. ഒന്നാം ഘട്ട സാക്ഷരതാപരിപാടിയിൽ 2405 സ്ത്രീകൾ പഠിതാക്കളായിരുന്നു.

വിദ്യാഭ്യാസപുരോഗതിയും സാംസ്കാരിക വളർച്ചയും സാക്ഷരതാപ്രവർത്തനങ്ങളും ഒരു പരിധിവരെ ഈ നിലയ്ക്ക് മാറ്റം വരുത്തിയിട്ടുണ്ട്. എങ്കിലും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് സ്ത്രീകളെ കൊണ്ടുവരുന്നതിന് ഇന്നും കഴിഞ്ഞിട്ടില്ല. കരുമാല്ലൂർ ഗ്രാമപഞ്ചായത്തിൽ എട്ട് മഹിളാ സമാജങ്ങളും ബാലവാടികളും പ്രവർത്തിച്ചു വരുന്നു. കരുമാല്ലൂർ പ്രാഥമികാരോഗ്യകേന്ദ്രവും അതിന്റെ കീഴിലുള്ള ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. പാവപ്പെട്ട കുട്ടികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും നിർദ്ധനരായ ഗർഭിണികൾക്കും ആവശ്യമായ പരിഗണന നല്കുന്നതിന് മഹിളാസമാജങ്ങൾ കൂടുതൽ ശ്രദ്ധിക്കണം. ഹരിജനക്ഷേമവകുപ്പിന്റെ കീഴിൽ ഒന്നാം വാർഡിൽ ഒരു ബാലവാടിയും നഴ്സറിസ്കൂളും പ്രവർത്തിച്ചു വരുന്നു. ബാലവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബാലവാടികളും മഹിളാസമാജങ്ങളും

1. ഇന്ദിരാ പ്രിയദർശിനി മഹിളാസമാജം
2. കസ്തൂർബാ മഹിളാസമാജം
3. വയലോടം മഹിളാസമാജം & ബാലവാടി
4. അടുവാത്തുരുത്ത് മഹിളാസമാജം & ബാലവാടി
5. തട്ടാമ്പടി മഹിളാസമാജം & ബാലവാടി
6. മനയ്ക്കപ്പടി മഹിളാസമാജം & ബാലവാടി
7. മാഞ്ഞാലി മഹിളാസമാജം & ബാലവാടി
8. മാട്ടുപുറം മഹിളാസമാജം & ബാലവാടി

ഇതുകൂടാതെ പട്ടികജാതി ക്ഷേമവകുപ്പിന്റെ കീഴിൽ വെളിയത്തുനാട് (ഒന്നാം വാർഡിൽ) ഒരു പ്രീപ്രൈമറിസ്കൂളും പ്രവർത്തിക്കുന്നു. ഈ ബാലവാടികൾ തന്നെ സാമ്പത്തികപരാധീനതകൾ മൂലം സുഗമമായി പ്രവർത്തിക്കുന്നില്ല. വികസനബ്ലോക്കിൽ നിന്നും ഗ്രാമപഞ്ചായത്തിൽ നിന്നം ലഭിക്കുന്ന തുച്ഛമായ തുകകൾ കൊണ്ടാണ് ഇവ പ്രവർത്തിക്കുന്നത്. നിലവിലുള്ള കോളനികളിൽ ബാലവാടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ഉള്ളവയ്ക്ക് കെട്ടിടങ്ങൾ പണിയുകയും അനുബന്ധസൗകര്യങ്ങൾ ഏർപ്പെടുത്തുകയും വേണം.

സാമ്പത്തിക പരാധീനത അനുഭവിക്കന്ന ഈ പഞ്ചായത്തിനെ സ്വയം പര്യാപ്തതയിലെത്തിക്കാൻ സ്ത്രീകളേയും സാമ്പത്തികമായി ഉയർത്തേണ്ടതുണ്ട്. സർക്കാർ ജോലിയോ, കൃത്യമായ മാസവരുമാനമോ ഉള്ള സ്ത്രീകൾ വളരെ കുറച്ചു മാത്രമേ ഇവിടെയുള്ളു. സ്വയം തൊഴിൽ കണ്ടെത്താൻ ശ്രമിക്കുന്ന സ്ത്രീകളും കുറവാണ്. കളിമൺ പാത്രവ്യവസായരംഗത്തു പ്രവർത്തിക്കുന്ന ഐശ്വര്യ സഹകരണസംഘം, തയ്യൽജോലി ചെയ്യുന്ന സ്ത്രീകളുടെ സൗന്ദര്യ ഗാർമെന്റ്സ്, പട്ടികജാതി സഹകരണസംഘം എന്നിവ നല്ല കാൽവയ്പാണ്. ഇനിയും കൈത്തൊഴിലിലും പരമ്പാരഗതതൊഴിലുകളിലും ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളെ സംഘടിപ്പിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം

കോഴി വളർത്തൽ, കറി പൗഡർ നിർമ്മാണം, മുതലായവകളിലും വലിയ സാദ്ധ്യതകൾ ഉണ്ട്. കന്നുകാലി വളർത്തൽ, കോഴി വളർത്തൽ, അടുക്കളതോട്ട നിർമ്മാണം, എംബ്രോയിഡറി, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, ഇലക്ട്രോണിക് ഉപകരണങ്ങളുടെ നിർമ്മാണം, നോട്ടുപുസ്തകനിർമ്മാണം മുതലായവയിൽ പരിശീലനം നല്കി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാം. അഭ്യസ്തവിദ്യരായ യുവതികൾ ട്യൂഷൻ രംഗത്തേക്ക് കടന്നുവന്നാൽ വിദ്യാഭ്യാസ പുരോഗതിയും അവരുടെ സാമ്പത്തികപ്രശ്നങ്ങൾക്ക് ഒരു പരിധിവരെ എങ്കിലും പരിഹാരവും കാണാൻ കഴിയും.

വനിതകൾ നേതൃത്വം നൽകുന്ന ഏതാനും കുടുംബങ്ങളും നമ്മുടെ ഗ്രാമത്തിലുണ്ട്. രാഷ്ട്രീയസാമൂഹ്യരംഗങ്ങളിലേക്ക് വരാൻ വനിതകൾ മടിച്ചു നില്ക്കുന്നതുകൊണ്ടു തന്നെ പല പ്രശ്നങ്ങളും പരിഹരിക്കപ്പെടാതെ പോകുന്നു. പഞ്ചായത്തിലെ 12 വാർഡുകളിൽ 4 എണ്ണം വനിതകൾക്കായി സംവരണം ചെയ്തിട്ടുണ്ട്. സംവരണ സീറ്റിൽ മാത്രം വനിതകൾ മത്സരിക്കുന്ന പ്രവണതയാണ് കാണുന്നത്.

കുടംബനാഥൻമാരുടേയും കുടംബത്തിലെ പുരുഷന്മാരുടേയും മദ്യപാനം പല ദരിദ്രകുടുംബങ്ങളേയും നാശത്തിലേക്ക് തള്ളിയിടുന്നുണ്ട്. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുകയും വ്യജമദ്യവില്പന കർശനമായി തടയുകയും ചെയ്താൽ പലകുടുംബങ്ങളും രക്ഷപ്പെടും. മദ്യവ്യവസായരംഗത്ത് പ്രവർത്തിക്കുന്നവരുടെ പുനരധിവാസം ഉറപ്പാക്കിക്കൊണ്ടുള്ള മദ്യനിരോധനമാണ് ഉദ്ദ്യേശിക്കുന്നത്. പൊതുരംഗങ്ങളിൽ സ്ത്രീകൾക്ക് നേരിടേണ്ടിവരുന്ന അപവാദങ്ങളും ബുദ്ധിമുട്ടുകളും സ്ത്രീകളെ പൊതുരംഗത്തു പ്രവർത്തിക്കുന്നതിൽ നിന്ന് തടഞ്ഞു നിർത്തുന്നുണ്ട്.

പ്രശ്നങ്ങൾ

- സ്ത്രീകൾക്ക് തൊഴിൽ സാദ്ധ്യത കുറവാണ്
- മഹിളാസമാജങ്ങളും ബാലവാടികളും ആവശ്യത്തിനില്ല.
- ആരോഗ്യകേന്ദ്രങ്ങൾ, മാതൃശിശു സംരക്ഷണകേന്ദ്രങ്ങൾ എന്നിവ വേണ്ടത്രയില്ല.
- പരമ്പാരഗതതൊഴിലുകളും കൈതൊഴിലുകളും സംരക്ഷിക്കുന്നില്ല.
- വനിതാവ്യവസായ യൂണിറ്റുകളുടെ അപര്യാപ്തത.
- പൊതുരംഗത്ത് പ്രവർത്തിക്കുന്നതിന് സ്ത്രീകൾക്കുള്ള മടി.
- തൊഴിൽ പരിശീലനം നേടുന്നതിനുള്ള സൗകര്യക്കുറവ്
- സ്വയം തൊഴിൽ നേടാനുള്ള സാമ്പത്തികപരാധാനത
- സ്ത്രീപീഡനത്തിന്റെ തോതിലുള്ള വർദ്ധനവ്
- വർദ്ധിച്ചു വരുന്ന സ്ത്രീധന സമ്പ്രദായം – ആഡംബരഭ്രമം മുതലായാവ.

പരിഹാരമാർഗ്ഗങ്ങൾ

- ❒ ജോലി ചെയ്യാൻ തയ്യാറുള്ള സ്ത്രീകൾക്ക് മുൻഗണന നല്കുക
- ❒ അഭ്യസ്ത വിദ്യരായ വനിതകൾക്ക് തൊഴിൽ സംവരണം ഏർപ്പെടുത്തുക
- ❒ മാതൃശിശു സംരക്ഷണകേന്ദ്രങ്ങൾ ആവശ്യത്തിന് സ്ഥാപിക്കുക.
- ❒ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.
- ❒ പരമ്പരാഗത തൊഴിലുകളെ പ്രോത്സാഹിപ്പിക്കുക.
- ❒ വനിതാ യൂണിറ്റുകൾ സ്ഥാപിക്കുക.
- ❒ സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുക.
- ❒ പൊതുരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് മാന്യത കല്പിക്കുക.
- ❒ വനിതാവ്യവസായ സംരംഭകർക്ക് ബാങ്കുവായ്പകളും മറ്റ് ധനസഹായവും എളുപ്പത്തിൽ ലഭ്യമാക്കുക.
- ❒ സ്ത്രീധന നിരോധനത്തെക്കുറിച്ച് ആവശ്യമായ ബോധവല്കരണം നടത്തുക.
- ❒ വിവാഹത്തോടും മറ്റു ചടങ്ങുകളോടും അനുബന്ധിച്ചുള്ള ആർഭാടങ്ങളും ആഡംബരങ്ങളും ഒഴിവാക്കുക.
- ❒ സ്ത്രീ പീഡനത്തിനെതിരെ പ്രവർത്തിക്കുവാൻ പഞ്ചായത്ത് തലത്തിൽ ഒരു സമിതി രൂപീകരിക്കുക

സഹകരണമേഖല

കേരളസംസ്ഥാനം രൂപം കൊള്ളുന്നതിനു മുമ്പ് തന്നെ തിരുവിതാംകൂറിലും, കൊച്ചിയിലും, മലബാറിലും സഹകരണപ്രസ്ഥാനം പുരോഗതിയിലേക്കു വന്നു കഴിഞ്ഞിരുന്നു. 1969 ലാണ് കേരള സഹകരണ ആക്ട് നിലവിൽ വന്നത്. ഇന്ന് സാമൂഹ്യ പുരോഗതിയിൽ നിർണ്ണായകമായ പങ്കാണ് സഹകരണപ്രസ്ഥാനം വഹിക്കുന്നത്. കരുമാല്ലൂരിൽ ഏറ്റവും പഴക്കം ചെന്ന സഹകരണസ്ഥാപനം മലയാളവർഷം 1092ൽ തട്ടാംപടിയിൽ ആരംഭിച്ചു. ഇത് പരസ്പരസഹായ സഹകരണസംഘം എന്നാണ് അറിയപ്പെട്ടിരുന്നത്. ഈ സംഘം പിന്നീട് കരുമാല്ലൂർ സഹകരണ ബാങ്കായി പുനർനാമകരണം ചെയ്യപ്പെട്ടു. ഈ ബാങ്കിന്റെ ഡയറക്ടർ എന്ന നിലയിലാണ് ശ്രീ. എം.വി. ജോസഫ് ജില്ലാ സഹകരണ ബാങ്കിന്റെ പ്രസിഡണ്ട് പദവിയിൽ 12 ദശാബ്ദക്കാലം ഇരുന്നത്. പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനുവേണ്ടി നാല്പതുകളിൽ വെളിയത്തുനാട് ഹരിജൻ കോളനി സഹകരണസംഘം എന്നപേരിലും, അറുപതുകളിൽ ആലങ്ങാട് മുള ചൂരൽ വ്യവസായ സഹകരണസംഘം എന്ന പേരിലും സഹകരണസ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നു. ഇവയുടെ പ്രവർത്തനം പിന്നീട് നിലച്ചു പോകുകയും ചെയ്തു.

വായ്പാ സഹകരണ സംഘങ്ങൾ മെച്ചപ്പെട്ട പ്രവർത്തനമാണ് കാഴ്ച വെയ്ക്കുന്നത്. മറ്റു സഹകരണസ്ഥാപനങ്ങളുടെ മാനേജ്മെന്റിൽ കുറെക്കൂടി ശ്രദ്ധിക്കേണ്ടതുണ്ട് എന്നാണ് അവയെ സംബന്ധിച്ച പഠനം തെളിയിക്കുന്നത്. പ്രാഥമികമേഖലയുമായി ബന്ധപ്പെട്ട സഹകരണസ്ഥാപനങ്ങൾ വേണ്ടത്ര വായ്പകൾ കാർഷികമേഖലയായ കരുമാല്ലൂർ പഞ്ചാത്തിന് നൽകിയിട്ടില്ല എന്നാണ് കാണാൻ കഴിയുന്നത്.

കരുമാല്ലൂരിൽ 10 സഹകരണസംഘങ്ങളാണ് നിലവിൽ പ്രവർത്തിച്ചു വരുന്നത്. മൂന്ന് സഹകരണബാങ്കുകളും, നാല് ക്ഷീരവ്യവസായ സഹകരണസംഘങ്ങളും, ഒരു കൈത്തറി നെയ്ത്ത് വ്യവസായ സഹകരണസംഘവും ആണ് പ്രവർത്തിക്കുന്നത്. കരുമാല്ലൂർ, ആലങ്ങാട് പഞ്ചായത്തുകളിലെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഒരു സംഘം, ആലങ്ങാട് കരുമാല്ലൂർ പഞ്ചായത്ത് പട്ടികജാതി പട്ടികവർഗ്ഗ സർവ്വീസ് സഹകരണസംഘം എന്നപേരിൽ ആലങ്ങാട്ട് പ്രവർത്തിച്ചുവരുന്നു. ഈ സംഘത്തിലെ 1100 സഹകാരികൾ കരുമാല്ലൂർ പഞ്ചായത്തിൽ പെട്ടവരാണ്. ഈ പഞ്ചായത്തിലെ ഒന്നുമുതൽ അഞ്ചുവരെ വാർഡുകളാണ് ആലുവ ക്ഷീരവ്യവസായ സഹകരണസംഘത്തിന്റെ പരിധിയിൽ വരുന്നത്.

ഉത്പാദനം, വിപണനം, വ്യവസായം തുടങ്ങിയ മേഖലകളിലേക്ക് സഹകരണപ്രസ്ഥാനം കടന്നു ചെല്ലേണ്ടതാണ്. നിലവിൽ നേട്ടങ്ങൾ സഹകരണരംഗത്ത് ഉണ്ടെങ്കിലും അതു ശക്തമാക്കാൻ ഊർജ്ജിതമായ കൂട്ടായ പ്രവർത്തനം ആവശ്യമാണ്.

കരുമാല്ലൂർ പഞ്ചായത്തിലെ സഹകരണസ്ഥാപനങ്ങൾ

	സ്ഥാപനത്തിന്റെ പേര്	ആരംഭിച്ച വർഷം	അംഗങ്ങൾ
1	കരുമാല്ലൂർ സർവ്വീസ് സഹകരണബാങ്ക്	1099	8095
2	മാഞ്ഞാലി സർവ്വീസ് സഹകരണബാങ്ക്	1119	2816
3	വെളിയത്തുനാട് സർവ്വീസ് സഹകരണബാങ്ക്	1972	4627
4	ആലുവ കൈത്തറി നെയ്ത്ത് വ്യവസായ സഹകരണസംഘം	1954	140
5	കരുമാല്ലൂർ പഞ്ചായത്ത് പട്ടികവർഗ്ഗ വ്യവസായ സഹകരണസംഘം	1995	31
6	കരുമാല്ലൂർ പഞ്ചായത്ത് പട്ടികജാതി വിവിധോദ്ദേശ്യ വ്യവസായ സഹകരണസംഘം		
7	കരുമാല്ലൂർ ക്ഷീരോത്പാദക സഹകരണസംഘം	1980	446
8	മാഞ്ഞാലി ക്ഷീരോത്പാദക സഹകരണസംഘം		
9	മനയ്ക്കപ്പടി ക്ഷീരോത്പാദക സഹകരണസംഘം	1993	455
10	ആലുവ ക്ഷീരോത്പാദക വ്യവസായ സഹകരണസംഘം		

വായ്പാ സഹകരണ സ്ഥാപനങ്ങൾ കൺസ്യൂമർ സ്റ്റോറുകൾ, വളം, കീടനാശിനി ഡിപ്പോകൾ എന്നിവ നടത്തുന്നുണ്ട്. വിവിധ തരത്തിലുള്ള കാർഷികവായ്പകൾ, IRDP ഭവനനിർമ്മാണം, സ്വയം തൊഴിൽ തുടങ്ങിയ പ്രത്യേക ഇനം വായ്പകളും സഹകരണസ്ഥാപനങ്ങൾ വഴി നല്കി വരുന്നുണ്ട്.

പ്രശ്നങ്ങൾ

1. വായ്പ സഹകരണ സംഘങ്ങൾ കൃഷിക്കാരുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കുന്നതിൽ കുറവുകൾ നില നില്ക്കുന്നു.
2. സഹകരണ സംഘത്തിന് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചെറുകിട വ്യവസായ തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് വായ്പ കൊടുക്കുവാൻ നിലവിലുള്ള നിയമ തടസ്സം.
3. ക്ഷീരോത്പാദനരംഗത്തുള്ള സാധ്യതകൾ ഉപയോഗിക്കാൻ ക്ഷീരസംഘങ്ങൾക്കു കഴിയുന്നില്ല.
4. കൈത്തറി സംഘത്തിന് ഏറെ വികസന സാധ്യത ഉണ്ടായിട്ടും അതിന്റെ സ്ഥിതി മെച്ചപ്പെടുത്തുവാനുള്ള സംഘടിതശ്രമം നടക്കുന്നില്ല.
5. പട്ടിക ജാതി വിവിദോദ്ദേശ സഹകരണസംഘത്തിന്റെ ഉല്പന്നങ്ങൾക്ക് വിപണി

കണ്ടെത്താൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

6. പട്ടിക വർഗ്ഗ വ്യവസായ സഹകരണ സംഘത്തിന് പ്രവർത്തന മൂലധനം ലഭിക്കാത്തതു കൊണ്ട് സാധ്യതകൾ വിനിയോഗിക്കാൻ കഴിയുന്നില്ല.

7. വനിതാ സഹകരണസംഘങ്ങൾ രൂപീകരിക്കുന്നവാനുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല.

8. ക്ഷീരസംഘം പാൽവില കുറവ് നല്കുന്നതുകൊണ്ട് കർഷകർ സംഘത്തെ ആശ്രയിക്കാതെ സ്വകാര്യ വ്യകതികളുമായി സഹകരിക്കുന്നു.

9. കൃത്യമായ വായ്പ തിരിച്ചടവ് ഇല്ലാത്തതുമൂലം പുതിയ വായ്പാ സൗകര്യങ്ങൾ നല്കുന്നതിന് പ്രയാസം നേരിടുന്നു.

സാദ്ധ്യതകൾ

1. വനിതാ വിവിധോദ്ദേശ്യ സഹകരണസംഘത്തിന് സാധ്യത ഉണ്ട്.

2. ഈറ്റ, മുള, ചൂരൽ എന്നീ അസംസ്കൃതവസ്തുക്കൾ ഉപയോഗിച്ച് ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന ഒരു വ്യവസായ സഹകരണസംഘം സ്ഥാപിക്കണം.

3. ഭവനനിർമ്മാണതൊഴിലാളി സഹകരണസംഘത്തിന് സാധ്യതയുണ്ട്.

4. പഞ്ചായത്തിന്റെ പൊതുവികസന പദ്ധതികളിൽ സഹകരണസംഘങ്ങൾക്ക് നിർണ്ണായകപങ്ക് വഹിക്കാൻ കഴിയും.

5. യന്ത്രവല്ക്കരണത്തിലൂടെയും മാനേജ്മെന്റ് തന്ത്രങ്ങളിലൂടെയും കൈത്തറി നെയ്ത്ത് സഹകരണസംഘത്തിന് പുരോഗതി കൈവരിക്കാൻ കഴിയും.. മിതമായ വിലയിൽ അസംസ്കൃതവസ്തുക്കൾ ലഭ്യമായാൽ ഉല്പന്നം മാർക്കറ്റ് പിടിച്ചു നിർത്താൻ സഹായിക്കും.

6. ആധുനിക ഡിസൈൻ സംവിധാനങ്ങൾ ഉപയോഗിച്ചാൽ പട്ടികജാതി വ്യവസായ സഹകരണസംഘത്തിലെ ഉത്പന്നങ്ങളുടെ വിപണി കണ്ടെത്താൻ കഴിയും.

7. പട്ടിക വർഗ്ഗ വ്യവസായ സഹകരണസംഘത്തിന്റെ കീഴിൽ ഔഷധ ചെടികൾ വച്ചു പിടിപ്പിച്ച് കൂടുതൽ തൊഴിൽ അവസരം ഉണ്ടാക്കാൻ സാധിക്കും.

8. നിലവിലുള്ള സഹകരണസ്ഥാപനങ്ങൾ വഴി നാളികേര സംഭരണവും സംസ്കരണവും നടത്തുന്നതിന് സാധിക്കും.

9. പൊതു വിതരണകേന്ദ്രം സംഘങ്ങൾ വഴി നടത്തിയാൽ ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്നതിൽ നിന്ന് രക്ഷിക്കാൻ കഴിയും.

10. സഹകരണസംഘം വായ്പകൾ ഉൽപാദനപരമായ രീതിയിൽ തിരിച്ചു വിടുക.

11. ദുർബല വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനകൾ ചെയ്തുകൊടുക്കുക.

INSTITUTE OF LOCAL ADMI
4256

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

നമ്മുടെ സമൂഹത്തിൽ കാലങ്ങളായി നിലനിന്ന ഉച്ചനീചത്വങ്ങളുടെ ദുരിതവും ദുരന്തവും അനുഭവിക്കേണ്ടിവന്ന ഒരു ജനസമൂഹമാണ് പട്ടികജാതി പട്ടികവർഗ്ഗക്കാർ. ജനകീയ പദ്ധതിയുടെ ഒരു ഭാഗമായി നടക്കുന്ന ഈ വികസന സെമിനാറിലും നേരത്തെ ഗ്രാമസഭകളിലും ഈ വിഭാഗത്തിന്റെ ക്ഷേമം ഒരു പ്രത്യേക വിഷയമായിത്തന്നെ ഉൾപ്പെടുത്തിയിട്ടുള്ളത് ഇവരുടെ പ്രശ്നങ്ങൾ ഗൗരവപൂർവ്വം ചർച്ചചെയ്യുകയും പരിഗണിക്കുകയും വേണം എന്നുള്ളതുകൊണ്ടാണ്.

"തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ
ദൃഷ്ടിയിൽ പെട്ടാൽ ദോഷമുള്ളോർ"

എന്ന അവസ്ഥയിൽ നിന്നും ഇവരെ മോചിപ്പിക്കാൻ മഹാത്മാഗാന്ധി, ഡോക്ടർ അംബേദ്കർ, ശ്രീ. അയ്യങ്കാളി തുടങ്ങിയ കുറേപ്പേരുടെ ത്യാഗോജ്ജ്വലമായ പ്രവർത്തനവും ഭരണഘടനാപിൻബലവും ഏറെ സഹായകമാവുകയും പട്ടികജാതി പട്ടികവർഗ്ഗക്ഷേമപ്രവർത്തനങ്ങൾക്ക് വ്യക്തമായ രൂപരേഖയുമായി. (1950 കളിൽ നമ്മുടെ പഞ്ചായത്തിൽ സ്വാമി ആനന്ദതീർത്ഥന്റെ ഹരിജനോദ്ധാരണ പ്രവർത്തനം വിസ്മരിക്കാനാകാത്തതാണ്.)

സംയോജിതഗ്രാമവികസന പരിപാടി മൂലം നമ്മുടെ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട 90 % ത്തിലേറെ പേർക്കും ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് - ബ്ലോക്ക് എന്നീ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും, പട്ടികജാതി വികസനകോർപ്പറേഷൻ വഴിയും ഭവനനിർമ്മാണപദ്ധതിയും സ്വയം തൊഴിൽ വായ്പകളും മറ്റു ക്ഷേമസഹായങ്ങളും ലഭിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പു വഴി കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ സംയോജിത ഭവന നിർമ്മാണധനസഹായ പദ്ധതിയനുസരിച്ച് 11 വീടുകളും ഭൂരഹിതഭവനരഹിത പുനരധിവാസപദ്ധതിയനുസരിച്ച് 8 പേർക്ക് ഭൂമിയും വീടും, കെട്ടിമേച്ചിൽ ധനസഹായ പദ്ധതിയനുസരിച്ച് 12 പേർക്കും, വിവാഹ ധനസഹായ പദ്ധതിയനുസരിച്ച് 12 പേർക്കും നമ്മുടെ പഞ്ചായത്തിൽ സഹായം അനുവദിച്ചിട്ടുണ്ട്. തീവ്രസങ്കേത വികസനപരിപാടി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഈ പദ്ധതികൾക്ക് ഇന്ന് അനുവദിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ തുക വർദ്ധിപ്പിക്കുകയും അർഹരായ മുഴുവൻ പേരെയും ഈ പദ്ധതികളുടെ ഗുണഭോക്താക്കളാക്കി മാറ്റുകയും വേണം. ഭവന നിർമ്മാണം ബ്ലോക്ക് മുഖേനയുള്ള ഏതെങ്കിലും നിർമ്മാണ ഏജൻസികളെ ഏല്പിക്കാൻ ആലോചിക്കണം

സാമ്പത്തിക സാമൂഹ്യ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് നടപ്പാക്കിയ പദ്ധതികളും പരിപാടികളും എത്രത്തോളം ഫലപ്രദമായി എന്നുള്ളത് പരിശോധിച്ചാൽ

എട്ടു പഞ്ചവൽസരപദ്ധതികൾ പൂർത്തീകരിച്ച ഈ സമയത്തും ഈ ജനവിഭാഗങ്ങൾ ഇന്നും സാമൂഹ്യ - സാനപത്തിക അസമത്വത്തിൽ തന്നെയാണ് എന്നു കാണാം.

1991 ലെ കാനേഷുമാരി പ്രകാരം നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യ 29472 ആണ്. ഇതിൽ പട്ടികജാതി/ വർഗ്ഗക്കാരുടെ എണ്ണം 4793.

(2406 പുരുഷന്മാരും 2387 സ്ത്രീകളും). പുതിയ വീടുവെച്ച് മാറി താമസിക്കേണ്ടവർ ധാരാളമുണ്ട്. പട്ടയം ലഭിച്ചിട്ടില്ലാത്ത കുടുംബങ്ങൾ ഏറെയുണ്ട്. സ്വാതന്ത്യസമ്പാദനത്തിന് മുമ്പ് തിരുവിതാംകൂർ ദിവാൻ സർ. സിപി. രാമസ്വാമിയുടെ ഭരണകാലത്ത് 12 കുടുംബങ്ങളെ താമസിപ്പിച്ചുകൊണ്ട് 1937ൽ സ്ഥാപിച്ച വെളിയത്തുനാട് ഹരിജൻ കോളനിയും 1990ൽ സ്ഥാപിച്ച മാട്ടുപുറം അംബേദ്കർ കോളനിയും ഉൾപ്പെടെ നമ്മുടെ പഞ്ചായത്തിൽ 12 വാർഡുകളിലായി 24 ഹരിജൻ കോളനികളുണ്ട്.

പട്ടിക ജാതി	എണ്ണം	വീടുകൾ
പുരുഷന്മാർ	2330	
സ്ത്രീകൾ	2300	659
പട്ടിക വർഗ്ഗം		
പുരുഷന്മാർ	76	
സ്ത്രീകൾ	87	
ആകെ	163	97
SC/ST ആകെ	4793	756

ഈ കോളനികളിൽ അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടാക്കുവാനും ഉള്ളിടത്ത് അവ വികസിപ്പിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. പ്രധാനമായും ശുദ്ധജലലഭ്യത ഉറപ്പു വരുത്തുകയും വെള്ളക്കെട്ട് ഒഴിവാക്കുകയും അടിയന്തിരമായി വൈദ്യുതി കണക്ഷൻ നല്കുകയും ആണ്. ഒറ്റപ്പെട്ട വീടുകള്ക്ക് വൈദ്യുതിയടക്കമുള്ള സൗകര്യങ്ങൾ ലഭിക്കാൻ പ്രയാസമാണ്. കൺസന്റ് ഒരു പ്രശ്നമായി മാറുന്നു. ഇത് പരിഹരിക്കേണ്ടതാണ്. കോളനികളിലെ പൊതുജനാരോഗ്യത്തെക്കുറിച്ച് ബോധവാന്മാരാക്കാൻ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ ഇടപെടലും കോളനികളിൽ ആറുമാസത്തിലൊരിക്കൽ സന്ദർശനവും അത്യന്താപേക്ഷിതമാണ്.

പട്ടികജാതി/വർഗ്ഗക്കാരുടെ വിദ്യാഭ്യാസനിലവാരമുയർത്താൻ സർക്കാരിന്റെ ആനുകൂല്യങ്ങൾ ഏറെയുണ്ടെങ്കിലും നമ്മുടെ പഞ്ചായതതിൽ ഈ വിഭാഗത്തിന്റെ വിദ്യാഭ്യാസനിലവാരം ഉയർത്താൻ ഇനിയും കഴിഞ്ഞിട്ടില്ല. യു. സി. കോളേജിനോടടുത്ത് കിട

ക്കുന്ന വെളിയത്തുനാട് ഹരിജൻ കോളനിയിലെ നിലവാരം അല്പം ഉയർന്നതാണ്. ഇവരിലെ നല്ലൊരു ശതമാനവും. പത്താം ക്ലാസ്സിലെത്തുന്നില്ല. തുടർന്നു മുകളിലോട്ടു പോകുന്തോറും നല്ല രീതിയിൽ കൊഴിഞ്ഞുപോക്കുണ്ടാകുന്നു. കൊഴിഞ്ഞുപോക്കിന് പ്രധാനകാരണം സാമ്പത്തികപരാധീനതയും കോച്ചിംഗ് കുറവുമാണ്. നമ്മുടെ പഞ്ചായത്തിൽ നിരവധി സ്വകാര്യവിദ്യഭ്യാസസ്ഥാപനങ്ങളുണ്ടെങ്കിലും ഈ വിഭാഗത്തിന്റെ കുട്ടികൾ പഠിക്കുന്നത് വിരലിലെണ്ണാവുന്നതു മാത്രമാണ്. ഈ വിദ്യാലയങ്ങളിൽ (നേഴ്സറി സ്കൂൾ ഉൾപ്പെടെ) ഈ വിഭാഗത്തിന്റെ കുട്ടികൾക്ക് സൗജന്യമായ പ്രവേശനവും പഠനസൗകര്യവും നല്കേണ്ടതാണ്

കാർഷികമേഖലയിൽ പണിയെടുത്താണ് ദാരിദ്ര്യദുരിതം പേറുന്ന ഈ വിഭാഗത്തിലെ വലിയൊരു പങ്കും ജീവിക്കുന്നത്. സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ജോലിയെടുക്കുന്നവരുടെ എണ്ണം വളരെ കുറവാണ്. പരമ്പരാഗതമായ തൊഴിലുകളിൽ ഏർപ്പെട്ടിരുന്നവർ ഇപ്പോൾ വേറെ തോഴിൽമേഖല തേടിപോകുന്ന അവസ്ഥയുണ്ട്. ഈ വിഭാഗത്തിലെ തൊഴിലില്ലായ്മ ഒരു വലിയ സാമൂഹ്യപ്രശ്നമായി നിൽക്കുന്നു. ചെറുകിട, പരമ്പരാഗത തൊഴിലുകൾ (കുട്ട, മുറം, ചൂരൽ ഉൽപ്പന്നങ്ങൾ .... മുതലായവ) ഈറ്റയുടേയും മറ്റു സാധനങ്ങളുടേയും വിലവർദ്ധനവും ദൗർലഭ്യവും മൂലം ഈ രംഗം വലിയ ഭീക ഷണിയെ നേരിടുന്നു. ഇതിന് പരിഹാരം കണ്ടെത്തണം.

അന്ധവിശ്വാസവും അനാചാരങ്ങളും കൊടികുത്തിയ ഒരു സമൂഹമായതിനാൽ സാംസ്കാരികരംഗത്ത് നല്ല രീതിയിലുള്ള ബോധവൽക്കരണം ആവശ്യമാണ്. കലാസാംസ്കാരികരംഗങ്ങളിൽ നിരവധി ചെറുപ്പക്കാരുണ്ട്. ഇവരെ വേണ്ടും വിധത്തിൽ സംഘടിപ്പിച്ച് പഞ്ചായത്തു തലത്തിൽ ഒരു വേദിക്ക് രൂപം കൊടുക്കാൻ കഴിയും. ഇവരുടെ വായനാശീലം വളർത്തുകയും കയ്യെഴുത്തു മാസിക ആരംഭിക്കുവാൻ പ്രോൽസാഹനം നല്കുകയും ചെയ്യുക. പട്ടികജാതി / വർഗ്ഗക്കാരുടെ ഭവനങ്ങളിലെ വിവാഹം പോലുള്ള ചടങ്ങുകളിൽ ഇതരജനവിഭാഗങ്ങൾ പങ്കെടുക്കാനും ഭക്ഷണം കഴിക്കാനുമുള്ള വിമുഖത കണ്ടുവരികയും ചെയ്യുന്നുണ്ട്. 'ജാതിപേര് വിളി നിലവിലുണ്ട്'. കരുമാല്ലൂർ പഞ്ചായത്തിനും ആലങ്ങാട് പഞ്ചായത്തിനും വേണ്ടി കോട്ടപ്പുറത്ത് ഒരു പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘമുണ്ട്. സ്വന്തമായ ഓഫീസ് കെട്ടിടവും കാലോചിതമായ പരിഷ്കാരവും ഉണ്ടായാൽ ഈ വിഭാഗത്തിന് വളരെ ഗുണകരമായി ഈ സംഘത്തെ ഉപയോഗിക്കാൻ കഴിയും. കൂടാതെ പരിമിതമായ അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് രൂപീകരിച്ചിട്ടുള്ള കരുമാല്ലൂർ പഞ്ചായത്ത് പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘവും വിവിധോദ്ദേശ്യസഹകരണസംഘവും പ്രവർത്തിക്കുന്നുണ്ട്.

വിവിധ ഡിപ്പാർട്ടുമെന്റുകൾ വഴി നിശ്ചയിക്കപ്പെടുന്ന ക്ഷേമപ്രവർത്തനങ്ങൾ യഥാസമയം ഇവർക്ക് ലഭ്യമാക്കുകയും പട്ടികജാതി / വർഗ്ഗക്ഷേമത്തിന് അനുവദിക്കുന്നതുക ഈ വിഭാഗത്തിന് വേണ്ടിമാത്രം ചിലവഴിക്കുമെന്ന് ഉറപ്പു വരുത്തുകയും ആനുകൂ

ല്യങ്ങളെയും അവകാശങ്ങളെയും കുറിച്ച് ബോധവല്കരിക്കാൻ സംവിധാനം ഉണ്ടാക്കുക യും വേണം.

പ്രശ്നങ്ങൾ

- ▲ പട്ടികജാതി / വർഗ്ഗക്കാരുടെ ദാരിദ്ര്യം.
- ▲ അഭ്യസ്തവിദ്യരായ യുവാക്കളുടെ തൊഴിലില്ലായ്മ.
- ▲ കാർഷികമേഖലയിലെ പിന്നോക്കാവസ്ഥ.
- ▲ പൊതു ശമശാനത്തിന്റെ അപര്യാപ്തത.
- ▲ SC/ST -വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനുള്ള തടസ്സവും കൊഴിഞ്ഞുപോക്കും.
- ▲ വീടുകളുടെ ശോചനീയാവസ്ഥ.
- ▲ കുടിവെള്ള ക്ഷാമം
- ▲ കോളനി റോഡുകളുടെ ശോചനീയാവസ്ഥ.
- ▲ പരമ്പരാഗത തൊഴിലുകൾക്കാവശ്യമായ അസംസ്കൃവസ്തുക്കളുടെ വിലവർദ്ധ നവും ലഭ്യതകുറവും.
- ▲ പൊതു മേഖലയിലും സ്വകാര്യമേഖലയിലും ജോലി ചെയ്യുന്നവരുടെ എണ്ണം വളരെകുറവ്.
- ▲ സാസ്കാരിക – സാമൂഹ്യരംഗത്ത് പിന്നോക്കാവസ്ഥ.

സാദ്ധ്യതകൾ

1. ദാരിദ്ര്യനിർമ്മാർജ്ജനത്തിന് ഉതകുന്ന പദ്ധതികൾ നടപ്പിലാക്കുക.
2. പഞ്ചായത്ത് തലത്തിൽ പട്ടികജാതി / വർഗ്ഗസഹകരണസംഘങ്ങൾ സ്ഥാപി ക്കുകയോ, നിലവിലുള്ളവ വികസിപ്പിക്കുകയോ ചെയ്ത് സ്വയം തൊഴിൽ സം രംഭങ്ങളും പരമ്പാരഗതതൊഴിലുകളും പ്രോൽസാഹിപ്പിക്കുക.
3. നിലവിലുള്ള പൊതുശ്മശാനം ആധുനീകരിക്കുകയും 6 മുതൽ 12 വരെയുള്ള വാർഡു കൾക്ക് ഒരു ശ്മാശാനം നിർമ്മിക്കുകയും ചെയ്യുക.
4. ഉപരിപഠനത്തിന് സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും ചിലവ് പൂർണ്ണമായും സർക്കാർ വഹിക്കുകയും വേണം.
5. എല്ലാ തലത്തിലും പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേകം കോച്ചിങ്ങ് സംമ്പ്രദായം ഏർപ്പെടുത്തുകയും കൊഴിഞ്ഞുപോക്ക് തടയാൻ നടപടി ഉണ്ടാക്കുകയും വേണം.
6. കോളനികളിലെ കിണറുകളിൽ കാലകാലങ്ങളിൽ അറ്റക്കുറ്റപണികൾ നടത്തുകയും ശുദ്ധജലം എത്തിക്കാൻ പൊതു ടാപ്പുകൾ സ്ഥാപിക്കുകയും ചെയ്യുക.

7. വീടുകളുടെ അറ്റക്കുറ്റപണികൾക്ക് ധനസഹായം നൽക്കുക.

8. കോളനികളിലേ വെള്ളകെട്ടും പരിസരമലിനീകരണവും തടയാൻ പദ്ധതി ആവിഷ്ക്കരിക്കുകയും പൊതുജനാരോഗ്യത്തേയും പരിസരശുദ്ധീകരണത്തെയും കുറിച്ച് ബോധവൽക്കരിക്കാൻ പ്രഥമികാരോഗ്യകേന്ദ്രത്തിന്റെ സേവനവും സന്ദർശനവും ഉറപ്പാക്കുക.

9. സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യമേഖല എന്നിവടങ്ങളിൽ ഉദ്യോഗത്തിന് കർശനമായി സംവരണതത്വം പാലിക്കുക.

10.മദ്യപാനം, അജ്ഞത, അന്ധവിശ്വാസം ഇവയ്ക്കെതിരെ ബോധവൽക്കരണം നടത്തുക.

11. പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ മുൻകുട്ടി അവയൊന്നു ഫലപ്രദമായും, അർഹതപ്പെട്ടവർക്ക് നൽകാനും കഴിയുന്ന തരത്തിൽ ഒരു വികസന ആഫീസ് പഞ്ചായത്തുതലത്തിൽ ആരംഭിക്കുക.

12. പട്ടികജാതി- വർഗ്ഗ സഹകരണസംഘവും നിലവിലുള്ള വർഗ്ഗക്കാർക്കായുള്ള നിർമ്മാണയൂണിററുകൾ വിപുലീകരിക്കാനും വിപണി കണ്ടെത്താനും അതുവഴി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കുക

13. ഹരിജൻ കോളനി സമ്പ്രദായം മാററി അവരെ മറ്റ് ആളുകൾ അധിവസിക്കുന്ന സ്ഥലത്ത് ഇടകലർത്തി താമസിപ്പിച്ചാൽ ഉയർന്ന സംസ്കാരം ഉടലെടുക്കാൻ സഹായിക്കും കൂടാതെ എല്ലാവികസന പ്രശ്നങ്ങളിലും അതതുവാർഡിലെ പട്ടികജാതി-വർഗ്ഗക്കാരെ ഭാഗവാക്കുക.

14. പട്ടികജാതി - വർഗ്ഗക്കാരുടെ കുട്ടികൾക്ക് നിലവിലുള്ള സ്വകാര്യ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ (നേഴ്സറിസ്കൂൾ ഉൾപ്പെടെ) സൗജന്യ പ്രവേശനവും സൗജന്യപഠനസൗകര്യങ്ങളും നല്കുക.

വിഭവ സമാഹരണം.



12 വാർഡുകളിലായി 21.5 ചതുരശ്ര കി.മീറ്റർ പ്രദേശത്ത് വ്യാപിച്ചു കിടക്കുന്ന ചിത്രശലഭത്തിന്റെ ആകൃതിയിലുള്ള ഒരു ഗ്രാമ പഞ്ചായത്താണ് കരുമാലൂർ. 30,000 ത്തോളം ജനങ്ങൾ അധിവസിക്കുന്ന ഈ പഞ്ചായത്തിൽ പുരുഷന്മാരേക്കാൾ ഏറെ സ്ത്രീകളാണ്. കാർഷിക പ്രധാനമായ പഞ്ചായത്താണെങ്കിലും കൃഷി ഭൂമിയുടെ തോത് കുറഞ്ഞു കൊണ്ടിരിക്കുന്നു. എന്നാൽ വ്യവസായ വികസനം ഉണ്ടാകുന്നുമില്ല. വ്യവസായ മേഖലയായ കളമശ്ശേരി, ആലുവ പ്രദേശത്തോട് തൊട്ടു കിടക്കുകയാണെങ്കിലും അതിന്റെ അലയൊലികൾ ഈ പഞ്ചായത്തിൽ എത്തി നോക്കിയിട്ടില്ല. 5 മുതൽ 12 വരെയുള്ള വാർഡുകൾ തികച്ചും ഗ്രാമീണമായ കാർഷിക മേഖല തന്നെയാണ്.

സ്പെഷൽ ഗ്രേഡ് എന്നു പേരു മാത്രമുള്ള ഈ ഗ്രാമ പഞ്ചായത്തിന്റെ വരുമാന മാർഗ്ഗങ്ങളിലേക്ക് ഒന്നു ചികഞ്ഞു നോക്കാം. പ്രധാനമായ വരുമാനങ്ങൾ, കെട്ടിട നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ്, ലേലത്തിൽ നിന്നുള്ള വരവ്, സർക്കാരിൽ നിന്നും കിട്ടുന്ന വിവിധയിനം ഗ്രാന്റുകൾ, ഡ്യൂട്ടി, ഉപാധിരഹിത ഫണ്ട്, ജെ.ആർ.വൈ. വിഹിതം എന്നിവയാണ്.

കഴിഞ്ഞ പത്തു വർഷത്തിനിടയിൽ വരവിനത്തിൽ ഏതാണ്ട് നാലിരട്ടി വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ചിലവിനത്തിലും ഏതാണ്ട് അത്രയും തന്നെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിനോദ നികുതിയിനത്തിൽ നേരത്തെ ഉണ്ടായിരുന്ന വരുമാനം സിനിമാ തീയ്യറ്റർ പൊളിച്ചു പോയതോടെ നഷ്ടമായിരിക്കുകയാണ്. പ്രധാന വരുമാന മാർഗ്ഗം കെട്ടിട നികുതിയും, തൊഴിൽ നികുതിയും, മണൽ ലേലത്തിൽ നിന്നുള്ള വരവും ആണ്.

പഴയ കെട്ടിടങ്ങള്ക്ക് ചുമത്തിയ നികുതി കാലാനുസൃതമായി വർദ്ധനവ് വരുത്തുവാൻ കഴിയാതെ പോകുന്നത് നികുതി ചോർച്ചക്ക് ഇട വരുത്തുന്നു. നിലവിലുള്ള വ്യവസായ സ്ഥാപനങ്ങളിൽ നിന്നു തന്നെ വരുമാനത്തിനനുസരിച്ച് തൊഴിൽ നികുതി ലഭിക്കാത്ത അവസ്ഥയുമുണ്ട്.

പഞ്ചായത്തിൽ ബാങ്ക് ഓഫ് ഇൻഡ്യ, യൂണിയൻ ബാങ്ക് എന്നീ രണ്ടു വാണിജ്യ ബാങ്കുകളുടെ ശാഖകളും, കരുമാലൂർ, വെളിയത്തു നാട്, മാഞ്ഞാലി എന്നിവിടങ്ങളിൽ സർവ്വീസ് സഹകരണ ബാങ്കുകളും പ്രവർത്തിക്കുന്നു. കൂടാതെ ആലുവ (യൂ.സി. കോളേജ്), കരുമാലൂർ, മനയ്ക്കപടി, മാഞ്ഞാലി എന്നിവിടങ്ങളിൽ ക്ഷീരവ്യവസായ സഹകരണ സംഘങ്ങളും; കരുമാലൂർ വില്ലേജ് പട്ടികജാതി പട്ടിക വർഗ്ഗ സഹകരണ സംഘം, കരുമാലൂർ പഞ്ചായത്ത് പട്ടിക വർഗ്ഗ സഹകരണ സംഘം എന്നീ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു.

95-96-ൽ പഞ്ചായത്തിനുണ്ടായ വരുമാന മാർഗ്ഗങ്ങളും, ചിലവുകളും ചുവടെ ചേർക്കുന്നു.

1995-96ലെ വരവു ചിലവു കണക്കുകൾ.

വരവിനം		ചിലവിനം	
1. കെട്ടിട നികുതി	2,99,513.00	ഭരണ ചെലവ്	5,16,034.50
2 തൊഴിൽ നികുതി	1,13,225.00	പൊതുമരാമത്ത്	2,90,316.00
3. ലൈസൻസ് ഫീസ്	19,740.00	ഉപാധിരഹിത ഫണ്ട്.	5,04,000.00
4. ലേലം	1,43,574.00	ജെ.ആർ.വൈ	4,83,704.00
5. ഗ്രാന്റുകൾ			
സ്പെഷൽ ഗ്രാന്റ്	50,000.00	വിദ്യാഭ്യാസം	18,994.00
വി.ടി.സി.	2,53,597.00	പൊതുജനാരോഗ്യം,ജലസേചനം	66,713.00
വി.ആർ.എം.	25,638.00	വഴിവിളക്ക്	1,43,894.00
എം.ഐ.	500.00	മറ്റിനം	1,59,678.00
അടിസ്ഥാന നികുതികൾ			21,83,333.00
(75%, 25%)	4,45,163.00		
	41,412.00		
ഉപാധിരഹിത ഫണ്ട്.	3,78,900.00		
ലൈബ്രറി സെസ്സ്	15,122.00		
ജെ.ആർ.വൈ.	3,47,200.00		
മറ്റു വരവുകൾ	15,10,77500		
	36,44,359.00		
മിച്ചം:	36,44,359.00 -		
	21,83,333.		
	14,61,026.00		

മിച്ച ഫണ്ട് 120 ട്യൂബ് ലൈറ്റുകളും, 120 പൊതു ടാപ്പുകളും 9 പൊതു മരാമത്ത് ജോലികൾക്കുമായി നീക്കി വെച്ചിട്ടുള്ളതാണ്.

കരുമാലൂർ ഗ്രാമ പഞ്ചായത്ത്

പഞ്ചായത്ത് രാജ് നിയമ പ്രകാരം മറ്റ് വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ.

വകുപ്പ്.	പദ്ധതി വിഹിതം.	പദ്ധതിയേതര വിഹിതം	ആകെ.
മൃഗ സംരക്ഷണം.	3280.00	-	3,280.00
ആരോഗ്യം	93,537.00	-	93,537.00
കൃഷി	2,26,830.00	-	2.26.830.00
പി.ഡബ്ലി.ഡി.			
ഗിരിജന ക്ഷേമം	20,000.00	-	20,000.00
ഹരിജന ക്ഷേമം	30,500.00		30,500.00
മറ്റുള്ളവ	17,619.00		17,619.00
ആകെ	3,91,766,00		3,91,766.00

ഏകദേശം 340ഓളം വ്യവസായ, വ്യാപാര, ചെറുകിട സ്ഥാപനങ്ങളും, കടകളും പ്രവർത്തിക്കുന്നുണ്ട്. എന്നിരുന്നാലും പഞ്ചായത്തിന്റെ വടക്കേ അതിർത്തിയിൽ മുഴുവൻ വ്യാപിച്ചു കിടക്കുന്ന പെരിയാറിൽ നിന്നുള്ള മണൽ ലേലം ചെയ്ത് കൊടുക്കുന്നതിൽ നിന്നുള്ള വരുമാനം കൊണ്ടാണ് പഞ്ചായത്ത് ഒരു വിധത്തിൽ നടുനിവർത്തി നിൽക്കുന്നത്. മണൽ ലേലം നിർത്തിയാൽ പഞ്ചായത്തിന്റെ വരുമാനം കുറഞ്ഞേക്കും.

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ തളർത്തുന്ന മുഖ്യ ഘടകം സാമ്പത്തിക പരാധീനതകൾ തന്നെ. സർക്കാരിൽ നിന്നും പദ്ധതി വിഹിതം വർദ്ധിപ്പിച്ചു നൽകുകയും, സ്ഥായിയായ വരുമാന മാർഗ്ഗങ്ങൾ ലഭിക്കുകയും, നികുതി പിരിവ് വഴി വിഭവ സമാഹരണം വിപുലമാക്കുകയും വേണം.

പഞ്ചായത്തിന്റെ ഫണ്ടു കൊണ്ടു നിർമ്മിച്ചിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ (യു. സി. കോളേജിനു സമീപമുള്ള 3 പീടിക മുറികൾ) നിന്നുള്ളിൽ വരുമാനം ഒരു മുതൽ കൂട്ടാണ്. ഇതുപോലെ സ്വയം വിഭവം രൂപീകരിക്കുവാൻ കഴിയുന്ന പദ്ധതികൾ ഇനിയും ആസൂത്രണം ചെയ്യേണ്ടതാണ്. പഞ്ചായത്ത് അധീനതയിലുള്ള പഴയ പഞ്ചാ യത്ത് ഓഫീസ് കോമ്പൗണ്ട്, കരുമാലൂർ വില്ലേജ് ഓഫീസ് ഇരിക്കുന്ന പഞ്ചായത്ത് വക സ്ഥലം എന്നിവ ഇതിനായി പ്രയോജനപ്പെടുത്താം.

നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി ഘടന പുതുക്കി പുനർനിർണ്ണയം നടത്തി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. വ്യാപാര വ്യവസായ സ്ഥാപനങ്ങളിലെ വിറ്റുവരവനുസരിച്ച് നികുതിയും ലൈസൻസ് ഫീസും പുതുക്കി നിർണ്ണയിക്കേണ്ടതാണ്.

ഗൾഫ് മേഖലയിൽ നിന്നും വരുന്ന പണവും, മറ്റു മാർഗ്ഗങ്ങളിൽ ഉപയോഗിക്കാതെ കിടക്കുന്ന പണവും ദേശീയ സമ്പാദ്യ പദ്ധതി, ഇന്ദിര വികാസ് പത്രിക മുതലായവയിൽ നിക്ഷേപിക്കുവാൻ ബോധവൽക്കരണം നടത്തണം. അപ്രകാരം നടത്തുന്ന നിക്ഷേപത്തിൽ നിന്നും ഒരു വിഹിതം പഞ്ചായത്തിന്റെ വികസനത്തിന് ലഭ്യമാകും.

ലൈസൻസ് എടുക്കാതെ അനധികൃതമായും നടത്തുന്ന വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി എടുക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ പൊതുപ്രവർത്തകർക്കും, ജനപ്രതിനിധികൾക്കും സഹായിക്കാൻ ബാദ്ധ്യതയുണ്ട്. മത്സ്യം, മാംസം, പച്ചക്കറി എന്നിവ വഴിയോരങ്ങളിലിട്ട് കച്ചവടം നടത്തുന്നത് അവസാനിപ്പിക്കുകയും, ചന്തകൾ സ്ഥാപിക്കുകയും ചെയ്താൽ അവയിൽ നിന്നും നല്ല ഒരു വരുമാനം പ്രതീക്ഷിക്കാം. പൊതുജന ആരോഗ്യപ്രശ്നവും ഒഴിവാകും.

കൃഷിഭൂമിയിൽ പൂർണ്ണമായും കൃഷിചെയ്യാൻ പ്രേരിപ്പിക്കുകയും, അടുക്കള തോട്ടം പ്രോത്സാഹിപ്പിച്ചും, കാർഷിക വിഭവങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിച്ച് ഭക്ഷ്യകാര്യങ്ങളിൽ കുറെയൊക്കെ സ്വയംപര്യാപ്തത നേടുവാൻ കഴിയണം.

നിലവിലുള്ള രണ്ട് കമേർഷ്യൽ ബാങ്കുകൾ സംഭരിക്കുന്ന നിക്ഷേപങ്ങളുടെ 30% മാത്രമേ വായ്പ നൽകുന്നുള്ളു. പ്രാദേശികമായി അത്രപോലും ചെയ്യുന്നില്ല. വായ്പാതോത് വർദ്ധിപ്പിക്കുകയും, സേവനം എളുപ്പം ലഭിക്കുകയും ചെയ്യണം.

മൂന്ന് സർവ്വീസ് സഹകരണ ബാങ്കുകളിലെ നിക്ഷേപം ഇവിടെതന്നെ വായ്പയായി നൽകുന്നുണ്ട്. അടിസ്ഥാന നികുതി. വെഹിക്കൾ കോമ്പൻസേഷൻ വി.ആർ.എച്ച്. സ്പെഷ്യൽ ഗ്രാൻഡ് എന്നിവയുടെ തോത് വർദ്ധിപ്പിക്കുകയും അത് യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടി സർക്കാർ തലത്തിൽ സ്വീകരിക്കണം. കൂടാതെ പദ്ധതി വിഹിതമായി വിവധ ഡിപ്പാർട്ടുമെന്റിൽ നിന്നും ലഭിക്കേണ്ട തുകകൾ കാലവിളംബം കൂടാതെ കിട്ടാനുള്ള നടപടിയും വേണം.

നമുക്കാവശ്യമായ വിഭവങ്ങൾ പരമാവധി ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്. വെറും ഇഷ്ടികയും, മെറ്റലും, സിമന്റ് ഇഷ്ടികയും കൊണ്ട് നമുക്ക് തൃപ്തിപ്പെട്ടുകൂടെ.അഭ്യസ്ഥവിദ്യരും അല്ലാത്തവരുമായ നല്ലൊരു മനുഷ്യവിഭവശേഷി നമ്മുടെ പഞ്ചായത്തിനുണ്ട്. അത് നമുക്ക് പരമാവധി ഉപയോഗപ്പെടുത്തണം

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ പ്രശ്നങ്ങൾക്കനുസൃതമായ പരിഗണന സർക്കാർ ഭാഗത്തുനിന്ന് ലഭിക്കുന്നില്ല.
2. സ്ഥിരമായ വരുമാനം ലഭിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സ്, സിനിമാതിയേറ്റർ, കമ്മ്യൂണിറ്റി ഹാൾ മാർക്കറ്റ് തുടങ്ങിയ സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിനില്ല.
3. മണ്ണ് എടുത്തു മാറ്റുന്നവരിൽ നിന്ന് പ്രത്യേകഫീസ് ഈടാക്കുന്നില്ല.
4. എല്ലാ വ്യാപാരവ്യവസായിസ്ഥാപനങ്ങളും രജിസ്റ്റർ ചെയ്ത് ലൈസൻസ് ഫീസ്, തൊഴിൽകരം എന്നിവ കൃത്യമായി നൽകുന്നില്ല.
5. അടിയന്തിര ഘട്ടങ്ങളിൽ ചിലവ് ചെയ്യുന്നതിന് പഞ്ചായത്തിന് പ്രത്യേക ഫണ്ടില്ല.
6. എല്ലാ വാർഡുകളിലേയും എല്ലാ കെട്ടിടങ്ങൾക്കും ഏകീകൃത മാനദണ്ഡത്തിൽ നികുതി ചുമത്തുന്നു. എന്നാൽ കെട്ടിടത്തിന്റെ വ്യതിയാനങ്ങൾക്നുസരിച്ച് നികുതി പുനർ നിർണ്ണയിക്കുന്നില്ല.
7. മനുഷ്യവിഭവശേഷി പരമാവധി ഉപയോഗിക്കുന്നില്ല.
8. പഞ്ചായത്തിനു ലഭിക്കേണ്ട ഗ്രാന്റുകൾ, ഡ്യൂട്ടികൾ, പദ്ധതിവിഹിതം എന്നിവ യഥാസമയം ലഭിക്കുന്നില്ല.

പരിഹാരം

1. പഞ്ചായത്തിന്റെ പൊതുസ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ്, പൊതുമാർക്കറ്റ്, കമ്മ്യൂണിറ്റി ഹാൾ എന്നിവ നിർമ്മിച്ച് വാടകയ്ക്കു നല്കണം.
3. ഭൂമിയിൽ നിന്ന് മണ്ണ് എടുത്തുമാറ്റുന്നവരിൽ നിന്നും നിശ്ചിത ഫീസ് ഈടാക്കണം. ഇങ്ങനെയുള്ളരെ കണ്ടെത്തുന്നതിന് പൊതുപ്രവർത്തകരും, ജനപ്രതിനിധികളും സഹകരിക്കുക.
4. എല്ലാ വ്യാപാരവ്യവസായ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽക്കരവും ഈടാക്കണം.
5. കാരുചിറ, അടുക്കളച്ചിറ എന്നീ കുളങ്ങൾ മത്സ്യംവളർത്തുന്നിനോ, ജലസേചനത്തിനോ ഉപയോഗിക്കണം.
6. പ്രസിഡണ്ടിന്റെ പേരിൽ അടിയന്തിരഘട്ടങ്ങളിൽ ചിലവഴിക്കാൻ ഒരു ഫണ്ട് ശേഖരിക്കണം
7. നികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിച്ച്, കെട്ടിടം പുതുക്കുമ്പോഴും, കൂട്ടിച്ചേർക്കുമ്പോഴും നികുതി പുതുക്കണം.
8. നികുതി ഘടന സുതാര്യമാക്കണം.
9. പൊതുസ്ഥലങ്ങളിൽ മാർക്കറ്റ് സ്ഥാപിക്കുക
9. പൊതുഫണ്ട് നേരിട്ടു ലഭിക്കുന്ന ഗുണത്തിന് ആനുപാതികമായി നികുതി ഘടന പുനരാവിഷ്കരിക്കണം.

വിഭവങ്ങൾ

ജനങ്ങളും തൊഴിലും

30000ൽ പരം ജനങ്ങളുള്ള നമ്മുടെ ഗ്രാമത്തിൽ പകുതിയലധികം സ്ത്രീകളാണ്. കാർഷികമേഖലയാണെങ്കിലും വൻകിട കൃഷിക്കാർ ആരുമില്ല. പരിമിതകർഷകരും നാമ മാത്രകർഷകരും കർഷകത്തൊഴിലാളികളും ആണ് ഈ രംഗത്തുള്ളത്. വ്യവസായ മേഖല യിൽ വളരെകുറച്ചു പേർ മാത്രം ജോലി ചെയ്യുന്നു. ചെറിയൊരു വിഭാഗം കാലിവളർത്ത ലിൽ ഏർപ്പെട്ടിരിക്കുന്നു. ഇത് ഒരു പൂർണ്ണസമയ തൊഴിലായി കാണാൻ പറ്റുകയില്ല. വിദ്യാ ഭ്യാസനിലവാരം ഉയർന്നാണെങ്കിലും അതനുസരിച്ച് സർക്കാർ മേഖലയിൽ പ്രാതിനിധ്യം ലഭിച്ചു കാണുന്നില്ല. സീസണൽ വ്യവസായമായ ഇഷ്ടികനിർമ്മാണത്തിൽ പ്രവർത്തി ക്കുന്ന തൊഴിലാളികളുടെ എണ്ണം രണ്ടായിരത്തോളം വരും. ഭൂരിപക്ഷവും സ്ത്രീതൊഴി ലാളികളാണ്. ധാരാളം കുട്ടികളും ഈ മേഖലയിൽ ജോലി ചെയ്യുന്നു. മൺപാത്രവ്യവ സായ മേഖലയിൽ കുറേപ്പേർ ജോലി ചെയ്യുന്നുണ്ട്. അവർക്കുവേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുത്താൽ നല്ല വരുമാനം ഉണ്ടാക്കാൻ ഈ മേഖല പ്രയോജനപ്പെടും. നിർമ്മാണപ്രവർത്തനങ്ങളിൽ സഹായികളായ ഭൂരിപക്ഷവും സ്ത്രീതൊഴിലാളികളാണ്. തൊഴിലില്ലാത്തവരും അഭ്യസ്തവിദ്യരുമായ ധാരാളം ചെറുപ്പക്കാർ ഇവിടെയുണ്ട്. നമ്മുടെ ഏറ്റവും പ്രധാനവിഭവവും ആ മനുഷ്യശേഷി തന്നെയാണ്. ഗൾഫ് പണത്തിന്റെ സ്വാധീനം ഗ്രാമത്തിൽ വളരെ ദോഷഫലങ്ങൾ ഉണ്ടാക്കുന്നതായി കാണുന്നില്ല. ചെറുതെങ്കിലും ആ മേഖലയിലെ വരുമാനം പ്രത്യുൽപാദനപരമായി തിരിച്ചു വിടേണ്ടതാണ്.

ജലവിഭവങ്ങൾ

ഗ്രാമത്തിന് ജീവജലം നല്കുന്നത് 8 കി. മീ നീളത്തിൽ വടക്കേ അതിരിലൂടെ ഒഴുകുന്ന പെരിയാറാണ്. വിശാലമായ ഏതാനും കുളങ്ങളും പല വീടുകളിലും കിണറുകളും ഉണ്ട്. എങ്കിലും വേനൽകാലത്ത് ശക്തമായ ജലദൗർലഭ്യം അനുഭവപ്പെടുന്നു. കുടിവെള്ളത്തിന് ഇക്കാലത്ത് PHED യെ ആശ്രയിക്കേണ്ടിവരുന്നു. അതുപോലും അവശ്യത്തിനു മതിയാകുന്നില്ല. അശാസ്ത്രീയമായ കുഴൽക്കിണറുകൾ പലപ്പോഴും ജലക്ഷാമം സൃഷ്ടിക്കുന്നു. (ഒരു പുരയിടത്തിലെ കുഴൽക്കിണർ അടുത്തപുരയിടത്തിലെ ജലവിതാനത്തെ ബാധിക്കുന്നു.) മനക്കടി, തട്ടാമ്പടി, മാഞ്ഞാലി ഭാഗത്ത് പത്തോളം മീറ്റർ താഴ്ത്തിയാലേ വെള്ളം ലഭിക്കുന്നുള്ളു. കോട്ടപ്പുറം ഭാഗത്ത് രണ്ടു മീറ്റർ താഴ്ത്തിയാൽ വെള്ളം കിട്ടുന്നുണ്ട്.

കാലവർഷവും തുലാവർഷവും നമ്മുടെ ജലസ്രോതസ്സുകളെ സമ്പുഷ്ടമാക്കുന്നു. ലഭ്യമാകുന്ന ജലത്തിന്റെ 70% കാലവർഷത്തിൽ നിന്നാണ്. മിക്കവാറും കുത്തി ഒഴുകുന്ന

ജലം പാഴായിപോകുന്നു. മഴക്കാലത്ത് രൂക്ഷമായ വെള്ളക്കെട്ട് അനുഭവപ്പെടുന്നു. വൃക്ഷ ലതാതികളുടെ നാശത്തിന് ഇത് കാരണമാകുന്നു. ജൂൺപകുതി മുതൽ ആഗസ്റ്റ് അവ സാനം വരെ കാലവർഷം ലഭിക്കുന്നു. സെപ്റ്റംബർ ഒക്ടോബർ മാസങ്ങളിൽ തുലാ വർഷവും. നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിൽ മഞ്ഞുകാലവും ഫെബ്രുവരി മാർച്ച് ഏപ്രിൽ മെയ് മാസങ്ങളിൽ വേനൽക്കാലവും അനുഭവപ്പെടുന്നു. ഇക്കാലത്ത് ജല ക്ഷാമം അതിരൂക്ഷമാണ്.

പരിസ്ഥിതി.

പഞ്ചായത്തിൽ പരിസ്ഥിതി പ്രശ്നങ്ങൾ വളരെ രൂഷമായി അനുഭവപ്പെടുന്നില്ല. തോൽ വ്യവസായം, കറിപൗഡർ നിർമ്മാണം എന്നിവ ചെറിയ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ഇഷ്ടികനീർമ്മാണത്തിന് മണ്ണെടുക്കുന്നതും പ്രശ്നമാണ്. പെരിയാറിലെ അനിയന്ത്രിത മായ മണൽ വാരലും പ്രശ്നം തന്നെ. പഞ്ചായത്തിന്റെ മുഖ്യ വരുമാന സ്രോതസ്സ് ഈ മണൽ വാരലാണ് എന്ന കാര്യം ഖേദകരമാണ്.

കൃഷി.

നെല്ല്, തെങ്ങ്,വാഴ, പച്ചക്കറി എന്നിവയാണ് പ്രധാന കൃഷികൾ. ചില സ്ഥലങ്ങ ളിൽ റബ്ബറും കാണപ്പെടുന്നു. സെറിൽമെന്റ് സ്കൂൾ പരിസരത്ത് പൈനാപ്പിൾ കൃഷി യും ചെയ്യുന്നുണ്ട്. ലഭ്യമായ കൃഷിഭൂമി പൂർണ്ണമായി തന്നെ പ്രയോജനപ്പെടുത്തുന്നുണ്ട്. നെൽകൃഷി ഒന്നുരണ്ട് വിളവെടുപ്പ് നടത്തുന്നുണ്ട്. വേനൽക്കാലത്ത് ജലസേചനസൗക ര്യം ലഭ്യമാക്കിയാൽ കൂടുതൽ ഉൽപാദനം കൈവരിക്കാം. കൃഷിയിടങ്ങൾ കന്നുകാലിമേ ക്കാനും പ്രയോജനപെടുത്തുന്നുണ്ട്. കൃഷിഭൂമി നികത്തി മറ്റ് ആവശ്യങ്ങൾക്ക് ഉപയോ ഗിക്കുന്ന പ്രവണത കൂടിവരുന്നു. തെങ്ങുകളിൽ ഭൂരിഭാഗവും രോഗബാധിതമാണ്. തന്മൂലം ഉൽപാദനം 10 വർഷം മുൻപുണ്ടായിരുന്നതിന്റെ 15-20 % മാത്രമാണ്.

മിക്ക പുരയിടങ്ങളിലും മാവ്, പ്ലാവ്, കശുമാവ്, പുളി എന്നിവ കാണപ്പെടുന്നു. കുരുമുളക് ജാതി എന്നിവയും ചെറിയ തോതിൽ കാണപ്പെടുന്നു. കൗങ്ങ് കൃഷിയും എടു ത്തുപറയത്തക്കതാണ്. മരച്ചീനിയും അവിടവിടെ കൃഷിചെയ്തു കാണുന്നുണ്ട്. മാട്ടുപുറം, മുറിയാക്കൻ, പുറമ്പിളളിക്കാവ്, കോട്ടപ്പുറത്തിന്റെ വടക്കുഭാഗം എന്നിവിടങ്ങളിൽ പച്ചക്ക റികൃഷി വ്യാപകമായി കാണുന്നുണ്ട്. ഇത് തിക്കച്ചു പ്രോത്സാഹനം അർഹിക്കുന്നു. കൂടു തൽ ശ്രദ്ധിച്ചാൽ നമ്മുക്ക് വേണ്ട പച്ചക്കറി ഇവിടെ തന്നെ ഉൽപാദിപ്പാക്കാൻ കഴിയും.


ജൈവ വൈവിധ്യം.

അപൂർവ്വ ഇനങ്ങലളിൽപ്പെട്ട ജന്തുവർഗ്ഗമോ സസ്യജാലമോ ഈ പ്രദേശത്തു കാണപ്പെടുന്നില്ല. എങ്കിലും നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ഔഷധസസ്യങ്ങൾ വളർത്താനും ശേഖരിക്കാനും ഒരു സഹകരണസംഘം പ്രവർത്തിക്കുന്നുണ്ട് എന്നത് ആശ്വാസകരമാണ്. അത്യുൽപാദന ശേഷിയുള്ള സങ്കരയിനം പശുക്കൾ ധാരാളം ഉണ്ട്. നല്ലയിനം എരുമകളും കുറഞ്ഞ തോതിൽ കണ്ടുവരുന്നു. നാടൻ പശുക്കൾ ഗണ്യമായ തോതിൽ കാണപ്പെടുന്നില്ല. സ്വാഭാവിക വനപ്രദേശം ഇല്ലാത്തതുകൊണ്ട് വൈവിധ്യമുള്ള ജീവജാലങ്ങൾ കുറവാണ്. വിഷമുള്ളതും ഇല്ലാത്തതുമായ പാമ്പുകൾ ധാരാളം കണ്ടുവരുന്നു.

മണ്ണ്

ഗ്രാമത്തിൽ മുഖ്യമായും മണൽ, മണ്ണ്, ചെമ്മണ്ണ്, കളിമണ്ണ്, എക്കൽ മണ്ണ്, വെട്ടുകൽ കലർന്ന മണ്ണ് എന്നിവ കാണപ്പെടുന്നു. കളിമൺപാത്ര വ്യവസായത്തിന് ആവശ്യമായ ഗുണമേന്മ ഏറിയ മണ്ണ് ഇവിടെ ധാരാളം ഉണ്ട്. വ്യവസായ സാദ്ധ്യതകൾ കണ്ടെത്തി അത് പ്രയോജനപ്പെടുത്തണം.

കരുമാല്ലൂർ ഭൂപ്രകൃതി



ഭൂപ്രകൃതി	ചരിവ് കുന്ന് ചരിവ് കുന്ന്	നിരപ്പ്	ചരിവ് കുന്ന്	ചരിവ്	കുന്ന്	ചരിവ്	സമതലം
മണ്ണിനം	വെട്ടുകല്ല്	പശമണ്ണ്	വെട്ടുകല്ല്	കളിമണ്ണ്	വെട്ടുകല്ല്	വെട്ടുകല്ല്	കളിമണ്ണ്, മണൽ
സസ്യാവരണം	തെങ്ങ്, കപ്പ, റബ്ബർ, പ്ലാവ്	തെങ്ങ്, നെല്ല്, പ്ലാവ്, വാഴ, മാവ്	തെങ്ങ്, റബ്ബർ പ്ലാവ്,	തെങ്ങ്, നെല്ല്, റബ്ബർ, കുരുമുളക്	തെങ്ങ്,മാവ് പ്ലാവ്,റബ്ബർ, കുരുമുളക്	തെങ്ങ് മാവ്	തെങ്ങ്, നെല്ല്, വാഴ, ജാതി, പച്ചക്കറി
ജലലഭ്യത	കുറവ്	കുറവ്	കുറവ്	സുലഭം	കുറവ്	ശരാശരി	സുലഭം
പരിസ്ഥിതി പ്രശ്നം	മണ്ണൊലിപ്പ്				കല്ലുവെട്ട് മണ്ണെടുപ്പ്		വെള്ളക്കെട്ട് നെൽപ്പാടം നികത്തുന്നു

കരുമാല്ലൂർ ഭൂപ്രകൃതി



ഭൂപ്രകൃതി	സമതലം	സമതലം	ചെറിയ ചെരിവ്	കുന്ന്	തീരസമതലം
മൺതരം	എക്കൽ, ചതുപ്പ്.	എക്കൽ, കളിമണ്ണ്. മണൽ	എക്കൽ, കളിമണ്ണ്	വെട്ടുകല്ല്	മണൽ, എക്കൽ
സസ്യാവരണം	തെങ്ങ് പച്ചക്കറി	തെങ്ങ് കപ്പ, മാവ്, പ്ലാവ്	തെങ്ങ് പച്ചക്കറി, കപ്പ	തെങ്ങ്, മാവ്, പ്ലാവ്.	തെങ്ങ്, പച്ചക്കറി
ജലലഭ്യത	സുലഭം	കുറവ്	ശരാശരി	കുറവ്.	സുലഭം
പരിസ്ഥിതി പ്രശ്നം	മണ്ണെടുപ്പ്	വെള്ളക്കെട്ട് ഉപ്പുവെള്ളം	ഉപ്പുവെള്ളം.	മണ്ണെടുപ്പ് ഉപ്പുവെള്ളം.	മണൽവാരൽ ഉപ്പുവെള്ളം

കരുമാല്ലൂർ ഗ്രാമപഞ്ചായത്ത് സാരഥികൾ

1.	ശ്രീ. V. M. കുഞ്ഞാലി മൈന	1962 വരെ
2.	ശ്രീ. P. M. മുഹമ്മദാലി	26.12.64 മുതൽ 3.8.1966
3.	ശ്രീ. V. D. കൃഷ്ണൻ നമ്പൂതിരിപ്പാട്	4.8.66 to 27.1.76
4.	ശ്രീ. A B. അബ്ദുല്ല	13.2.76 to 20.8.79

(20–8–79 to 27–9–79 വരെ സ്പെഷ്യൽ ഓഫീസർ)

5.	ശ്രീ. K. R. വിശ്വനാഥൻ നായർ	28.9.79 to 20.10.84

(20.10.84 മുതൽ 8.2.88 വരെ സ്പെഷ്യൽ ഓഫീസർ)

6.	ശ്രീ. V. K. ബദറുദ്ദീൻ	8.2.88 to 4.10.95
7.	ശ്രീ. E. C. ദേവൻ	4.10.95 മുതൽ


നന്ദി

ഈ റിപ്പോർട്ട് തയ്യാറാക്കാൻ സഹായിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു. കുറവുകൾ ധാരാളം ഉണ്ടെന്നറിയാം. അവ പരിഹരിക്കാൻ വേണ്ട ക്രിയാത്മക നിർദ്ദേശങ്ങളും മാർഗ്ഗ ദർശനവും നൽകണമെന്നും തുടർ പ്രവർത്തനങ്ങളിൽ സഹകരിക്കണമെന്നും അപേക്ഷിക്കുന്നു. ആവശ്യമായ രേഖകൾ നൽകുകയും പ്രതിഫലമില്ലാതെ സേവനം നടത്തുകയും ചെയ്ത ഒരുപറ്റം ആളുകളുടെ നല്ല മനസ്സിനു മുന്നിൽ നിരന്നുകുതിക്കുന്നു.

ജനകീയാസൂത്രണ സമിതി

കരുമാല്ലൂർ

അധികാരം ജനങ്ങളിലേക്ക്



★ അധികാര വികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം

★ 9-ാം പദ്ധതി ജനകീയ പദ്ധതി

★ 40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്

★ വികസനപ്രക്രിയ അഴിമതി രഹിതമാകുന്നു

★ ബഹുജന സഹകരണം അനിവാര്യം

കരുമാല്ലൂർ ഗ്രാമ പഞ്ചായത്ത്
ജനകീയ ആസൂത്രണ സമിതി

മൈത്രി ആലുവ-1 ഫോൺ-627930